508

H.S. 508

നോവൽ പ്രസ്ഥാനങ്ങൾ

എ. ബാലകൃഷ്ണപിള്ള.

H.S. 508



H.S. 508

നോവൽ പ്രസ്ഥാനങ്ങൾ



A. Balakrishna Pillai

രണ്ടാം പതിപ്പ്
കോപ്പി ആയിരം
മേയ് 1953
എറണാകുളം സ്കോളർ പ്രസ്സിൽ അച്ചടിച്ചത്

PUBLISHERS
SCHOLAR BOOKSTALL
ERNAKULAM

ഇന്നത്തെ പശ്ചാത്യ നോവലിന്റെ സ്വഭാവം

ഇന്നത്തെ മാനദണ്ഡങ്ങൾ അനുസരിച്ച് ഒരു ജനതയുടെ സാഹിത്യത്തിനു വളർച്ച വരണമെങ്കിൽ, അതിലെ പദ്യസാഹിത്യം മാത്രം വളർന്നിരുന്നാൽ പോരാ, അതിലെ ഗദ്യസാഹിത്യംകൂടി വളർന്നിരുന്നേ മതിയാവൂ. ഗദ്യവും കാവ്യവും തമ്മിലല്ല ഗദ്യവും പദ്യവും തമ്മിലാണ് വ്യത്യാസമുള്ളതു്. ഗദ്യത്തിൽ കാവ്യങ്ങൾ ഉണ്ടാകാം. അമേരിക്കയിലെ ഇന്നത്തെ ഒരു ഗദ്യകവിതയെഴുത്തുകാരി (Free- verse Writer) യായ ഏമി ലൊവലിന്റെ ഗദ്യകാവ്യങ്ങളെ സംബന്ധിച്ച് അവിടത്തെ കൊളംബിയ സർവ്വകലാശാലയിലെ മനശ്ശാസ്ത്രലാബെർട്ടറിയിൽവെച്ചു മനശ്ശാസ്ത്രജ്ഞന്മാർ നടത്തിയ ശാസ്ത്രീയപരീക്ഷണത്തിൽനിന്നു, നാം സാധാരണയായി കാവ്യരസാനുഭവം എന്നു ഗണിയ്ക്കാറുള്ള അനുഭവം പ്രത്യക്ഷത്തിൽ ഗദ്യത്തിൽ രചിച്ചിട്ടുള്ള കൃതികളിൽനിന്നും ഉണ്ടാകുന്നതാണെന്നു ശാസ്ത്രീയമായി കണ്ടുപിടിച്ചിട്ടുണ്ട്. ഗദ്യകാവ്യത്തിനും പദ്യകാവ്യത്തിനും തമ്മിലുള്ള വ്യത്യാസം ഒരു ഗദ്യകാവ്യത്തിൽ പ്രകടിതമാകുന്ന കവിയുടെ അനുഭവത്തിനു വികാരപരമായ താളം (Rhythm) മാത്രമെ ഉള്ളുവെന്നും, നേരേമറിച്ച് ഒരു പദ്യകാവ്യത്തിൽ കവിയുടെ അനുഭവത്തിന്റെ വികാരപരമായ താളത്തിനു പുറമെ, കവി ഉപയോഗിയ്ക്കുന്ന പദങ്ങൾക്കും താളം ഉണ്ടെന്നും ഉള്ളതാകുന്നു. ഒരു അനുഭവത്തിൽ അന്തർഭവിച്ചിട്ടുള്ള

ശക്തികളുടെ സമനിലയിൽനിന്നുളവാകുന്ന സ്വയം ചലനപര
വും, നിരന്തരവും, ആവർത്തനപരവുമായ ചലനമാണ്" താളം
എന്ന മിസ്സ് ഫോഗെർട്ടിയുടെ വാക്കുകളിൽ വിവരിയ്ക്കാം. ഒരു
വായനക്കാരന് കാവ്യരസം ആസ്വദിയ്ക്കുവാൻ വികാരപരമായ
താളത്തിനു പുറമേ, പദപരമായ താളവുംകൂടി വേണമെന്നു വ
രുന്നത്, അയാൾക്കു വികാരപരമായ താളംകൊണ്ടുമാത്രം കാവ്യ
രസം ആസ്വദിക്കുവാൻ കഴിയുന്ന മറ്റൊരു വായനക്കാരനെക്കാ
ൾ സംസ്കാരം കുഞ്ഞിരിക്കുന്നതുകൊണ്ടാണ്"

ഭാഷാസാഹിത്യത്തിന്റെ ശൈശവാവസ്ഥ

ഗദ്യസാഹിത്യത്തിന്റെ വളർച്ചയെ ആസ്പദിച്ചുള്ളമാ
നദണ്ഡങ്ങളെ വെച്ചുകൊണ്ടു നോക്കിയാൽ, മലയാള സാഹിത്യം
വളർച്ച പ്രാപിച്ചിട്ടില്ലെന്നു കാണാവുന്നതാണ്". വിശ്വസാഹി
ത്യത്തിൽ ഒരു സ്ഥാനത്തിനു അർഹതയുള്ള ഒരൊറ്റ സാക്ഷാൽ
നോവലോ, ഗദ്യ നാടകമോ, ചെറുകഥയോ, ഉപന്യാസമോ
ഭാഷയിൽ ഇന്നുവരെ ഉണ്ടായിട്ടുണ്ടോ, എന്നുള്ളതു സംശയമാ
ണ്. കേരളീയരിൽ ഭൂരിഭാഗത്തിനും ഒരു സാഹിത്യത്തിൽ ഗദ്യ
വകുപ്പിനുള്ള പ്രധാന്യം മനസ്സിലായിട്ടുണ്ടെന്നും തോന്നുന്നില്ല.
പദ്യകാവ്യകർത്താക്കന്മാരായ മഹാകവികളേയും മഹാകവി പ
ട്ടം കെട്ടാൻ ഒരുങ്ങിയിരിയ്ക്കുന്നവരേയും മാത്രം അവർ ദിവ്യരാ
യി പരിഗണിച്ചു പുഷ്പവൃഷ്ടിചെയ്തു പൂജിയ്ക്കുന്നതും, നല്ല ഗദ്യ
കവിതകളും എഴുതുന്ന അപൂർവ്വം ചിലരെ ശ്രേഷ്ഠരായ അധഃകൃ
തരെപ്പോലെ മാത്രം ഗണിച്ചു ലോകരെ ബോധ്യപ്പെടുത്തുവാൻ
വേണ്ടി അവരെ അവർ കഷ്ടിച്ചു" ഉപചരിയ്ക്കാറുള്ളതും ഗദ്യ
സാഹിത്യത്തോടുള്ള അവരുടെ നിലപാടു സൂക്ഷ്മമാകുന്നുണ്ട്". ഗദ്യസാ

ഹിത്യത്തിന്റെ പ്രധാന്യം കേരളീയർ നല്ലപോലെ മനസ്സി
ലാക്കി ഗദ്യസാഹിത്യകാരന്മാരെ പ്രത്യേകമായി പ്രോത്സാഹി
പ്പിയ്ക്കേണ്ടതു ഭാഷാസാഹിത്യത്തിന്റെ വളർച്ചയ്ക്ക് അത്യാവശ്യ
മായിത്തീർന്നിരിയ്ക്കുന്നു

ഭാഷാനോവലിന്റെ വളർച്ചയുള്ള ഒരു പ്രതിബന്ധം

ഗദ്യസാഹിത്യത്തിന്റെ പ്രാധാന്യത്തെപ്പറ്റിയുള്ള കേരളീയ
രുടെ അജ്ഞതയ്ക്കു പുറമേ, മറെറാരു പ്രതിബന്ധവും മലയാള
നോവലിന്റെ വളർച്ചക്കുണ്ട്. ഇതു മലയാള നോവലെഴുത്തു
കാരെ പ്രോത്സാഹിപ്പിയ്ക്കുവാൻ ശക്തിയുള്ള കേരള ഗവർമ്മേ
ണ്ടുകളുടേയും, തെന്നിന്ത്യയിലെ സർവ്വകലാശാലകളുടേയും
കേരളത്തിലേയും മദ്രാസിലേയും ടെക്സ്റ്റ്റ്റബുക്ക് കമ്മറ്റികള
ടേയും സാമുദായിക പരിവർത്തനത്തെസ്സംബന്ധിച്ചുള്ള യാഥാ
സ്ഥിതികത്വമാകുന്നു. ഇററലിയിലെ ഫഷിസ്റ്റ് ഗവർമ്മേണ്ടി
ന്റെ എതിർപക്ഷത്തിലുള്ള ഒരു ഇററാലിയൻ നോവലെഴുത്തു
കാരനായ ഇഗ്നാസിയോ സിലോൺ (Silone) ഇന്നത്തെ ഇ
ററാലിയൻ നോവലിനെ വന്നിട്ടുള്ള അധഃപതനത്തെസ്സംബന്ധി
ച്ചു ചൂണ്ടിക്കാണിച്ചിട്ടുള്ള ചില സംഗതികളും ഇവിടെ ഏറ
വും സംഗതമാണ്. ഇന്നത്തെ ഇററലിയിലെ പൊതുജനങ്ങളും ഇ
ററലിക്കാർ രചിച്ച നോവലുകളെ വായിയ്ക്കാറില്ലെന്നും, അവയ്ക്കു
പകരം വിദേശ രാജ്യങ്ങളിലെ, പ്രത്യേകിച്ചു, ബോൾഷെവിക്
വിപ്ലവത്തിനുമുമ്പുള്ള റഷ്യയിലെ, നോവലുകളാണ് അവർ
വായിയ്ക്കാറുള്ളതെന്നും, വിദേശനോവലുകളിലുള്ള താല്പര്യം കുറ
യ്ക്കുവാനായി മുസ്സോളിനിയുടെ ഗവർമ്മേണ്ട് ഇററലിയിലെ
പുസ്തകക്കച്ചവടക്കാരോടു വിദേശനോവലുകളെ വിലകൂട്ടി വി

ല്ലുവാൻ കല്പിച്ചിരുന്നിട്ടും പഴയ സ്ഥിതിയിൽ ഒരു മാറ്റവും വന്നിട്ടില്ലെന്നുള്ള സംഗതികളും ചൂണ്ടിക്കാണിച്ചതിനുശേഷം, സിഥോർ സിലോൺ ഈ സ്ഥിതിയിലുള്ള കാരണം ആരായുന്നു. സുപ്രസിദ്ധനായ ഡാനൻസിയോയുടെ നോവലുകളെപ്പോലെയുള്ളതും, ഇറാലിക്കാരുടെ കൂടെപ്പിറവിയായ പൊള്ള വാഗ്മിത്വം നിറഞ്ഞതും സങ്കല്പലോകത്തിലോ, ഭൂതകാലചരിത്രലോകത്തിലോ മാത്രം വിഹരിയ്ക്കുന്നതുമായ നോവലുകളും മാത്രമേ ഏറിയകൂറും ഇറാലിക്കാരായ ഗ്രന്ഥകാരന്മാർ എഴുതിവരുന്നുള്ള എന്നും, ഇതു നിമിത്തവും സമകാലീനസമുദായത്തെ ചിത്രീകരിയ്ക്കുന്ന സാക്ഷാൽ നോവലുകളുടെ അഭാവംകൊണ്ടുമാണ് ഇറാലിയിലെ പൊതുജനങ്ങളും തങ്ങളുടെ നാട്ടുകാർ രചിയ്ക്കുന്ന നോവലുകളും വായിയ്ക്കാതെയിരിയ്ക്കുന്നതെന്നും, സാമുദായിക നോവലുകളും രചിയ്ക്കുന്നവർക്കു ഇന്നത്തെ ഇറാലിയിലെ സമുദായ സ്ഥിതിയെപ്പറ്റി പ്രതികൂലമായി വിമർശിയ്ക്കാതെ ഗത്യന്തരമില്ലെന്നും, ഇങ്ങനെ ചെയ്യുന്നവരുടെ അനുഭവം കാരാഗൃഹവാസമായിരിക്കുമെന്നും ഇറാലിയിലെ ചില യുവജനസംഘടനകളുടെ പ്രസിദ്ധീകരണങ്ങളിൽ കാണാവുള്ള ലാഞ്ഛനമായ തോക്കിനേൽ സ്ഥിതിചെയ്യുന്ന പുസ്തകം ഇറാലിയിലെ സാഹിത്യത്തിന്റെ ഈ നിലയെ പ്രതിരൂപപരമായി ചിത്രീകരിയ്ക്കുകയാണ് ചെയ്യുന്നതെന്നും, ഇറാലിയിലെ ഗവർമ്മേണ്ട് അനുവദിച്ചിട്ടുള്ള സ്വാതന്ത്ര്യത്തിന്റെ അതിർത്തിവരെ ചെന്നു സാമുദായിക നോവലിനോടടുക്കുന്ന ഏകസ്മരണീയമായ ഇറാലിയൻനോവൽ രചിച്ചതു മൊറേവിയാ എന്ന ഇറാലിക്കാരൻ മാത്രമാണെന്നും ഇതിന്റെ ഫലമായി അദ്ദേഹം കണ്ടുപിടിയ്ക്കുകയും ചെയ്യുന്നു

കേരളത്തിലെ സ്ഥിതിയും ഏറെക്കുറെ ഇതുപോലെയാ

ണ്. ഇവിടത്തെ അഭ്യസ്തവിദ്യരായ ജനങ്ങളിൽ ഭൂരിപക്ഷവും ഇന്നിവിടെ ധാരാളമായുള്ള ചരിത്രനോവലുകളും സങ്കല്പലോകത്തിൽ വിഹരിയ്ക്കുന്ന ഏതാനും റോമൻറിക് നോവലുകളും വായിക്കാറില്ല. ഇവർ നോവലുകൾ വായിയ്ക്കുമ്പോൾ ഇംഗ്ലീഷ് നോവലുകളാണ് വായിക്കാറുള്ളതും. കേരളീയസാഹിത്യകാരന്മാർ കേരളത്തിലെ സമുദായത്തെ ചിത്രീകരിക്കുന്ന സാക്ഷാൽ നോവലുകൾ രചിക്കുവാൻ തുനിയുന്നതായാൽ, അവർക്ക് ഇവിടത്തെ സമുദായസ്ഥിതിയെപ്പറ്റി പ്രതികൂലമായി വിമർശിക്കാതെയിരിയ്ക്കുവാൻ സാധിക്കുകയില്ല. ഇങ്ങിനെ ചെയ്താൽ കേരളത്തിലെ ഗവർമ്മേണ്ടുകളും കേരളവുമായി ബന്ധമുള്ള സർവ്വകലാശാലകളും കേരളത്തിലെ ടെക്സ്റ്റ്ബുക്കുകമ്മറ്റികളും അവരെ മുസ്സോളിനിയെപ്പോലെ ജയിലിലിടയ്ക്കുകയില്ലെങ്കിലും, ആ അധികാരികൾ തങ്ങൾ ഇന്നത്തെ ചരിത്രനോവലുകൾക്കും മറ്റും നല്കിവരുന്ന പ്രോത്സാഹനം സമുദായവിപ്ലവം ഭയന്നു ആ സമുദായ നോവലെഴുത്തുകാർക്കു നല്കാതെ അവരെ പട്ടിണിയിട്ടു ഒരു പാഠം പഠിപ്പിയ്ക്കുമെന്നു പറയാം. ഈ സ്ഥിതിക്കു മാറ്റംവരാതെ സാക്ഷാൽ നോവലുകൾ ഭാഷയിൽ വളർന്നുവരുന്നതല്ല. ഇതിനെ മാറ്റുന്നതിനു പൊതുജനങ്ങൾ ഉണർന്നു ഭഗീരഥപ്രയത്നം ചെയ്താൽ മാത്രമേ സാധിക്കുകയുമുള്ളൂ.

പൊതുജനങ്ങൾ മുകളിൽ ചൂണ്ടിക്കാണിച്ച പ്രകാരം പ്രയത്നിയ്ക്കുന്നുമെങ്കിൽ അവർക്കു നോവൽസാഹിത്യത്തെ സ്സംബന്ധിച്ചു ഭാഷയുടെ അതിനികൃഷ്ടമായ സ്ഥിതി നല്ലപോലെ മനസ്സിലായിരിക്കണം. ഇതിനുള്ള ഒരു ഉത്തമ മാർഗ്ഗം ഇന്നത്തെ പാശ്ചാത്യനോവലുകൾ എത്രയധികം കലാപരമായ മേന്മയും വൈവിധ്യവും മറ്റും പ്രാപിച്ചിരിയ്ക്കുന്നുവെന്നു അവരെ മന

സ്സിലാക്കുന്നതായിരിക്കും. ഇതാണ് ഇവിടെ ചെയ്യുവാൻ ഈ ലേഖകൻ ഉദ്ദേശിക്കുന്നതും. വിഷയത്തിന്റെ അതിരറ്റ പരപ്പുനിമിത്തം, ഏറിയകൂറും ഇന്നു ജീവിച്ചിരിക്കുന്ന പാശ്ചാത്യനോവലെഴുത്തുകാരിൽ പ്രസിദ്ധരും പ്രധാനികളുമായവരുടെ കൃതികളെക്കുറിച്ചു മാത്രമേ പ്രതിപാദിക്കുവാൻ മുതിരുന്നുള്ളൂ. ഈ ലേഖനത്തിൽ ഇന്നത്തെ പാശ്ചാത്യനോവലുകളുടെ സാമാന്യസ്വഭാവവും, അടുത്തതിൽ അതിന്റെ തരംതിരിപ്പുകളും മറ്റു വിവരങ്ങളും വിവരിയ്ക്കുന്നതാണ്. ഇതു പ്രതിപാദനത്തിൽ, ചരിത്രനോവലിനെയും, അഥവാ, റൊമാൻസിനെയും അപസർപ്പണകഥകളേയും അഥവാ കുറ്റാന്വേഷണനോവലിനേയും, അവയഥാർത്ഥമായി സാക്ഷാൽ നോവൽ എന്ന സാഹിത്യരൂപത്തിൽ ഉൾപ്പെടായ്കയാൽ, വിട്ടുകളഞ്ഞിട്ടുണ്ടെന്നും പറഞ്ഞുകൊള്ളട്ടെ

ഇന്നത്തെ നോവലിന്റെ വിഷയവ്യാപ്തി

നോവൽ എന്ന സാഹിത്യരൂപം യൂറോപ്പിൽ ജനിച്ച കാലത്തിനടുത്ത്, അതായത്, പതിനാൻപതാം ശതാബ്ദത്തിന്റെ പൂർവ്വാർദ്ധത്തിൽ, ജീവിച്ചിരുന്ന ആഖ്യായികാകാരന്മാരായ ഫ്രഞ്ചുകാരൻ ബത്സാക്ക് ഇംഗ്ലീഷുകാരൻ ചാൾസ് ഡിക്കൻസ് മുതലായവരുടെ നോവലുകളോട് ഇന്നത്തെ പാശ്ചാത്യനോവലുകളെ താരതമ്യപ്പെടുത്തി നോക്കിയാൽ, നോവലിൽ ഉണ്ടായിട്ടുള്ള വിപ്ലവകരങ്ങളായ പരിവർത്തനങ്ങൾ നല്ലപോലെ മനസ്സിലാക്കാവുന്നതാണ്. ഉദാഹരണമായി, 19—ാം ശതാബ്ദത്തിലെ നോവലുകൾ പ്രതിപാദിച്ചിരുന്ന വിഷയങ്ങൾ തുലോം സങ്കുചിതങ്ങളായിരുന്നു. ഇന്നാകട്ടെ, ജീവിതത്തി

ന്റെ സകല വശങ്ങളും ഒന്നൊഴിയാതെ നോവലുകളിൽ പ്രതിപാദിച്ചുവരുന്നുണ്ട്. ഇന്നത്തെ പാശ്ചാത്യ നോവലുകളുടെ ഈ വ്യാപ്തിയെ അവ പ്രതിപാദിച്ചിട്ടുള്ള വിഷയങ്ങളെ സോദാഹരണം എടുത്തുകാണിച്ചു വിശദീകരിയ്ക്കാം

അധ:സ്ഥിത ഭൂരിപക്ഷക്കാരുടെ ജീവിത വർണ്ണന

സമുദായത്തിലെ ഉയർന്ന തരക്കാരുടേയോ, ഇടത്തരക്കാരുടേയോ ജീവിതത്തെമാത്രമേ പണ്ടത്തെ നോവലുകൾ സാധാരണയായി ചിത്രീകരിച്ചിരുന്നുള്ളു. നേരെമറിച്ച് ഇന്നത്തെ നോവൽകർത്താക്കാരന്മാരിൽ പലരും സമുദായത്തിന്റെ അടിത്തട്ടിലുള്ള ഭൂരിപക്ഷക്കാരായ സാധാരണ ജനങ്ങളുടെ ജീവിതത്തെ ചിത്രീകരിക്കുവാനുള്ള പോക്കു കാണിക്കുന്നുണ്ട്. കൂടാതെ ഇവർ അധികം ഇഷ്ടപ്പെടുന്നതു, മറ്റെല്ലാ തരക്കാരുടേയും ഇടയ്ക്കുള്ളതുപോലെ ഈ ഭൂരിപക്ഷത്തിന്റേയും ഇടയ്ക്കും കാണാവുന്ന ജാത്യാലുള്ള സംസ്കാരവും സൽഗുണങ്ങളുമുള്ളവരെയല്ല, പിന്നെയോ, മറ്റെല്ലാവരുടേയും ഇടക്കുള്ളതുപോലെ ഇവരുടെ ഇടയ്ക്കും കാണാവുന്ന സംസ്കാരരഹിതരും, മദ്യാദകെട്ടവരും, അക്രമികളും, ഒന്നിനും കൊള്ളരുതാത്തവരുമായുള്ള വ്യക്തികളെയാണ് ഇന്നത്തെ സമുദായങ്ങളിലെ ഒരു അതിപ്രധാനവും സജീവവുമായ പ്രശ്നം ദീർഘനിദ്രയിൽ നിന്നുണർന്നു തുടങ്ങിയിരിക്കുന്ന ഈ ഭൂരിപക്ഷക്കാരെ സംബന്ധിച്ചതാകയാൽ ഇത്തരം നോവലെഴുത്തുകാരെ ഒരുതരം ജീവത്സാഹിത്യകാരന്മാരായി കരുതാവുന്നതുമാണ്

ചില ഉദാഹരണങ്ങളെടുക്കാം. അമേരിയ്ക്കയിലെ ഇന്ന

ത്തെ പ്രസിദ്ധ നോവലെഴുത്തുകാരിൽ ഒരാളായ വില്യം ഫാൽക്കനെർ (Faulkener) എഴുതിയ "സങ്കേതം' (Sanctuary) എന്ന നോവലിലെ കഥാനായകനായ പൊപ്പെയെ ഒരു നപുംസകനും മൃഗപ്രകൃതിയുമാണ്. ബാല്യത്തിൽ അയാൾ പൂച്ചക്കുട്ടികളെ കത്തിരി കൊണ്ട് അറുത്തുമുറിച്ചിരുന്നതിനാൽ, അയാൾക്ക കൗമാരകാലം ഒരു ദുർഗ്ഗുണപരിഹാരപാഠശാലയിൽ പാർക്കേണ്ടതായിവന്നു. പ്രായപൂർത്തി വന്നപ്പോൾ അമേരിക്കയിലെ ഒരു കുപ്രസിദ്ധകൊള്ളക്കാരനും കൊലപാതകിയുമായി അയാൾ ഭവിക്കുകയും ചെയ്തു. അമേരിക്കയിലെ ഇന്നത്തെ മറ്റൊരു പ്രസിദ്ധാഖ്യായികാകാരനായ ഏർണസ്റ്റ് ഹെമിങ്ങ്വേയും ഫാൽക്കാനെപ്പോലെ മനുഷ്യനിലുള്ള മൃഗീയവും, അസംസ്കൃതവുമായ ശക്തികളെ തന്റെ നോവലുകളിൽ കൊണ്ടുവരുന്നുണ്ടെങ്കിലും, അദ്ദേഹം ബഹുമാനം കാണിക്കുന്നതു ഫാൽക്കാരനെപ്പോലെ പ്രസ്തുത മൃഗീയശക്തികളുടെ മൂർത്തീകരണങ്ങളോടല്ല പിന്നെയോ, ഈ മൃഗീയശക്തികളുടെ പ്രയോഗമേല്ക്കുന്നവരോടാണ്. ഒന്നിനും കൊള്ളരുതാത്തവരും, ജീവിതോദ്ദേശമോ, ഇച്ഛാശക്തിയോ (Will) ഇല്ലാത്തവരും ആണ് ഹെമിങ്ങ്വേയുടെ കഥാനായകന്മാർ. ഭ്രരിപക്ഷക്കാരായ സാധാരണ ജനങ്ങൾക്ക് എളുപ്പം മനസ്സിലാക്കാവുന്ന ചൊവ്വാക്കുകൾ തിരഞ്ഞെടുത്തു നോവൽ രചിയ്ക്കുന്നതിനും ഹെമിങ്ങ്വേ പ്രത്യേകം ശ്രദ്ധിച്ചിരുന്നു

അധഃസ്ഥിതരായ സാധാരണ ജനങ്ങളുടെ ജീവിതത്തെപ്പറ്റി നോവലെഴുതിയിട്ടുള്ള മറ്റൊരു പ്രസിദ്ധനായ അമേരിയ്ക്കാരൻ ഡോസ് പസ്സോസ് ആണ്. "ധർമ്മമായി വീതിച്ചുകൊടുക്കുന്ന പ്രണയം" (Love on the dole) എന്ന പ്രസിദ്ധ നോവലിന്റെ കർത്താവായ വാൾട്ടർ ഗ്രീൻഡിനെ ഇത്ത

രം നോവലുകൾ രചിക്കാവുള്ള അപൂർവ്വമായ ഇംഗ്ലീഷാഖ്യ
യികാകാരന്മാരിൽ ഒരാളായി പരിഗണിക്കാം. ഭാരതത്തിലെ
അധഃസ്ഥിതരായ സാധാരണ ജനങ്ങളുടെ ജീവിതത്തെ സാനുകാ
മ്പം ചിത്രീകരിക്കുന്ന "ദി കൂലി" മുതലായ നോവലുകൾ ഇംഗ്ലീ
ഷിൽ എഴുതിയിട്ടുള്ള മുൽക്ക് രാജ് ആനന്ദ് എന്ന വാസനാസ
മ്പന്നനായ ഭാരതീയഗ്രന്ഥകാരനേയും ഇത്തരം നോവലെഴു
ത്തുകാരുടെ കൂട്ടത്തിൽ ഉൾപ്പെടുത്താവുന്നതാണ്.

ജനകീയ നോവൽ

അധഃസ്ഥിതരായ സാധാരണ ജനങ്ങളുടെ ജീവിതത്തെ
വർണ്ണിക്കുന്ന നോവലുകളെപ്പറ്റി മുകളിൽ പ്രസ്താവിച്ചിട്ടുണ്ട
ല്ലോ. എന്നാൽ ഈ നോവലുകളുടെ കർത്താക്കന്മാർ പ്രസ്തുത അധഃ
സ്ഥിത ഭ്രരിപക്ഷത്തിന്റെ വർഗ്ഗത്തിൽ ജനിച്ചു വളർന്നവരാ
യിരുന്നില്ല. ഒരുതരം ആളുകളുടെ ജീവിതരീതിയും വീക്ഷണ
കോടിയും വർണ്ണിക്കുന്നതിനു അവരുടെ ഇടയ്ക്ക് ജനിച്ചുവളർ
ന്ന ഒരാളിനെപ്പോലെ മറ്റാർക്കും തന്നെ സാധ്യമല്ലായ്കയാൽ,
സാധാരണ ജനങ്ങളുടെ ജീവിതം അവരിൽ ഒരാൾതന്നെ വർ
ണ്ണിക്കേണ്ടതാണെന്നുള്ള വാദം കുറെമുമ്പ് പാശ്ചാത്യ സാഹിത്യ
ലോകത്തിൽ ഉദിയ്ക്കുകയുണ്ടായി. ഇതിന്റെ ഫലം ഇന്നത്തെ
"പ്രോലിട്ടേറിയൻ," അഥവാ "ജനകീയ" നോവലാണ്. ഒരു
സമുദായത്തിലെ അധഃസ്ഥിതരായ ഭ്രരിപക്ഷത്തിന്റെ ജീവി
തത്തെ അവരുടെ വീക്ഷണകോടിയിലൂടെ അവരിലൊരുത്തൻ
വർണ്ണിക്കുന്ന നോവലാണ് പ്രോലിട്ടേറിയൻ, അഥവാ ജനകീ
യ നോവൽ. ഇത്തരം നോവലുകൾ ബോൾഷെവിക്ക് റഷ്യയി
ലാണ് അധികമായി കാണുന്നത്. ഒരു പ്രോലിട്ടേറിയൻ സാ

ഹിത്യം ഉണ്ടാകണമെങ്കിൽ, അതിനു പ്രാരംഭമായി ഒരു ജന കീയവിപ്ലവം ഉണ്ടാകുകയും അതു വിജയത്തിൽ കലാശിക്കുക യും ചെയ്തിരിക്കണമെന്നു ട്രൊട്സ്കി ചൂണ്ടിക്കാണിച്ചിട്ടുള്ളതു തന്നെ ബോൾഷെവിക് റഷ്യയിലൊഴിച്ചു മറെങ്ങും ഇത്തരം നോവലുകൾ അധികമായി കാണാതിരിക്കുന്നതിനു കാരണം. മാക്സിംഗോർക്കിയാണ് റഷ്യയിലെ ഏറ്റവും പ്രസിദ്ധപ്പെട്ട പ്രോലിറ്റേറിയൻ നോവലെഴുത്തുകാരൻ.

ഇംഗ്ലണ്ടിലെ വളരെ അപൂർവ്വമായ ജനകീയ നോവ ലുകളിൽവെച്ചു ഏറ്റവും പ്രസിദ്ധപ്പെട്ടതു ലയോണൽ ബ്രിറ ൺ രചിച്ച "ചിരപ്പും കാമവും" (Hunger and Love) എന്ന നോവലാകുന്നു. മനുഷ്യരുടെ ജീവിതം പണത്തെ ആശ്രയിച്ചു നില്ക്കുന്ന ഒന്നായി തീർന്നിരിക്കുന്നതിന്റെ അപകൃഷ്ടതയെ വി ശദീകരിക്കുകയാണ് ഇതു ചെയ്യുന്നതു. ഇന്നു സമൂഹത്തിൽ അധികാരം കരസ്ഥമാക്കിയിട്ടുള്ള ബൂർഷ്വാവർഗ്ഗത്തെ കഠിന മായി ആക്ഷേപിച്ചിരുന്നതിനാൽ, ബർണാർഡ് ഷാ, ബെർട്രാ ണ്ട് റസ്സൽ, അപ്ടൺ സിംക്ലെയർ എന്നീ വിശാലമനസ്കരാ യ സാഹിത്യകാരന്മാരുടെ സഹായം ലഭിച്ചിട്ടില്ലായിരുന്നെ ങ്കിൽ, ബ്രിറനു തന്റെ ഈ കൃതി പ്രസിദ്ധീകരിക്കുവാൻ സാ ധിക്കുമായിരുന്നില്ല. ഇതിലെ കഥാനായകനായ ജോർജ്ഫെ ൽപ്സ് എന്ന അനാഥബാലനു വിദ്യാഭ്യാസം ഉണ്ടായിരു ന്നില്ലെങ്കിലും, അയാൾക്കു മറ്റു മനുഷ്യരെപ്പോലെ പൂർണ്ണമാ യ ഒരു ജീവിതം നയിക്കുവാൻ മോഹമുണ്ടായിരുന്നു. പക്ഷെ പണമില്ലായ്കയാൽ അയാൾക്കു ദാരിദ്ര്യവും അപമാനവും സഹി ക്കേണ്ടതായി വന്നു. ഫെൽപ്സ് ആ നോവലിൽ ഇങ്ങിനെ പറഞ്ഞിരിക്കുന്നു: "ബൂർഷ്വാവർഗ്ഗക്കാർക്കു ഒരു വാദമുണ്ട്. അതു വളരെ ലഘുവായ ഒന്നാണെങ്കിലും. ഒരു മനുഷ്യന്റെ വി

ചാരങ്ങളെ ജീവിതത്തിന്റെ ഏറ്റവും താഴ്ന്ന ആവശ്യങ്ങൾ നിറവേറ്റുന്നതിനുള്ള, അതായത്, ആഹാരവും കാമവൃത്തിയും സിദ്ധിക്കുന്നതിനുള്ള. മത്സരത്തിലേക്കു പരിപൂർണ്ണമായി തിരിച്ചുവിട്ടേക്കുന്നതായാൽ, അയാൾക്കു ബൂർഷ്വാവർഗ്ഗത്തെപ്പറ്റി ചിന്തിക്കുവാൻ സമയം ലഭിക്കുകയില്ല എന്നാണ് അവർ വിചാരിക്കുന്നതു്."

തൊഴിൽ നോവലും സമുദായ നിർമ്മാണ നോവലും

കാവ്യരസത്തിന്റെ കണികപോലും ഉൾക്കൊള്ളുന്നില്ലെന്നു വിചാരിച്ചു് 19–ാം ശതാബ്ദത്തിലെ ഭൂരിഭാഗം നോവലെഴുത്തുകാരും തള്ളിക്കളഞ്ഞിരുന്ന വിഷയങ്ങളെപ്പറ്റി ഇന്നത്തെ പാശ്ചാത്യ നോവലെഴുത്തുകാർ ആഖ്യായികകൾ രചിച്ചുവരുന്നുണ്ടു്. പിയർഹാമ്പ് എന്ന ഫ്രഞ്ചുകാരൻ 20–ാം ശതാബ്ദത്തിന്റെ രണ്ടും മൂന്നും ദശകങ്ങളിൽ തൊഴിലുകളെപ്പറ്റി പ്രതിപാദിക്കുന്ന "പാട്ടിന്റെ പാട്ടു്," "റെയിൽ" മുതലായ നോവലുകൾ രചിക്കുകയുണ്ടായി. "പാട്ടിന്റെ പാട്ടു്" ഫ്രാൻസിലെ സെൻറ് (സുഗന്ധദ്രവ്യ) വ്യവസായചരിത്രത്തേയും, "റെയിൽ" റെയിൽവേ ജോലിക്കാരുടെ ജീവിതത്തേയും പറ്റി പ്രതിപാദിക്കുന്നു.

റഷ്യൻ വിപ്ലവത്തിനു ശേഷം അവിടത്തെ ബോൾഷെവിക് ഗവർമ്മേണ്ടു് തങ്ങളുടെ സുപ്രസിദ്ധമായ പഞ്ചവത്സരപദ്ധതിയനുസരിച്ചു് റഷ്യയിലെ വ്യവസായങ്ങളെ പുനരുദ്ധരിക്കുവാനും നവീകരിക്കുവാനും നിശ്ചയിച്ചു് അതിനുവേണ്ട പ്രവൃത്തികളും തുടങ്ങിയപ്പോൾ ഈ വൈയവസായിക പുനരുദ്ധാ

രണത്തിന്റെ ഗതിയെ ചിത്രീകരിച്ചു നോവലുകളും നാടകങ്ങളും മറ്റും രചിക്കുവാനായി അവർക്കു ബോധംഷെവിക് സാഹിത്യകാരന്മാരെ നിയോഗിക്കുകയുണ്ടായി. ഇതിൽ നിന്ന "കൺസ്ട്രക്ഷണിസ്റ്റ്", അഥവാ "സമുദായനിർമ്മാണ നോവൽ" എന്നൊരു തരം വ്യവസായ നോവൽ ജനിക്കുകയും ചെയ്തു. ഈ തരം നോവലുകളിൽ ഏറ്റവും പ്രസിദ്ധപ്പെട്ടതു ഫെഡോർ ഗ്ലാസ്കോവിന്റെ "സിമെന്റ്" എന്ന റഷ്യൻ നോവലാണ്. വാലന്റിൻ കടേവിന്റെ "ഓ, കാലമേ, മുമ്പോട്ട്!" എന്ന നോവലും, ബോറിസ് പിൽനിയാക്കിന്റെ "വോൾഗാനദി കാസ്പിയൻ കടലിൽ വീഴുന്നു" എന്ന നോവലും ഇത്തരം നോവലുകളുടെ കൂട്ടത്തിൽ ശ്രദ്ധേയങ്ങളാണ്.

സകല ലൈംഗിക ജീവിതവശങ്ങളുടേയും സൂക്ഷ്മവർണ്ണന

മനുഷ്യന്റെ ലൈംഗിക ജീവിതത്തിന്റെ സർവ്വ സാധാരണങ്ങളും നിരാക്ഷേപകങ്ങളും ആയ വശങ്ങളെന്നു ലോകർ വിചാരിച്ചിരുന്നവയെ മാത്രമേ പണ്ടത്തെ പാശ്ചാത്യ നോവലെഴുത്തുകാർ സാധാരണയായി വർണ്ണിച്ചിരുന്നുള്ളൂ. ഈ പതിവിൽനിന്നു അവരിൽ ചിലർ ചിലപ്പോൾ വ്യതിചലിച്ചു് അസാധാരണങ്ങളും പ്രകൃതിവിരുദ്ധങ്ങളുമായ ലൈംഗിക ജീവിതവശങ്ങളെ വർണ്ണിക്കുവാൻ തുനിയുമ്പോൾ അവയെ ഉപരിപ്ലവമായും, ഒന്നുകിൽ കലാരസം നശിപ്പിക്കുന്ന പൂർണ്ണനഗ്നതയോടു കൂടിയോ, അല്ലെങ്കിൽ, അലങ്കിതമായും അവ്യക്തമായും വ്യഞ്ജിപ്പിച്ചോ മാത്രമേ അവർ പ്രതിപാദിച്ചിരുന്നുള്ളൂ. ഇന്നത്തെ പാശ്ചാത്യ നോവൽക്കർത്താക്കന്മാരിൽ പലരും സാധാരണയായി ലൈംഗിക ജീവിതത്തിന്റെ സകല വശങ്ങളും

ഒന്നൊഴിയാതെ— അവ പ്രകൃത്യനുസരണമായവയായിരുന്നാലും ശരി, പ്രകൃതിവിരുദ്ധങ്ങളായിരുന്നാലും ശരി— കലാരസഹാനി വരുത്തുന്ന സന്ധ്യാർണ്ണനഗതകൂടാതേയും, തത്സമയത്തുതന്നെ തുറന്നും ലളിതമായും, ഫ്രായ്ഡ് മുതലായ ആധുനികമനശ്ശാസ്ത്രജ്ഞരും ആധുനിക കാമശാസ്ത്രജ്ഞരും നല്കിയിട്ടുള്ള ശാസ്ത്രീയമായ ജ്ഞാനസഹിതം സൂക്ഷ്മമായും അഗാധമായും പ്രതിപാദിച്ചു വരുന്നുണ്ട്. ഇതിനു ചില ഉദാഹരണങ്ങൾ എടുത്തു കാണിയ്ക്കാം

പ്രകൃതിവിരുദ്ധമായ കാമം

ആധുനിക നോവലിന്റെ രചനയിൽ ചില പരിഷ്കാരങ്ങൾ വരുത്തിയും ചില പ്രസിദ്ധ നോവലുകൾ രചിച്ചും വിശ്വസാഹിത്യകാരന്മാരുടെ മുന്നണിയിൽ ഒരു സ്ഥാനം കരസ്ഥമാക്കിയിട്ടുള്ള ദേഹവും, ഇന്നത്തെ നോവലെഴുത്തുകാരിൽ വളരെ സ്വാധീനശക്തിയുള്ള കലാകാരനുമായ ആന്ദ്രേജീഡ് എന്ന പ്രസിദ്ധ ഫ്രഞ്ചുനോവലെഴുത്തുകാരൻ 1937—ൽ പ്രസിദ്ധപ്പെടുത്തിയ "ജനിവിയേവ്" എന്ന നോവലിന്റെ വിഷയം, തന്റെ ക്ലാസ്സിൽ പഠിക്കുന്ന ഒരു യഹൂദയുവതിയോടു കഥാനായകിയായ മറെറാരു യുവതിക്കു തോന്നുന്ന പ്രകൃതിവിരുദ്ധമായ കാമവും, ഇതറിഞ്ഞു കഥാനായകിയുടെ മാതാപിതാക്കന്മാർ പ്രസ്തുത യഹൂദയുവതിയുമായുള്ള കൂട്ടുകെട്ടു മതിയാക്കണമെന്നു നിർബ്ബന്ധിച്ചപ്പോൾ, തന്റെ സ്വാതന്ത്ര്യം പ്രഖ്യാപനം ചെയ്യുന്നതിനായിതന്നെ ഗർഭവതിയാക്കണമെന്നു കഥാനായിക തന്റെ കുടുംബഡാക്ടരോടു അപേക്ഷിക്കുന്നതുമാകുന്നു. ജീഡിന്റെ മറെറ ചില നോവലുകളിൽ പ്രായപൂർ

ത്തി വന്ന പുരുഷന്മാർക്കു ബാലന്മാരോടു തോന്നാറുള്ള പ്രകൃതി വിരുദ്ധമായ കാമത്തെപ്പറ്റി പ്രതിപാദിച്ചിട്ടുണ്ട്. "കള്ള നാണയക്കാർ" എന്ന അദ്ദേഹത്തിന്റെ സുപ്രസിദ്ധ നോവലിൽ ജോർജെസ് എന്ന ബാലൻ മോഷണം ചെയ്യുന്നതു കണ്ടുപിടിച്ചതുകൊണ്ട് അതിലെ മറ്റൊരു കഥാപാത്രമായ എഡ്വേർഡ് എന്ന പ്രായപൂർത്തിവന്ന പുരുഷനു ആ ബാലനോടു തോന്നുന്ന വിചിത്രമായ സ്നേഹം ജനിക്കുകയും, ജോർജെസ് തന്റെ അനന്തിരവനാണെന്നു അറിയുമ്പോൾ അയാളിൽ ഈ സ്നേഹം വർദ്ധിച്ചുവരുകയും ചെയ്യുന്നു.

കുറേ മുമ്പു മരിച്ചു പ്രസിദ്ധ ഇംഗ്ലീഷ് നോവലെഴുത്തുകാരനായ ഡി. എച്ച്. ലാറൻസ് എഴുതിയ ഒരു നോവലിൽ സ്ത്രീകളും തമ്മിലുള്ള പ്രകൃതിവിരുദ്ധമായ അടുപ്പത്തെ വർണ്ണിക്കുന്ന ഒരു ഭാഗമുണ്ട്. ലാറൻസിന്റെ "ചാറർലി പ്രഭോയുടെ കാമുകൻ" എന്ന നോവലിൽ ലൈംഗിക ജീവിതത്തെ കുറേ അധികം പച്ചയായി വർണ്ണിച്ചിരിക്കുന്നതിനാൽ അതിനെ പരസ്യമായി പ്രസിദ്ധീകരിയ്ക്കാൻ നിവൃത്തിയില്ലാതെ വന്നു. തന്റെ നോവലിൽ കാണിച്ചിട്ടുള്ള അഗാധവും അനന്യസാധാരണവുമായ മനശ്ശാസ്ത്രജ്ഞാനംകൊണ്ടു വിശ്വ സാഹിത്യകാരന്മാരുടെ മുന്നണിയിൽ ഒരു സ്ഥാനം കരസ്ഥമാക്കിയിട്ടുള്ള മാർസെൽപ്രൂസ്റ്റ് എന്ന പ്രസിദ്ധ ഫ്രഞ്ചു നോവലെഴുത്തുകാരനും പ്രകൃതിവിരുദ്ധമായ കാമത്തെപ്പറ്റി പ്രതിപാദിക്കുന്നുണ്ട്. ഇന്നത്തെ ജർമ്മൻനോവലെഴുത്തുകാരുടെ മുന്നണിയിൽ നില്ക്കുന്ന തോമസ്മാൻ (Mann) എന്ന പ്രഖ്യായികാകാരന്റെ ഉത്തമകൃതിയായി ചില നിരൂപകർ കരുതുന്ന "വെനിസ്സിൽവെച്ചുള്ള മരണം" എന്നു പേരു നോവലിന്റെ വിഷയം ഒരു ബാലനോടു തനിക്കു തോന്നിയ പ്രകൃതിവിരുദ്ധമായ കാമത്തെ

പുറത്തു കാണിക്കാതെ അടക്കിവെച്ചുകൊണ്ട് വെനീസ് നഗരത്തിൽവെച്ചു മരിച്ച ഒരു വൃദ്ധന്റെ കഥയാണ്

അഗമ്യഗമനം

അഗമ്യഗമനത്തെപ്പറ്റി പ്രതിപാദിക്കുവാനും ആധുനിക നോവലെഴുത്തുകാർക്കു മടിയില്ല. 1933—ൽ യൊഹാൻ റാബെനെർ എന്ന ജർമ്മൻ ആഖ്യായികാകാരൻ രചിച്ച "ജീവിച്ചിരിക്കുന്നതിനു വിധിച്ചു" എന്ന നോവൽ മാതാപുത്ര പ്രശ്നത്തെ തുറന്നും അഗാധമായും പ്രതിപാദിക്കുന്നുണ്ട്. ഫ്രായിഡിന്റെ ഈഡിപ്പസ് കോംപ്ലെക്സ് (അതായതു്, ശിശുക്കൾക്കു തങ്ങളുടെ മാതാപിതാക്കന്മാരോടു തോന്നാവുള്ള ഒരുതരം കാമം), കൂട്ടി മുല കുടിക്കുമ്പോൾ മാതാവിനു തോന്നാവുള്ള കാമവികാരം, മാതാവിനു പുത്രന്റെ ഭാര്യയോടു സഹജമായും തോന്നാവുള്ള വിരോധം, മാതാവിന്റെ പ്രതിബിംബം ഭാര്യയിലും കാണാനുള്ള പുരുഷന്മാരുടെ പോക്ക് എന്നിവയെ സംബന്ധിച്ചു ഫ്രായിഡ് മുതലായവർ കണ്ടുപിടിച്ചിട്ടുള്ള മനശ്ശാസ്ത്രതത്വങ്ങളെ ആസ്പദിച്ചാണ് ഈ നോവൽ രചിച്ചിട്ടുള്ളതു. ഹിറ്റ്ലർ ജർമ്മനിയിൽ നാസി ഗവർമ്മേണ്ടു സ്ഥാപിക്കുന്നതിനു് അല്പംമുമ്പു് അവിടെ പ്രചരിച്ചിരുന്ന വിപ്ലവമനസ്ഥിതിയേയും നാസ്തികത്വത്തേയും ഈ നോവൽ പ്രതിബിംബിക്കുന്നുണ്ടു്. ഒരു മാതാവും അവളുടെ പുത്രനും തമ്മിലുള്ള അഗമ്യഗമനമാണ് ഈ നോവലിന്റെ വിഷയം. ഇതിലെ കഥാനായകനായ ഫിയൊഡോർ ഫൂർഹാഹ്നെ അയാളുടെ വിധവയായ മാതാവ് അന്യദേശത്തുള്ള ഒരു സ്ഥലത്തേയ്ക്കു ബാല്യകാലത്തിൽത്തന്നെ വിദ്യാഭ്യാസത്തിനായി അയച്ചിരു

ന്നു. വിദ്യാഭ്യാസം കഴിഞ്ഞു" തന്റെ ഭവനത്തിലെത്തിയ നവയൌവനയുക്തനായ പുത്രനെ കാണുമ്പോൾ ഭർത്തൃമരണാനന്തരം പല ചെറുപ്പക്കാരേയും കാമുകരായി വെച്ചുകൊണ്ടിരുന്ന വളും മദ്ധ്യവയസ്സുയുമാണെങ്കിലും ചെറുതാകത്തതായ ചെറുപ്പത്തോടുകൂടിയവളുമായ ആ മാതാവിന്നു് അസഹ്യമായ കാമം താന്നുകയും മകൻ തിരിച്ചുവന്ന അന്നുതന്നെ അവൾ അയാളെ തന്റെ കാമുകനാക്കുകയും ചെയ്യുന്നു. ഇവർ തമ്മിലുള്ള ഈ രഹസ്യബന്ധം കുറേക്കാലം നിലനില്ക്കുന്നു. അനന്തരം തന്റെ ജീവിതം നരകവാസംപോലെ തോന്നിത്തുടങ്ങിയിരുന്ന കഥാനായകൻ ഗണികയായ ഒരു യുവതിയിൽ അനുരക്തനായി ഭവിയ്ക്കുകയും അവളെ കല്യാണം കഴിയ്ക്കുകയും ചെയ്യുന്നു. പുത്രന്റെ തരക്കാരായ മറ്റുയുവാക്കന്മാരോടും പുത്രനോടുള്ള രഹസ്യബന്ധം നിലനിന്നിരുന്നപ്പോൾത്തന്നെ രമിയ്ക്കുകയും ഇതറിഞ്ഞു സങ്കടപ്പെടുന്ന പുത്രനോടുയുദ്ധം നടത്തുകയും ചെയ്യാറുള്ള ആ മാതാവിനു മറ്റു യുവാക്കന്മാർ ലഭിച്ചിരുന്നതുകൊണ്ടു പുത്രന്റെ വിവാഹം ജനിപ്പിച്ച വിരഹദുഃഖം അസഹ്യമായിതോന്നിയിരുന്നില്ല. എന്നാലും പുത്രന്റെ പുതിയ വിവാഹജീവിതത്തെ നരകമയമാക്കിത്തീർക്കുവാൻ അവൾ ശ്രമിയ്ക്കാതിരുന്നില്ല. മാതാവിൽനിന്നു ലഭിയ്ക്കുന്ന സംഭാവനകളല്ലാതെ സാരമായ ഉപജീവനമാർഗ്ഗങ്ങളൊന്നും ഇല്ലാതെയിരുന്ന ആ പുത്രനെ പലവിധത്തിൽ പീഡിപ്പിക്കുവാൻ അവൾക്കു എളുപ്പം സാധിച്ചു. കുറേക്കാലം കഴിഞ്ഞു തന്നിൽ അപ്പോൾ പ്രത്യക്ഷമായിത്തുടങ്ങിയ വാർദ്ധക്യാകാരംലക്ഷണങ്ങൾ നിമിത്തം ധനസഹായം ചെയ്താലും തനിക്കു യുവകാമുകരെ ലഭിക്കുവാൻ പ്രയാസമുണ്ടായിരിക്കുമെന്നു മനസ്സിലാക്കിത്തുടങ്ങിയപ്പോൾ, ആ മാതാവു പുത്രനു കൂടുതൽ ധനസഹായം ചെയ്യാമെന്നു പറ

ഞ്ഞ് അവർക്ക് തമ്മിൽ പണ്ടുണ്ടായിരുന്ന രഹസ്യബന്ധം പുനസ്ഥാപിക്കുവാൻ ശ്രമിച്ചു. ഈ അപേക്ഷ കേട്ട കോപാന്ധനായ കഥാനായകൻ ആ മാതാവിനെ കുത്തിക്കൊല്ലുന്നു. അനന്തരം അയാൾ തന്റെ ഭാര്യയോട് സകല സംഗതികളും തുറന്നുപറയുന്നു. ഒടുക്കം അവർ രണ്ടുപേരും ആത്മഹത്യചെയ്യുകയും ചെയ്യുന്നു

സ്ത്രീകളുടെ വീക്ഷണകോടി

19 -ാം ശതാബ്ദത്തിന്റെ പൂർവ്വാർദ്ധത്തിൽ ചില സ്ത്രീകൾ നോവൽ രചിച്ചിരുന്നുവെങ്കിലും പുരുഷവർഗ്ഗത്തെ ഭയന്നു് അന്നു് അവർ തങ്ങളുടെ വർഗ്ഗത്തിന്റെ ആവശ്യങ്ങളേയും, യഥാർത്ഥാഭിപ്രായങ്ങളേയും ആ കൃതികളിൽ തുറന്നു പ്രസ്താവിച്ചിരുന്നില്ല. ഇന്നത്തെ പാശ്ചാത്യലോകത്തിലാകട്ടെ നോവലെഴുത്തുകാരികൾ തങ്ങളുടെ പ്രത്യേക വീക്ഷണകോടികളിൽക്കൂടി ജീവിതം ദർശിച്ചു് അതിനെപ്പറ്റിയുള്ള തങ്ങളുടെ അഭിപ്രായങ്ങൾ തങ്ങളുടെ കൃതികളിൽ തുറന്നു രേഖപ്പെടുത്തിവരുന്നു. ഇതുനിമിത്തവും ഇന്നത്തെ പാശ്ചാത്യ നോവലിന്റെ പരപ്പു വർദ്ധിച്ചിട്ടുണ്ട്. ചില ഉദാഹരണങ്ങളെടുക്കാം. അനിറ്റ ലൂസ് എന്ന നോവലെഴുത്തുകാരി രചിച്ച "മാന്യപുരുഷന്മാർക്കു് വെളുത്ത സ്ത്രീകളോടാണ് അധികം ഇഷ്ടമുള്ളതു്" (Gentlemen Prefer Blondes) എന്ന പ്രസിദ്ധനോവലിൽ ഗണികകളെ ക്ഷയം പിടിച്ചു വേദന അനുഭവിച്ചു പുഷ്പങ്ങളുടെമേൽ വെച്ചു മരണമടയുന്ന സ്നേഹമൊഴുകുന്ന സ്ത്രീകളായി പുരുഷന്മാർ കരുതാറുള്ളതു പരമാബദ്ധമായ ഒരു ധാരണയാണെന്നും വാസ്തവത്തിൽ അവർ, പല പതിവ്രതകാരേയും ഒരേ സമയത്തുതന്നെ തൃപ്തിപ്പെടുത്തേണ്ടി വരുന്നതിനാൽ ബദ്ധപ്പെട്ടു

ജോലിചെയ്യുന്ന ഷോപ്പുസ്ത്രീകളെപ്പോലെയുള്ളവരാണെന്നും സ്ഥാപിച്ചിരിക്കുന്നു. തങ്ങളുടെ ലൈംഗികജീവിതത്തിൽ വന്നിട്ടുള്ള നൈരാശ്യത്തെ ഇരുപതാം ശതാബ്ദത്തിൽ സഹജമായ ഉദാസീനതയോടുകൂടി സ്വീകരിച്ചു പുരുഷവർഗ്ഗത്തിൽനിന്നു യാതൊന്നുംതന്നെ പ്രതീക്ഷിക്കാതെ തൊഴിലുകളിൽ പ്രവേശിച്ചു ജീവിതം നയിച്ചുവരുന്ന അമേരിക്കയിലെ സ്ത്രീകളുടെ വീക്ഷണകോണിയെയാണു മിസ്സ് എഡ്നഫേബറുടെ നോവലുകൾ പ്രത്യക്ഷപ്പെടുത്തുന്നതു്

നദ്യോപമ നോവൽ

സുപ്രസിദ്ധ ഫ്രഞ്ചു നോവലെഴുത്തുകാരനായ റൊമെയിൻ റോളണ്ട് ഇദംപ്രഥമമായി രചിച്ചതും, ഒരു മനുഷ്യന്റേയോ, രക്തബന്ധംകൊണ്ടോ, ചിന്താഗതിയുടെ സാദൃശ്യംകൊണ്ടോ ഐകൃം പ്രാപിച്ചിട്ടുള്ള ഒരു സംഘം മനുഷ്യരുടേയോ ജീവിതത്തെ ഒരു നോവൽശൃംഖലയിൽ, അഥവാ നോവൽപരമ്പരയിൽ ചിത്രീകരിയ്ക്കുന്നതും, ഫ്രഞ്ചു സാഹിത്യനിരൂപകൻ "Romanfleuve" അതായതു, "നദ്യോപമനോവൽ" എന്നു പേരിട്ടിട്ടുള്ളതുമായ ഇന്നത്തെ പാശ്ചാത്യനോവലുകളും അവയുടെ ജാത്യാലുള്ള സ്വഭാവം നിമിത്തം ഇന്നത്തെ നോവലിന്റെ പരപ്പു വർദ്ധിപ്പിയ്ക്കുന്നുണ്ടു്. ഇന്നത്തെ പാശ്ചാത്യനോവലുകളുടെ തരംതിരിപ്പുകളെപ്പറ്റി ഈ ലേഖകൻ എഴുതാൻ വിചാരിയ്ക്കുന്ന രണ്ടാമത്തെ ലേഖനത്തിൽ ഇത്തരം നദ്യോപമനോവലുകളെപ്പറ്റി കൂടുതൽ വിവരങ്ങൾ നല്കുന്നതാണു്. നദ്യോപമ നോവലുകൾ ഇങ്ങിനെ ഇന്നത്തെ പാശ്ചാത്യനോവലുകളുടെ പരപ്പു വർദ്ധിപ്പിയ്ക്കുന്നുണ്ടെങ്കിലും, എക്സ്പ്ര

ഷണിസത്തെപ്പറ്റി ഈ ലേഖകൻ എഴുതിയിരുന്ന ലേഖനത്തിൽ വിവരിച്ചിരുന്ന "ബോധപ്രവാഹനോവലുകൾ" (Stream of consciousness novels) ഒരു കഥാപാത്രത്തിന്റെ ഉപബോധമനസ്സിൽക്കൂടി പ്രവഹിയ്ക്കുന്ന ബോധത്തെ മാത്രം ഏറിയ കൂറും പ്രത്യക്ഷപ്പെടുത്തുന്നതിനാൽ, ഇന്നത്തെ പാശ്ചാത്യനോവലിനെ അവ സങ്കുചിതമാക്കുന്നുണ്ടെന്നും ഇവിടെ ചൂണ്ടിക്കാണിച്ചുകൊള്ളട്ടെ

ഇന്നത്തെ നോവലിന്റെ അഗാധത

ഇന്നത്തെ പാശ്ചാത്യനോവലിന്റെ രണ്ടാമത്തെ സ്വഭാവം അതിന്റെ അഗാധതയാണ്. 19—ാംശതാബ്ദത്തിന്റെ പൂർവ്വാർദ്ധത്തിലെ നോവലുകൾ കാഴ്ചകളെ ഉപരിപ്ലവമായി മാത്രമേ പ്രതിപാദിച്ചിരുന്നുള്ളൂ. നോവലിന്റെ ഒരു പ്രധാന ഘടകമായ പാത്രസൃഷ്ടിയെ എടുത്ത് ഇന്നത്തെ പാശ്ചാത്യനോവലിന്റെ അഗാധതയെ വിശദീകരിയ്ക്കാം. 19-ാം ശതാബ്ദത്തിന്റെ പൂർവ്വാർദ്ധത്തിൽ നോവലുകൾ രചിച്ച ചാൾസ് ഡിക്കൻസ്, വിക്ടർ യൂഗോ മുതലായ ഗ്രന്ഥകാരന്മാർ, "മാർത്താണ്ഡവർമ്മ"യിൽ സി. വി. രാമൻപിള്ള ശങ്കുആശാനെ സൃഷ്ടിച്ചിട്ടുള്ളതുപോലെ, പാത്രങ്ങളെ അവരുടെ വിശേഷരീതിയിലുള്ള ഭാഷ, ആംഗ്യങ്ങൾ, ദേഹപ്രകൃതി മുതലായ ബാഹ്യകാഴ്ചകളെ വിവരിച്ചാണ് ഏറിയ കൂറും സൃഷ്ടിച്ചിരുന്നത്. തന്നിമിത്തം ഇവരുടെ പാത്രസൃഷ്ടി കേവലം ഉപരിപ്ലവമായി പരിണമിയ്ക്കുകയും ചെയ്തു. 19....ാംശതാബ്ദത്തിന്റെ ഉത്തരാർദ്ധത്തിൽ ജീവിച്ചിരുന്ന ജോർജ് എലിയട്ട്, ഫ്രോമന്റിൻ, ഡാസ്റ്റോവ്സ്കി മുതലായ ചില നോവലെഴുത്തുകാർ പാത്രസൃഷ്ടി

യിൽ കൂടുതൽ അഗാധമായ മനശ്ശാസ്ത്രജ്ഞാനം കാണിച്ചിരുന്നു. ഇന്നത്തെ പാശ്ചാത്യനോവലെഴുത്തുകാരിൽ പലരും മനസ്സിന്റെ അടിത്തട്ടിനെപ്പറ്റിയുള്ള ഫ്രോയിഡ് മുതലായ ഇന്നത്തെ മനശ്ശാസ്ത്രജ്ഞന്മാരുടെ കണ്ടുപിടിത്തങ്ങളെ (Depth psychology)ക്കുറിച്ചുള്ള പൂർണ്ണവും അഗാധവുമായ ജ്ഞാനത്തോടുകൂടിയും അവയെ ആസ്പദിച്ചുമാണ് പാത്രസൃഷ്ടി ചെയ്യാറുള്ളത്. ഇതുനിമിത്തം ഇന്നത്തെ പല പാശ്ചാത്യനോവലുകളും ഗ്രന്ഥകാരന്റെ മനസ്സിന്റെ അഗാധമായ അപഗ്രഥനമായി കലാശിച്ചിരിയ്ക്കുന്നു

ഒരു നോവലെഴുത്തുകാരനു മൂന്നു മാർഗ്ഗങ്ങളും സ്വീകരിയ്ക്കാം. താൻ ബഹിർലോകത്തിൽ കാണുന്നതിനെ അയാൾക്ക് ഒരു കണ്ണാടിപോലെ പ്രതിബിംബിപ്പിയ്ക്കാം. അല്ലെങ്കിൽ അയാൾക്കു താൻ ബഹിർലോകത്തിൽ കാണുന്നതിനെപ്പറ്റി, വിമർശിയ്ക്കാം. മൂന്നാമതായി, അയാൾക്ക് ബഹിർലോകത്തെ ആശ്രയിക്കാതെ തന്റെ സ്വന്തം മനസ്സിനെ അപഗ്രഥിച്ച് അതിന്റെ ഫലത്തെ പ്രത്യക്ഷപ്പെടുത്താം. മർഗ്ഗങ്ങളുടെ ഈ വിഭജനം സൂക്ഷ്മമായിട്ടുള്ളതല്ലെന്നും, കേവലം വിശദീകരണസൌകര്യാർത്ഥംമാത്രം ചെയ്തിട്ടുള്ളതാണെന്നും, വാസ്തവത്തിൽ ഒരു നോവലിൽ ഈ മൂന്നു മാർഗ്ഗങ്ങളുടേയും അംശങ്ങളും കൂടിച്ചേർന്നിരിയ്ക്കുമെന്നും ഇടയ്ക്കു മുന്നറിയിപ്പുകൊള്ളട്ടെ. ഇന്നത്തെ പാശ്ചാത്യനോവൽഈ മാർഗ്ഗങ്ങളിൽവെച്ചു മൂന്നാമത്തേതിനാണ് അത്യധികമായ പ്രാധാന്യം നല്കിയിരിയ്ക്കുന്നതു്

മനസ്സിന്റെ അപഗ്രഥനം ഇന്നത്തെ പാശ്ചാത്യനോവലിൽ പരമകാഷ്ഠ പ്രാപിച്ചിരിയ്ക്കുന്നു. ഏറ്റവും നിസ്സാരവും ക്ഷണഭംഗുരവുമായ ഒരു വികാരത്തെപ്പോലും, ഒരൊറ്റ തലമുടിയെ അനേകം ഭാഗങ്ങളായി വിഭജിച്ചു പരിശോധിയ്ക്കുന്നതുപോലെ

അപഗ്രഥിച്ചു പരിശോധിയ്ക്കുന്നതിൽ മാർസെൽ പ്രൂസ്റ്റ് എന്ന പ്രസിദ്ധഫ്രഞ്ചു നോവലെഴുത്തുകാരന്നുള്ള പാടവം അനന്യസാധാരണമാണു്. കൂടെ താഴ്ന്ന പടിയിലുള്ള ഇത്തരം സാമർത്ഥ്യം വർജീനിയ വുൾഫ്, ഡൊറൊത്തി റിച്ചാർഡ്സൺ എന്നീ ഇംഗ്ലീഷ് നോവലെഴുത്തുകാരികളും കാണിയ്ക്കുന്നുണ്ടു്. പ്രണയത്തിന്റെ ചില വശങ്ങളെ വിശകലനംചെയ്തു പ്രത്യക്ഷപ്പെടുത്തുന്നതിൽ ഇന്നത്തെ ഫ്രഞ്ചു നോവലെഴുത്തുകാരുടെ മുന്നണിയിൽ നില്ക്കുന്ന ഹെൻറി ഡെ മന്തർലൻറിനുള്ള പാടവം പ്രത്യേകമായിട്ടുള്ളതാണു. മന്തർലൻറിനെപ്പറ്റി കൂടുതൽ വിവരങ്ങളും ഇന്നത്തെ നോവലിനെപ്പറ്റി എഴുതാൻ വിചാരിയ്ക്കുന്ന രണ്ടാമത്തെ ലേഖനത്തിൽ നല്കുന്നതാണു്

ഇന്നത്തെ നോവലിന്റെ പുതിയ സാങ്കേതിക മാർഗ്ഗങ്ങൾ

19–ാംശതാബ്ദത്തിന്റെ പൂർവ്വാർദ്ധത്തിലേയും ഇന്നത്തേയും പാശ്ചാത്യനോവലുകൾക്കു തമ്മിലുള്ള മൂന്നാമത്തെ വ്യത്യാസം നോവലിന്റെ സാങ്കേതികമാർഗ്ഗത്തെ(Technique) സംബന്ധിച്ചുള്ളതാണു്. 19–ാംശതാബ്ദത്തിലെ നോവലിന്റെ സാങ്കേതികമാർഗ്ഗത്തിൽ പല പരിവർത്തനങ്ങളും വരുത്തി അതിനെ ഇന്നത്തെ നോവലാക്കിത്തീർത്തവരിൽ പ്രമാണികൾ ഫ്ളാബർട്ട്, കോൺറാഡ്, ഹെൻറി ജെയിംസ്, ജോയ്സ്, പ്രൂസ്റ്റ്, ഡൊറൊത്തി റിച്ചാർഡ്സൺ, വർജീനിയവുൾഫ് എന്നിവരാകുന്നു. ഇവരിൽ ജോയ്സ് വരുത്തിയ സാങ്കേതികമാർഗ്ഗപരിവർത്തനത്തെ എക്സ്പ്രഷണിസത്തെപ്പറ്റി ഈ ലേഖകൻ എഴുതിയിരുന്ന ലേഖനത്തിൽ വിവരിച്ചിരുന്നു. ഹെൻറിജെയിസും, പ്രൂസ്റ്റും വരുത്തിയ സാങ്കേതികമാർഗ്ഗപരിവർത്തനങ്ങളെപ്പറ്റി മാത്രമേ ഇവിടെ വിവരിയ്ക്കുന്നുള്ളൂ

ഹെൻറി ജെയിംസിന്റെ
സങ്കേതിക മാസ്റ്റർപീസ്

ആഖ്യായികാകർത്താക്കന്മാരെ നോവൽരചനയിൽ അത്യധികം സഹായിക്കുന്നവയും, എന്നാൽ പൊതുജനങ്ങൾക്കു തീരെ രസിക്കാത്തവയുമായ നോവലുകൾ രചിച്ചിട്ടുള്ള ഒരു ഗ്രന്ഥകാരനാണ് ഹെൻറി ജെയിംസ്. ഇദ്ദേഹം മരിച്ചിട്ട് ഇപ്പോൾ കുറേക്കാലം കഴിഞ്ഞിരിക്കുന്നു. ജെയിംസിനു മുമ്പുള്ള നോവലുകളിൽ, ഉദാഹരണമായി, ഡിക്കൻസ്, താക്കറേ, ഫ്ളാബർട്ട്, ടോൾസ്റ്റായി മുതലായവരുടെ നോവലുകളിൽ, ഗ്രന്ഥകാരന്റെ ചിന്തകളേയും വിമർശനങ്ങളേയും പ്രകടിപ്പിക്കുന്നവയോ വർണ്ണനാപരമായവയോ ആയ ഒരു ഭാഗം, ഇവയുടെ ഇടയ്ക്കു സംഭാഷണങ്ങളോടുകൂടിയ നാടകീയമായ രംഗങ്ങൾ അടങ്ങിയ ഒരു ഭാഗം, എന്നിങ്ങനെ രണ്ടു ഘടകങ്ങൾ അടങ്ങിയിരുന്നു. ആദ്യത്തെ ഘടകത്തിൽ നോവൽ കർത്താവു പാത്രങ്ങളെ വേണ്ടവിധത്തിൽ ഒരുക്കി നിറുത്തുകയും, രണ്ടാമത്തേതിൽ അവരെക്കൊണ്ടു വികാരങ്ങൾ ബഹിർഗ്ഗമിപ്പിക്കുകയുമാണ് ചെയ്തിരുന്നതു്. ജെയിംസ് ഈ പതിവിനെ തല കീഴായി മാറ്റുകയുണ്ടായി. സംഭാഷണത്തോടുകൂടിയ രംഗങ്ങളായ രണ്ടാമത്തെ ഘടകത്തെ പാത്രങ്ങളെ ഒരുക്കിനിർത്തുന്നതിനും, ഒരു പാത്രത്തിന്റെ പ്രവൃത്തി മറെറാരു പാത്രത്തിൽ എപ്രകാരം ഫലമുണ്ടാക്കിയെന്നു കാണിക്കുന്നതിനുമായി ജെയിംസ് ഉപയോഗപ്പെടുത്തി. ഒന്നാമത്തെ ഘടകത്തെ ഒരു പാത്രത്തിന്റെ വികാരങ്ങൾ അയാളുടെ മനസ്സിൽ വളർച്ച പ്രാപിച്ചുവരുന്നതിനെ പ്രത്യക്ഷപ്പെടുത്തുവാനാണ് ജെയിംസ് ഉപയോഗപ്പെടുത്തിയതു്. ഇതിന്റെ ഫലമായി ഈ രണ്ടാമത്തെ ഘടകം കഥാപാത്രത്തിന്റെ ആത്മഗതമോ, അയാളുടെ ഡയറിയുടേയോ, ലേഖനങ്ങളുടേയോ ഭാഗങ്ങളോ ആയി കലാശിക്കുകയും ചെയ്തു.

ജോയ്സും പ്രൂസ്റ്റും ജയിംസിന്റെ ഈ പരിഷ്കാരത്തെ പാടെ സ്വീകരിക്കുകയുണ്ടായി. രണ്ടാമത്തെ ഘടകത്തെ കഥാപാത്രത്തിന്റെ ഡയറിയുടേയോ, ലേഖനങ്ങളുടേയോ ഭാഗങ്ങളാക്കുന്നതിൽ മുന്നിട്ടുനിന്ന പ്രവർത്തിച്ച നോവൽകർത്താവു മുകളിൽ പ്രസ്താവിച്ചിരുന്ന ഫ്രഞ്ചുകാരൻ ജീഡാണ താനും.

ബഹിർലോകത്തിൽനിന്ന യാദൃച്ഛികകാര്യങ്ങളെ നോവലിൽ വലിച്ചുകൊണ്ടു കയറാതെ, കഥയ്ക്ക് സ്വയമേവ വളർച്ചയുണ്ടാകുവാൻ ഈ പരിഷ്കാരം സഹായിച്ചു. ഇതോടുകൂടിത്തന്നെ മറെറാരു പരിഷ്കാരവും നോവൽരചനയിൽ ജെയിംസ് കൊണ്ടുവന്നു. സർവ്വജ്ഞനായ ഗ്രന്ഥകർത്താവിനെക്കൊണ്ടു കഥ പറയിക്കാതെ അദ്ദേഹം ഒരു കഥാപാത്രത്തെക്കൊണ്ടു കഥ പറയിച്ചു. ഇതു നോവലിന്റെ നാടകീയതയും വർദ്ധിപ്പിക്കുന്നതിനു പര്യാപ്തമായി. തന്റെ "ദൂതന്മാർ" (Ambassadors) എന്ന നോവൽ ജയിംസ് ഈ സാങ്കേതികമാർഗ്ഗമനുസരിച്ചാണ് രചിച്ചതു്. കഥാപാത്രത്തിന്റെ വ്യക്തിപരമായ ബോധത്തിൽ പെടുന്നതിനെ മാത്രമേ അയാൾക്കു വിവരിക്കുവാൻ ഈ മാർഗ്ഗംകൊണ്ടു സാധിക്കുകയുള്ളുവെങ്കിലും, അതിനെ അഗാധമായി വിശകലനംചെയ്തു വിവരിക്കുവാൻ ഇതുനിമിത്തം അയാൾക്കു കഴിഞ്ഞു. ഇന്നത്തെ നോവലുകൾ സ്വീകരിച്ചിട്ടുള്ള മനസ്സിന്റെ അടിത്തട്ടുവരെ പ്രവേശിക്കുന്ന മനശ്ശാസ്ത്രതത്വങ്ങൾക്കു യോജിച്ച ഒരു പരിഷ്കാരമായിരുന്നു ഇതു്.

പ്രൂസ്റ്റും പാത്രസൃഷ്ടിയും

1922—ൽ മരിച്ച മാർസെൽ പ്രൂസ്റ്റ് പല പേരുകളോടുകൂടിയ പല ഭാഗങ്ങളടങ്ങിയ "ഭൂതകാലത്തെപ്പററിയുള്ള

ഒരു പര്യവേക്ഷണം" എന്ന ഭീമവും സുപ്രസിദ്ധവും അനന്യസ
ദൃശവുമായ ഒരു നോവൽ രചിക്കുകയുണ്ടായി. മനശ്ശാസ്ത്രജ്ഞാന
ത്തിൽ ഇതിനോടടുക്കുന്ന ഒരു നോവലും ഇന്നുവരെ ഉണ്ടായി
ട്ടില്ല. പ്രസ്തുത ഗ്രന്ഥനോവലിൽ പ്രൂസ്റ്റ് പാത്രസൃഷ്ടിയെ സം
ബന്ധിച്ചു സ്മരണീയമായ പരിഷ്കാരം കൊണ്ടുവന്നിട്ടുണ്ട്. ച
പലങ്ങളായ പല വികാരങ്ങളുടേയും കേന്ദ്രത്തിൽ അവയെ നി
യന്ത്രിക്കുന്ന ഒരു പ്രത്യേകമായ സ്ഥിരവികാരത്തെ സ്ഥാപിച്ച്
ഒരു പാത്രത്തിന്റെ സ്വഭാവത്തിന്നു ഒരു വ്യക്തിമുദ്രനല്കി പാ
ത്രസൃഷ്ടി ചെയ്യുകയായിരുന്നു ഫ്ലറായ്ഡിന്നു മുമ്പുള്ള നോവ
ലെഴുത്തുകാർ ചെയ്തിരുന്നതു്. ഇതുനിമത്തം പ്രസ്തുത കേന്ദ്രവികാ
രത്തിന്റെ സ്വഭാവമനുസരിച്ചു് പാത്രങ്ങളെ ശിഷ്ടപാത്രങ്ങ
ളെന്നും ദുഷ്ടപാത്രങ്ങളെന്നും, മഹാന്മാരെന്നും നീചരെന്നും ത
രംതിരിക്കുന്നതും പതിവായിരുന്നു. പ്രാചീനഭാരതീയാലങ്കാര
ന്മാരുടെ ധീരോദാത്താദിനായകവിഭാഗങ്ങളപ്പോലെ ഉപരി
പ്ലവമായ മനശ്ശാസ്ത്രജ്ഞാനത്തിൽനിന്നു ജനിച്ചവയാണു് പ്രസ്തു
തതരംതിരിപ്പുകൾ. വ്യക്തിമുദ്ര"(Personality" എന്ന ആശയം
കേവലം മിഥ്യയാണെന്നും, സകല മനുഷ്യരിലും സഹജമായി
കാണാവുന്നതും, ഒരു മനുഷ്യനേറെയും പ്രത്യേകനേട്ടമല്ലാത്തതു
മായ പരസ്പരവിരുദ്ധവികാരങ്ങളുടെ ഒരു ശിഥിലമായ കെട്ട
മാത്രമാണു ഒരു മനുഷ്യനെന്നും ഫ്രായ്ഡും ശിഷ്യരും സ്ഥാ
പിക്കുകയുണ്ടായി. ഈ തത്വം അനുസരിച്ചാണു്, "ഇന്നു മൂഢ
ന്മാർക്കും, നിരീക്ഷണശക്തിയില്ലാത്തവർക്കും മാത്രമേ പ്രബല
വും പൊന്തിച്ചുനില്ക്കുന്നതുമായ വ്യക്തിമുദ്ര ഉണ്ടായിരിക്കുകയു
ള്ളൂ" എന്നു് ആൾഡൊസ് ഹക്സ്ലി പറഞ്ഞിട്ടുള്ളതും. പ്രൂ
സ്റ്റ് ഇതിൽനിന്നു് ഒരടി മുന്നോട്ട പോവുകയാണു് ചെയ്തതു്.
വ്യക്തി എന്നതു് അപൂർണ്ണമായി സംഘടിപ്പിച്ചിട്ടുള്ള ചപ

ലവികാരങ്ങളുടെ ഒരു ശിഥിലമായ കെട്ടാണെന്ന സമ്മതിക്കു ന്നതിന്റെ പുറമെ, ആ വികാരങ്ങൾതന്നെ നാം സ്മരിക്കുന്നതോ സങ്കല്പിക്കുന്നതോ ആയ ഭൂതകാലത്തെ ഐന്ദ്രിയാനുഭവങ്ങളുടെ വിചിത്രങ്ങളായ പ്രതിബിംബനങ്ങൾ മാത്രമാണെന്ന സ്ഥാ പിക്കുന്ന രീതിയിൽ അദ്ദേഹം പാത്രസൃഷ്ടി ചെയ്യുകയും ചെയ്യു

ജോൺ, തോമസ് എന്ന രണ്ടു വ്യക്തികൾ തമ്മിൽ ക ണ്ടു സംസാരിക്കുമ്പോൾ, വാസ്തവത്തിൽ രണ്ടു വ്യക്തികളുടെ പ്രവർത്തനങ്ങളല്ല, പിന്നയോ, ആറു വ്യക്തികളുടെ പ്രവർത്ത നങ്ങളാണു നാം അവിടെ കാണുന്നതെന്നും, ഈ ആറു വ്യക്തി കൾ യഥാർത്ഥത്തിലുള്ള ജോണും, യഥാർത്ഥത്തിലുള്ള തോമ സും, ജോണ ഏതുതരം മനുഷ്യനാണെന്ന തോമസ് വിചാ രിക്കുന്നവോ ആ ജോണും, തോമസ് ഏതുതരം മനുഷ്യനാണെ ന്ന ജോൺ വിചാരിക്കുന്നവോ ആ തോമസും, താൻ ഏതുതരം മനുഷ്യനാണെന്ന ജോൺ വിചാരിക്കുന്നവോ ആ ജോണും, താ ൻ ഏതുതരം മനുഷ്യനാണെന്ന തോമസ് വിചാരിക്കുന്നവോ ആ തോമസും ആണെന്നും ഒളിവർ വെൻഡെൽ ഹോംസ് എന്ന അമേരിക്കൻ ഗ്രന്ഥകാരൻ പറഞ്ഞിട്ടുണ്ട്. പ്രൂസ്റ്റിന്റെ സിദ്ധാന്തമനുസരിച്ച് ഇവിടെ ആറു വ്യക്തികളല്ല, അതിൽ വളരെയധികം വ്യക്തികളാണ് വാസ്തവത്തിൽ പ്രവർത്തിക്കു ന്നതു്. എന്തെന്നാൽ ജോണിന്റേയും തോമസിന്റേയും സംഭാഷ ണവേളയിൽ അവരിൽ ഓരോരുത്തനും പൂർവ്വസ്മരണകൾ ഉണ്ടാ കുന്നതനുസരിച്ച് കൂടുതൽ വ്യക്തികളുടെ പ്രവർത്തനങ്ങളും അ വിടെ ഉണ്ടാകുന്നതാണ്. മുരുക്കത്തിൽ, പ്രൂസ്റ്റിന്റെ സാങ്കേതി കമാർഗ്ഗപരിഷ്കാരം നിമിത്തം ഇന്നത്തെപോൽ ചാതുനോവ ലെഴുത്തുകാർക്കു പാത്രസൃഷ്ടി വളരെ വൈഷമ്യകരവും, വളരെ സൂക്ഷിച്ചു ചെയ്യേണ്ടതുമായ ഒരു ജോലിയായി ഭവിച്ചിരിക്കുന്നു

19-ാം ശതാബ്ദത്തിലേയും ഇന്നത്തേയും പാശ്ചാത്യനോവലുകൾക്കു തമ്മിലുള്ള മൗലികമായ വ്യത്യാസം ഇന്നത്തെ നോവലുകളിൽ പലതിലും ഒരു രാഷ്ട്രീയമോ, സാമ്പത്തികമോ, സാമുദായികമോ ആയ സിദ്ധാന്തസ്ഥാപനത്തിനുവേണ്ടി പ്രചരണവേല ചെയ്യുന്ന പോക്കു കണ്ടുന്നതാണ്. ഇന്നത്തെ ഇംഗ്ലണ്ടിലെ ഒരു ജീവസാഹിത്യകവിയായ ഡോ ലെവിസ് ഇതിനെപ്പറ്റി ഇങ്ങനെ അഭിപ്രായപ്പെട്ടിരിയ്ക്കുന്നു. ഭാവിയിൽ "സാഹിത്യം വ്യക്തികൾ തമ്മിലുള്ള ബന്ധങ്ങളെക്കാൾ അധികം വ്യക്തികളുടെ സംഘങ്ങൾ തമ്മിലുള്ള ബന്ധങ്ങളെപ്പറ്റി പ്രതിപാദിയ്ക്കുന്നതായി ഭവിയ്ക്കും. അത് ഒരു പ്രവർത്തനത്തെപ്പറ്റിയുള്ള വിമർശനത്തിന്റെ സ്വഭാവത്തേക്കാൾ അധികം ഒരു പ്രവർത്തനത്തിലേയ്ക്കുള്ള മാർഗ്ഗദർശിയുടെ സ്വഭാവം പ്രദർശിപ്പിയ്ക്കുന്നതാണ്." സമുദായത്തിലെ അധഃസ്ഥിതരായ ഭൂരിപക്ഷക്കാരുടെ ജീവിതത്തെ ചിത്രീകരിക്കുന്നവകളിൽ വിവരിച്ച തരം നോവലുകളിൽ ചിലതിലും റഷ്യയിലെ സമുദായ നിർമ്മാണനോവലുകളിലുമാണ് ഈ പോക്കു കാണുന്നത്.

വ്യക്തികളായ പാത്രങ്ങളുടെ അഭാവം

ഡേ ലെവിസ് മുകളിൽ ചേർത്തിട്ടുള്ള ഉദ്ധാരണത്തിൽ പ്രസ്താവിച്ചിട്ടുള്ളതും, എക്സ് പ്രഷണിസം, ജീവത്സാഹിത്യം എന്നീ വിഷയങ്ങളെപ്പറ്റി ഈ ലേഖകൻ എഴുതിയിരുന്ന ലേഖനങ്ങളിൽ വിവരിച്ചിട്ടുള്ളതും വ്യക്തികൾക്കു പകരം സംഘങ്ങളെ കഥാപാത്രങ്ങളാക്കുന്നതുമായ ഇന്നത്തെ നോവലിന്റെ പോക്കാണ് 19-ാം ശതാബ്ദത്തിലേയും ഇന്നത്തേയും പാശ്ചാത്യനോവലുകൾക്കു തമ്മിലുള്ള അഞ്ചാമത്തെ വ്യത്യാസം. വ്യക്തികളുടെ പ്രവർത്തനങ്ങളെക്കുറിച്ചു പ്രതിപാദിക്കുന്നതിനു

പകരം ആശയങ്ങളുടെ പ്രവർത്തനങ്ങളെക്കുറിച്ച് പ്രതിപാദിക്കുവാനുള്ള ഒരു പോക്ക്" ആൾഡൊസ് ഹക്സിലി എന്ന ഇന്നത്തെ ഒരു ഇംഗ്ലീഷ് നോവലെഴുത്തുകാരന്റെ നോവലുകളിൽ കാണാവുന്നതാണ്. ഇന്നത്തെ നോവലിൽ പ്ലോട്ടിനുള്ള പ്രധാന്യം വളരെ കുറഞ്ഞിട്ടുണ്ട്. ഇങ്ങനെയുള്ള മറ്റു ചില വ്യത്യാസങ്ങളും പണ്ടത്തെ പാശ്ചാത്യനോവലിനും ഇന്നത്തേതിനും തമ്മിൽ കാണാവുന്നതാണ്

അവയുടെ ശാസ്ത്രീയങ്ങളായ തരംതിരിപ്പുകൾ

ഇന്നത്തെ പാശ്ചാത്യനോവലിന്റെ സാമാന്യമായ സ്വഭാവം—അതായതു്, ജീവിതത്തിന്റെ പരപ്പോളമുള്ള അതിന്റെ പരപ്പു, പ്രതിപാദ്യവിഷയത്തിന്റെ അടിത്തട്ടുവരെ എത്തുന്ന അതിന്റെ ആഴം, അശ്ലീലമെന്നോ പാപമെന്നോ പറഞ്ഞു ജീവിതത്തിലെ ചില പ്രധാനകാര്യങ്ങളെ ഒഴിഞ്ഞുകളയുന്ന പണ്ടത്തെ നോവലെഴുത്തുകാരുടെ മനസ്ഥിതിയുടെ അഭാവം, മനശ്ശാസ്ത്രത്തിന്റെ ഏറ്റവും നവീനങ്ങളായ കണ്ടുപിടുത്തങ്ങളെ. പ്രത്യേകിച്ചും ഫ്രായ്ഡിന്റെ കണ്ടുപിടുത്തങ്ങളെ, ആസ്പദിച്ചുള്ള നോവൽനിർമ്മാണം, അടുത്ത കാലംവരെ മിണ്ടാപ്രാണികളും ചൂഷിതരുമായിക്കിടന്നിരുന്ന അധഃസ്ഥിതവർഗ്ഗങ്ങളുടെ വീക്ഷണകോടിയുടെ പ്രതിബിംബനം, സാമ്പത്തികവും രാഷ്ട്രീയവുമായ പുതിയ സിദ്ധാന്തങ്ങളെ പ്രചരിപ്പിക്കുവാനുള്ള പോക്ക്, വ്യക്തിയേക്കാൾ സമുദായത്തിനു പ്രാധാന്യം കല്പിക്കുന്നതിലുള്ള താല്പര്യം മുതലായവ—കഴിഞ്ഞ ലേഖനത്തിൽ ഈ ലേഖകൻ വിവരിച്ചിരുന്നല്ലൊ. ഇതിലാകട്ടെ, ഇന്നത്തെ പാശ്ചാത്യനോവലിന്റെ തരങ്ങളേയും, ഇന്നത്തെ ചില പ്രധാനപാ

ശ്ചാത്യനോവലുകളേയും വിചാരിക്കുവാനാണ് ഉദ്യമിക്കുന്നതു്. ഈ തരംതിരിപ്പു നടത്തുവാൻ പോകുന്നതു് ഏറിയകൂറും അസന്ധേയങ്ങളായ തത്വങ്ങളെ ആസ്പദിച്ചല്ലെന്നും, ഒരു സ്വഭാവംനിമിത്തം ഒരു തരത്തിൽ ചേരുന്ന ഒരു നോവൽ അതിന്റെ മറ്റൊരു സ്വഭാവംനിമിത്തം മറ്റൊരു തരത്തിലും ചേർന്നേക്കുമെന്നും പ്രാരംഭമായി പറഞ്ഞുകൊള്ളട്ടെ

നദ്യോപമനോവലും സ്വകായ്വനോവലും

ഇന്നത്തെ പാശ്ചാത്യനോവലുകളെ ആദ്യമായി നദ്യോപമനോവൽ (Roman-fleuve) എന്നും, സ്വകായ്വനോവലെന്നും രണ്ടായി തരംതിരിയ്ക്കാവീന്നതാണ്. ഒരു മനുഷ്യന്റേയോ, രക്തബന്ധംകൊണ്ടോ, ബുദ്ധിപരമായ ചാർച്ചകൊണ്ടോ ബന്ധിയ്ക്കപ്പെട്ടിട്ടുള്ള ഒരു കൂട്ടം മനുഷ്യരുടേയോ ജീവിതത്തെ വർണ്ണിക്കുന്നതോടുകൂടി, അവരുടേയോ അവരുടേയോ കാലഘട്ടത്തിലെ ജീവിതത്തേയും വർണ്ണിക്കുന്ന ഒരു നോവൽപരമ്പരയാണ് നദ്യോപമനോവൽ. നേരേമറിച്ചു്, മനുഷ്യരുടെ സ്വകായ്വജീവിതത്തെമാത്രം വർണ്ണിയ്ക്കാവുള്ള ഒരു സാധാരണനോവലാണ് സ്വകായ്വനോവൽ. സുപ്രസിദ്ധ ഫ്രഞ്ചുകാരനായ റൊമെയിൻ റോളണ്ടാണ് നദ്യോപമനോവലിന്റെ ജനയിതാവ്. അദ്ദേഹത്തിന്റെ നാലുവാല്യങ്ങളിലുള്ള "ജാൺക്രിസ്റ്റോഫർ" എന്ന നോവലാണ് ആദ്യമായുണ്ടായ നദ്യോപമനോവൽ. 1909-ൽ പ്രസിദ്ധപ്പെടുത്തിത്തുടങ്ങിയ ഈ നോവലിനെപ്പറ്റി റോമെയിൻറോളണ്ട് ചുരുക്കി ചേർക്കുന്നപ്രകാരം പറഞ്ഞിരിക്കുന്നു:—

"ഞാൻ ഒരു നോവൽ രചിക്കുന്നതിനു തുനിയുന്നില്ല. ഒരു മനുഷ്യനെയാണ് ഞാൻ സൃഷ്ടിക്കുന്നത്. ഒരു മനുഷ്യന്റെ ജീവിതത്തെ ഒരു സാഹിത്യരൂപത്തിൽ പ്രതിപാദിക്കുക മാത്രമേ

ഞാൻ ചെയ്യുന്നുള്ളൂ. അയാളുടെ ജീവിതം ഇവിടെ പ്രകൃതിയുടെ ഒരു ശക്തി മാത്രമാണ്. "ജാൺക്രിസ് റൊഫർ" ഒരു നദിപോലെയാണെന്നു എനിയ്ക്കു തോന്നുന്നു." ഈ നദിയോടുള്ള ഉപമയിൽനിന്നാണ് അതിനു നദ്യോപമനോവലെന്ന പേരു കിട്ടിയതും

ജോൺക്രിസ്റ്റോഫർ

വാസനാനുഗ്രഹിതനും ഒരു സംഗീതജ്ഞനുമായ ജാൺക്രിസ് റൊഫർ എന്നൊരാളുടെ ജീവചരിത്രമെന്ന ഭാവത്തിലാണ് റോളണ്ട് "ജാൺക്രിസ് റൊഫറെ" രചിച്ചിട്ടുള്ളതു്. സത്യത്തെ—സമ്പൂർണ്ണവും കളങ്കമറ്റതുമായ സത്യത്തെ—മുറുകെ പിടിയ്ക്കുന്നവനാണ് ഇതിലെ കഥാനായകനായ ജാൺക്രിസ് റൊഫർ. ജാൺക്രിസ് റൊഫർ സ്വീകരിച്ചിട്ടുള്ള യഥാർത്ഥ സത്യവും, തങ്ങളുടെ സാമുദായികനിയമങ്ങളിൽ ലോകർ സ്വീകരിച്ചിട്ടുള്ള അർദ്ധസത്യങ്ങളും തമ്മിലുള്ള ഒരു പോരാട്ടമാണു നാം ഈ നോവലിൽ കാണുന്നതു്. ഇതിൽ കൃത്രിമമായ പ്ലാട്ടിന്നുമില്ലെന്നു മുകളിൽ ഉല്ലേഖിച്ച ഭാഗത്തിൽ റോളണ്ട് ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ജീവിതനദിയിലൂടെയുള്ള ജാൺക്രിസ്റ്റോഫരുടെ സഞ്ചാരത്തിനിടയ്ക്ക് അദ്ദേഹത്തിനു സംഭവിയ്ക്കുന്ന മാനസികാനുഭവങ്ങളെയാണ് ഏറിയകൂറും ഇതിൽ വർണ്ണിച്ചിരിയ്ക്കുന്നതു്. ക്രിസ്റ്റോഫരുടെ ജീവിതത്തെ വർണ്ണിക്കുന്നതോടുകൂടി അദ്ദേഹത്തിനു സമ്പർക്കമുണ്ടാകുന്ന ഒട്ടനവധി മനുഷ്യരുടെ ചിത്രങ്ങളും റോളണ്ട് ഈ നോവലിൽ വരച്ചിട്ടുണ്ട്. ഈ നോവൽ പതൊമ്പതാം ശതാബ്ദത്തിന്റെ അന്ത്യദശകത്തിലേയും ഇരുപതാം ശതകത്തിന്റെ ആദ്യദശകത്തിലേയും യൂറോപ്പിലെ ജീവിതത്തെ വിമർശിച്ചു വർണ്ണിക്കുന്നുണ്ടെന്നു് ചുരുക്കത്തിൽ പറയാം

സലവിൻ

ഇന്നത്തെ മറെറാരു പ്രസിദ്ധ നദ്യോപമനോവൽ ജോർജ്ജ് ഗിഹമെൽ എന്ന ഫ്രഞ്ചുകാരൻ നാലു വാല്യങ്ങളിൽ രചിച്ച "സലവിൻ" എന്ന നോവൽപരമ്പരയാണ്. ഒരു സന്ന്യാസിയാകാൻ നിശ്ചയിച്ച സലവിൻ എന്ന ഒരു ഫ്രഞ്ചുകാരന്റെ ചരിത്രമാണ് ഇതിലെ വിഷയം. വികാരപരതപ്പം പൊന്തിച്ചു നില്ക്കുന്ന സ്വഭാവക്കാരനും എന്നാൽ ഈ വികാരതീക്ഷ്ണതയെ പ്രായോഗികമായ കായ്ങ്ങളിൽ പ്രയോഗിച്ചു ജീവിതത്തിൽ വിജയം നേടാൻ കെല്പില്ലാത്തവനുമായ ഒരു മനുഷ്യനിൽ തൊഴിലില്ലായ്മ വരുത്തിവെയ്ക്കുന്ന മാനസികവും ശാരീരികവുമായ അധഃപതനമാണ് ഈ നോവലിന്റെ ഒന്നാം ഭാഗം വളരെ ഭംഗിയായി വർണ്ണിച്ചിരിയ്ക്കുന്നത്. തന്റെ മുതലാളിയിൽ കൈവച്ചതുനിമിത്തം തൊഴിലില്ലാത്തവനായി ഭവിച്ച സലവിൻ പാരിസ്സിലെ തെരുവുകളിൽ അലഞ്ഞു നടക്കുന്നതും ദരിദ്രരും തെമ്മാടികളുമായി അദ്ദേഹം അപ്പോൾ കൂട്ടിമുട്ടുന്നതും, മനസ്സില്ലാമനസ്സോടുകൂടി അദ്ദേഹം തൊഴിൽ അന്വേഷിയ്ക്കുന്നതും ഒടുക്കം നൈരാശ്യത്താൽ അദ്ദേഹം അലസതയിൽ ചെന്നു ചാടുന്നതും ഒന്നാം ഭാഗത്തിൽ ഗ്രന്ഥകാരൻ ഭയങ്കരമായ യാഥാർത്ഥ്യത്തോടും വിശ്വാസജനകമായ രീതിയിലും വർണ്ണിയ്ക്കുന്നുണ്ട്. ഒടുക്കം സലവിനു തന്നോടു തന്നെ വെറുപ്പു തോന്നിയതിനാൽ, തന്റെ ഭവനത്തേയും, മാതാവിനേയും, താൻ കല്യാണം കഴിയ്ക്കുവാൻ നിശ്ചയിച്ചിരുന്ന മാർഗരെറ്റ് എന്ന യുവതിയേയും ഉപേക്ഷിച്ചു സലവിൻ അർദ്ധരാത്രിയിൽ പാരിസ്സിലെ ഒരു ഹോട്ടലിൽ ചെന്ന് അവിടെ ഉണ്ടായിരുന്ന ഒരു അന്യനോടു തന്റെ ചരിത്രം മുഴുവനും പറഞ്ഞുകേൾപ്പിയ്ക്കുന്നു

സലവിന്റെ നാല്പതു വയസ്സുള്ളപ്പോഴുള്ള കഥയാണ് രണ്ടാം വാല്യത്തിൽ വർണ്ണിച്ചിരിക്കുന്നതു്. അപ്പോഴേക്കും ഗൃഹസ്ഥാശ്രമം പ്രാപിച്ചിരുന്ന സലവിൻ ഒരു സന്യാസിയാകുവാൻ നിശ്ചയിക്കുന്നു. ഈ നിശ്ചയവും, തദനുസരണമുള്ള പ്രവൃത്തികളും നിമിത്തം അദ്ദേഹം തന്റെ ഭാര്യയായ മാർഗരറിനെയും മറ്റു ബന്ധുക്കളേയും വളരെ വിഷമിപ്പിക്കുന്നു. ക്ഷമ, സ്നേഹം, മന്ദഗതി എന്നിവയുടെ മൂർത്തീകരണമായ മാർഗരറിനെ ബ്രഹ്മചര്യപരിപാലനാർത്ഥം സലവിൻ ഉപേക്ഷിക്കുന്നു. കഷ്ടതകളും സഹിച്ചു ജീവിക്കുവാനുള്ള അദ്ദേഹത്തിന്റെ ഉദ്യമങ്ങളിടയ്ക്കു്, അവയുടെ ഫലമായി അദ്ദേഹത്തിനു നപുംസകമോണിയ രോഗം പിടിപെട്ട കുറേക്കാലം വലയേണ്ടിവന്നു. ആദ്യത്തെ വാല്യം ഗ്രഹമെൽ സലവിന്റെ വാക്കുകളിലും, രണ്ടാമത്തേതു സലവിന്റെ ഡയറിയിൽനിന്നുള്ള ഉദ്ധരണങ്ങളുടെ രൂപത്തിലുമാണ് രചിച്ചിട്ടുള്ളതു്. ശേഷിച്ച രണ്ടു വാല്യങ്ങളിലും ഗ്രന്ഥകാരൻ തന്നെയാണ് കഥ പറയുന്നതു്

മൂന്നാമത്തെ വാല്യത്തിൽ സലവിൻ വിപ്ലവപരമായ കാര്യപരിപാടിയുള്ള ഒരു രാഷ്ട്രീയ കക്ഷിയിൽ ചേരുകയും, അതിന്റെ പ്രവർത്തനങ്ങളിലൂടെ ആദ്ധ്യാത്മിക മേന്മ കരസ്ഥമാക്കുവാൻ അദ്ദേഹം ശ്രമിക്കുകയും ചെയ്യുന്നു. ഈ വിപ്ലവകക്ഷിയിലെ അംഗങ്ങളെ ഗ്രഹമെൽ വളരെ ഭംഗിയായി ചിത്രീകരിക്കുന്നുണ്ടു്. ഇവരിൽ രാഷ്ട്രീയകാര്യങ്ങളിൽ വിവേകശൂന്യനായി തലയിടുന്ന പ്രസന്നശീലനും സുഖിയനുമായ സീസർ ഡെവ്രിഞ്ഞി എന്ന വ്യവസായ പ്രവർത്തകന്റെ ചിത്രം പാത്രസൃഷ്ടിയിലുള്ള ഗ്രഹമെലിന്റെ സാമർത്ഥ്യത്തിന്നു് ഒരു മകുടോദാഹരണമാണു്. നാലാം വാല്യത്തിൽ, തന്റെ രാഷ്ട്രീയപ്രവർത്തനംമൂലം തനിയ്ക്കു് ആദ്ധ്യാത്മികമേന്മനഷ്ടപ്പെട്ടു

ട്ടില്ല എന്ന മനസ്സിലാക്കിയ സലവിൻ ആഫ്രിക്കായിലുള്ള ടണിസ്സിൽചെന്ന വീരകൃത്യങ്ങൾ ചെയ്ത് ഒരു യതിയായിത്തീരുവാൻ തീരുമാനിച്ചു. അവിടേയ്ക്കു പോകുന്ന. അവിടെ അദ്ദേഹം ഒരു ഗ്രാമഫോൺഷോപ്പ് സ്ഥാപിയ്ക്കുകയും, സഹജമായ ഉദാസീനതയോടു് അതു നടത്തുന്നതിനിടയ്ക്കു, നാട്ടുകാർക്കായി അവിടെ സ്ഥാപിച്ചിട്ടുള്ള ഒരു ആസ്പത്രിയിൽ ചെന്ന ഭയങ്കരങ്ങളും മാരകങ്ങളുമായ പകർച്ചരോഗങ്ങൾ പിടിപെട്ടിട്ടുള്ള രോഗികളെ അദ്ദേഹം ശുശ്രൂഷിയ്ക്കുകയും ചെയ്യുന്നു. ഈ കാലത്തിൽ തന്റെ പ്രസ്താവധീരപ്രവൃത്തികൾമൂലം അദ്ദേഹത്തിന്നു തന്റെ സ്നേഹിതന്മാരിൽ തന്നോടു ബഹുമാനം ജനിപ്പിയ്ക്കുവാൻ സാധിച്ചു എങ്കിലും, ഇതുനിമിത്തവും തനിക്കു സാരമായ ആധ്യാത്മികമേന്മ ലഭിച്ചതായി അദ്ദേഹം വിചാരിക്കുന്നില്ല. ഇങ്ങിനെ ടുണിസ്സിൽ പാർത്തുകൊണ്ടിരിക്കുമ്പോൾ അദ്ദേഹം നല്ലവനാക്കാൻ ശ്രമിച്ച നാട്ടുകാരനായ അദ്ദേഹത്തിന്റെ ഒരു ഭൃത്യൻ അദ്ദേഹത്തെ വെടിവെച്ചുകൊല്ലുന്നു. താൻ ഉപേക്ഷിച്ച ഭാര്യയായ മാർഗരറ്റിന്റെ അന്ത്യശുശ്രൂഷകൾ അനുഭവിച്ചും, അവളോടു തന്റെ പരാജയം സമ്മതിച്ചുംകൊണ്ടുമാണ് സലവിൻ മരിക്കുന്നത്. ഒരു മനുഷ്യനെ സന്ന്യാസിയാകുവാൻ പ്രേരിപ്പിക്കുന്ന പ്രധാനവികാരം, തന്റെ ഹീനവികാരങ്ങളെ തന്റെ ശ്രേഷ്ഠവികാരങ്ങൾക്കുവേണ്ടി ബലികഴിച്ചു ദൈവത്തോടുള്ള സാദൃശ്യം വർദ്ധിപ്പിച്ചു ദൈവത്തിന്റെ ശക്തിയുടെ ഒരു പങ്കുപറ്റി തന്റെ ശക്തിയും സ്വാധീനതയും വർദ്ധിപ്പിക്കുവാനുള്ള മോഹമാണെന്നു പ്രൊഫസ്സർ സെൽബി മുതലായ ചില മനശ്ശാസ്ത്രജ്ഞന്മാർ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ഈ മോഹം ഫലവത്താകുന്നതിന്നു അതിയായ വികാരതീക്ഷ്ണത ഒരു പ്രതിബന്ധമായിരിക്കുമെന്നു കാണിക്കുവാനാണ് ഡഹമെൽ ഈ നോവലിൽ ഉദ്ദേശിച്ചിട്ടുള്ളതന്നതോന്നുന്നു

മറ്റു ചില നദ്യോപമനോവലുകൾ

അഞ്ചു ഭാഗങ്ങളുള്ള മാർസെൽ പ്രൂസ്റ്റിന്റെ "ഭൂത കാലത്തിന്റെ പ്രതിവീക്ഷണം", ഇരുപത്തിഏഴു ഭാഗങ്ങളായി പ്രസിദ്ധപ്പെടുത്തുവാൻ വിചാരിച്ചിട്ടുള്ളതും ഇതുവരെ പത്തുഭാഗങ്ങൾ പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതുമായ ജൂലിയസ് റൊമയിൻസ് എന്ന ഫ്രഞ്ചുകാരന്റെ "സന്മനസ്സുള്ള മനുഷ്യർ", പത്തു വർഷങ്ങൾകൊണ്ടു അനേകം വാല്യങ്ങളായി പ്രസിദ്ധപ്പെടുത്തിയ മാർട്ടിൻ ഡ് ഗാർഡ് എന്ന ഫ്രഞ്ചുകാരന്റെ "തിബാൾട്ട് കുടുംബത്തിന്റെ ചരിത്രം" എന്നിവ മറ്റുചില പ്രസിദ്ധ നദ്യോപമനോവലുകളാകുന്നു. പ്രൂസ്റ്റിന്റെ നോവൽ മറ്റൊരുതരം നോവലിലുംകൂടി ചേരുന്നതിനാൽ അതിനെപ്പറ്റി പ്രതിപാദിയ്ക്കുമ്പോൾ പ്രൂസ്റ്റിന്റെ നോവലിനെക്കുറിച്ചു കൂടുതൽ വിവരങ്ങൾ നല്കുന്നതാണ്. ഇക്കഴിഞ്ഞ മഹായുദ്ധത്തിനു മുമ്പുള്ള കാലഘട്ടത്തിലെ ഫ്രാൻസിലെ ജീവിതമാണ് ജൂലിയസ് റൊമയിൻസിന്റെ "സന്മനസ്സുള്ള മനുഷ്യർ" എന്ന അതിമഹിമമായ നോവൽ വർണ്ണിയ്ക്കുന്നത്. മാർട്ടിൻ ഡ് ഗാർഡിന്റെ "തിബാൾട്ട്" കുടുംബത്തിന്റെ ചരിത്രം" തിബാൾട്ട് എന്നും, ഫൊണ്ടെയിൻ എന്നും പേരുകളുള്ള രണ്ടു ഫ്രഞ്ചുകുടുംബങ്ങളിലെ അംഗങ്ങളുടെ ചരിത്രം വർണ്ണിയ്ക്കുന്നു. ജൂലിയസ റൊമയിൻസിന്റെയും മാർട്ടിൻ ഡ് ഗാർഡിന്റെയും പ്രസ്തുത നോവലുകൾക്കു "ജാൺക്രിസ്റ്റോഫറി"ലും "സലവിനി"ലുംകാണുന്ന കലാപരമായ ഐക്യം സിദ്ധിച്ചിട്ടില്ല എന്നു ചൂണ്ടിക്കാണിക്കേണ്ടിയിരിയ്ക്കുന്നു. ഇംഗ്ലീഷുനോവലുകളുടെ കൂട്ടത്തിൽ ഗാൽസ്വർത്തിയുടെ "ഫോർസൈറ്റ് സാഗ"യും, ആർനോൾഡ് ബെന്നെറ്റിന്റെ "ക്ലേഹാംഗ്രേം" നദ്യോപമനോവലുകളാണ്

രണ്ടു മനശ്ശാസ്ത്രസിദ്ധാന്തങ്ങളും

ഇന്നത്തെ പാശ്ചാത്യനോവലിനെ നവീന മനശ്ശാസ്ത്ര സിദ്ധാന്തങ്ങളെ ആസ്പദിച്ചാണ് രചിച്ചുവരുന്നതെന്നു മുമ്പു ചൂണ്ടിക്കാണിച്ചിരുന്നല്ലോ. ഇന്നു പാശ്ചാത്യലോകത്തിൽ പ്രാബല്യത്തിലിരിക്കുന്ന രണ്ടു മനശ്ശാസ്ത്രസിദ്ധാന്തങ്ങളും ഫ്രോയ്ഡിന്റെ മാനസികാപഗ്രഥനവും (Psycho-analysis) വാട്ട്സന്റെ മെറാബിഹേവിയറിസവുമാണ്. മെറാബിഹേവിയറിസത്തെ പ്രവൃത്തിശീലനവാദമെന്നു തർജ്ജിമചെയ്യാം. ഈ രണ്ടു വാദങ്ങളിൽ ഒന്നിനെയല്ലെങ്കിൽ മറ്റൊന്നിനെ ആധാരമാക്കിയാണ് ഇന്നത്തെ പാശ്ചാത്യനോവലുകളെ രചിച്ചുവരുന്നത്. ഭാരതീയതത്ത്വശാസ്ത്രത്തിലെ സാങ്കേതികപദങ്ങളും പ്രയോഗിച്ചു മാനസികാപഗ്രഥനത്തെ ചില മൌലികവൃത്യാസങ്ങളോടുകൂടിയ ഒരുതരം സഭാവവാദമായും, ബിഹേവിയറിസത്തെ ചില മൌലികവൃത്യാസങ്ങളോടുകൂടിയ ഒരുതരം പ്രതിന്യാസമൂൽപാദനവാദമായും വിവരിയ്ക്കാവുന്നതാണ്. ഭാരതത്തിലെ ചാർവ്വാകമതത്തിൽ അന്തർഭവിച്ചിട്ടുള്ള മനശ്ശാസ്ത്രതത്ത്വങ്ങളോടടുക്കുന്ന സാദൃശ്യവും ബിഹേവിയറിസത്തിനുണ്ട്.

മാനസികാപഗ്രഥനം

ഒരു മനുഷ്യനിൽ പാരമ്പര്യസിദ്ധമായ രണ്ടു വാസനകൾ (instincts)—അതായതു, വർഗ്ഗസംരക്ഷണ, അഥവാ ലൈംഗികവാസന (racepreservative or sex instinct) ആത്മസംരക്ഷണവാസന (self-preservative orego instinct) എന്നിവ—കൂടിക്കൊള്ളുന്നുണ്ടെന്നും, വർഗ്ഗസംരക്ഷണവാസന

യിൽ അടങ്ങിയിട്ടുള്ള ശക്തിയ്ക്കു ലിബിഡോ, അതായതു ആനന്ദാന്വേഷണശക്തി, അഥവാ കാമം എന്ന പേരുകൊടുക്കാമെന്നും, ശൈശവത്തിൽ ഈ ലിബിഡോ ജനനേന്ദ്രിയങ്ങളിൽ മുഖേനയല്ല, പിന്നെയോ ശരീരത്തിന്റെ സകലഭാഗങ്ങളിൽക്കൂടിയും പ്രത്യേകിച്ചു, വായ്, ഗുദം എന്നിവയിൽക്കൂടിയുമാണ് തൃപ്തിയടയുന്നതെന്നും, മാതാവിന്റെ മുലയാണ് ശൈശവത്തിൽ ഈ ലിബിഡോയെ തൃപ്തിപ്പെടുത്തുന്ന ഒരു മുഖ്യസാധനമെന്നും മാനസികാപഗ്രഥനം വാദിയ്ക്കുന്നു. പ്രസ്തുത രണ്ടു വാസനകളിൽ ലൈംഗികവാസന ഒരു സാധനത്തിനു പകരം മറെറാന്നു പ്രയോഗിച്ചു തൃപ്തിപ്പെടുത്താവുന്ന ഒന്നാണെന്നും, ഈ ഉപകല്പനത്തിന്ന്, അതായതു പകരം വെയ്ക്കലിന്നു സബ്ളിമേഷൻ എന്ന പേരു നല്കാമെന്നും, നേരേമറിച്ചു വിശപ്പിനെ ഒരുദാഹരണമായി എടുക്കാവുന്ന ആത്മസംരക്ഷണവാസനയ്ക്കു ഒന്നിനു പകരം മറെറാന്നു പ്രയോഗിച്ചു തൃപ്തിപ്പെടുത്താവുന്ന ഒന്നല്ലെന്നും മാനസികാപഗ്രഥനവാദക്കാർ വിശ്വസിയ്ക്കുന്നു. ഈ രണ്ടു വാസനകളുടേയും ബഹിർഭാഗങ്ങളും ബോധത്തിൽ (consciousness) പെടാത്തതും, മൃഗീയവികാരങ്ങളും കൊണ്ടുമാത്രം നിറഞ്ഞതുമായ ഉപബോധമനസ്സിൽ (the subconsions) അഥവാ ഇട്ടിൽ (the id) സ്ഥിതിചെയ്യുന്നവയാണെന്നും, ജാഗ്രാവസ്ഥയിൽ ബോധത്തിൽ പെടുന്ന മനസ്സിന്റെ ഭാഗത്താൽ നിയന്ത്രിയ്ക്കപ്പെടുന്ന ഉപബോധമനസ്സിന്റെ അനിയന്ത്രിതമായ പ്രവർത്തനം സ്വപ്നവേളയിൽ നല്ലപോലെ കാണാവുന്നതാണെന്നും മാനസികാപഗ്രഥനം സിദ്ധാന്തിയ്ക്കുന്നു. ബോധമുള്ള മാനസികഭാഗത്തിൽ പെട്ടതും ഉപബോധമനസ്സിനെ നിയന്ത്രിയ്ക്കുന്നതുമായ രണ്ടു ശക്തികളും ഈഗോ, സൂപ്പർഈഗോ എന്നിവയാണെന്നും, ലൈംഗികവാസനയെ പ്രകൃതിയോടു (reality-principle)

ഇണക്കുവാൻ ശ്രമിയ്ക്കുകയും മറ്റുമാണ് ഇതൊ ചെയ്യുന്നതെന്നും, ജനനാനന്തരംസൃഷ്ടിയ്ക്കപ്പെടുന്നതും, അന്തഃകരണം, സന്മാർഗ്ഗ ബോധം മുതലായവയുടെ ജനയിതാവുമായ സൂപ്പർ ഇഗോവിന്റെ സൃഷ്ടിയിൽ, ശിശുവിന്റെ ഈഡിപ്പസ് കോംപ്ലെക്സ് എന്ന സങ്കീർണ്ണവികാരം മുഖേന മാതാപിതാക്കന്മാർക്കു, പ്രത്യേകിച്ചു പിതാവിന് ഒരു സർവ്വപ്രധാനമായ പങ്കുണ്ടെന്നും, മാനസികാപഗ്രഥനവാദികൾ വിചാരിയ്ക്കുന്ന, ലൈംഗികവാസനയും (pleasure principle) പ്രകൃതിയും (reality principle) തമ്മിൽ ഒരു ശിശുവിന്റെ മനസ്സിൽവെച്ചു സദാ പോരാട്ടം നടത്തിക്കൊണ്ടിരിയ്ക്കുന്നു എന്നും; ഈ ആന്തരികസമരം (internal conflict) തുടർന്നുകൊണ്ടുപോകുവാൻ അനുവദിയ്ക്കുന്നതായാൽ അങ്ങിനെയുള്ള ഒരു മനുഷ്യൻ സാമുദായികജീവിതത്തിനു കൊള്ളരുതാത്തവനായി പരിണമിയ്ക്കുമെന്നും സ്ഥാപിച്ചതിനു ശേഷം ഈ ആന്തരികസമരത്തിന്റെ ദുഷ്പ്രഭലങ്ങളെ ശമിപ്പിയ്ക്കുവാനുള്ള ഒരു ചികിത്സാമാർഗ്ഗവും മാനസികാപഗ്രഥനം നിർദ്ദേശിക്കുന്നുണ്ട്. മാനസികാപഗ്രഥനത്തിനു ചില ഉപസിദ്ധാന്തങ്ങളുമില്ലാതില്ല: സ്ത്രീയും പുരുഷനും എന്നു രണ്ടു വർഗ്ഗങ്ങൾ മാത്രമല്ല ലോകത്തിലുള്ളതെന്നും, ഒരു സ്ത്രീയിൽ സ്ത്രീത്വത്തിന്റെ അംശങ്ങളോടുകൂടി പുരുഷത്വത്തിന്റെ അംശങ്ങളും, പുരുഷനിൽ പുരുഷത്വത്തിന്റെ അംശങ്ങളോടുകൂടി സ്ത്രീത്വത്തിന്റെ അംശങ്ങളും കലർന്നിരിക്കുമെന്നും, സ്ത്രീത്വത്തിന്റേയും പുരുഷത്വത്തിന്റേയും പല അളവുകളിലുമായുള്ള കലർപ്പുനിമിത്തം സ്ത്രീ, പുരുഷൻ എന്നീ രണ്ടു വർഗ്ഗങ്ങളെ കൂടാതെ അവരുടെ ഇടയ്ക്കായി പല വർഗ്ഗങ്ങളും ഉണ്ടായിരിക്കുന്നതായി കാണാമെന്നും ഇതുനിമിത്തമാണ് സ്വവർഗ്ഗസംഭോഗവാസന പ്രായപൂർത്തിവന്ന ചിലരിൽ കാണുന്നതെന്നും, കാമം വൈവിധ്യ

ത്തെ ഇഷ്ടപ്പെട്ടന്നുണ്ടെന്നും, കാമത്തിന്റെ എത്രമാത്രം തൃപ്തിവ
ന്നാലും ആ തൃപ്തി ഒരിക്കലും സമ്പൂർണ്ണമായിരിക്കുകയില്ലെന്നും,
അതുപൽകൃഷ്ടങ്ങളായ ഉദ്ദേശങ്ങളോടുകൂടി നാം ചെയ്യുന്ന
നാം ദൃഢമായും സത്യമായും വിശ്വസിക്കുന്ന പ്രവൃത്തികളുടെ
നായവേരു ബോധത്തിൽപെടാതെ ഉപബോധമനസ്സിന്റെ ഒളി
ച്ചുകിടക്കുന്ന അതിനികൃഷ്ടങ്ങളായ വികാരങ്ങളിൽ ചെന്നു ഉറ
ച്ചുനില്ക്കുന്നുണ്ടെന്നും ചിലപ്പോൾ വന്നേയ്ക്കാമെന്നുമാണ് മാന
സികാപഗ്രഥനത്തിന്റെ ചില പ്രധാനോപസിദ്ധാന്തങ്ങൾ

ബിഹേവിയറിസം

പാരമ്പര്യസിദ്ധമായ വാസനകളെ വിഗണിക്കുന്നതും
ഏതുതരം പ്രത്യാഘാതങ്ങളും (Reactions) നാം ഒരു മനുഷ്യനി
ൽനിന്നു ആവശ്യപ്പെടുന്നുവോ അവയെ ജനിപ്പിക്കുവാൻ പ
ര്യാപ്തങ്ങളായ പ്രേരണകളും (Stimuli) നാം ആ മനുഷ്യനിൽ
പ്രയോഗിച്ചാൽ, അതിന്റെ ഫലമായുണ്ടാകുന്ന നിർമ്മിതപ്ര
ത്യാഘാതങ്ങളും (Conditioned reflexes) നാം ആവശ്യപ്പെട്ട
പ്രകാരമുള്ളവയായിരിക്കുമെന്നു വാദിക്കുന്നതും തന്നിമിത്തം
പരിഗണിതിയുടെ പ്രവർത്തനത്തിന്റെ ഫലമാണ്, പാരമ്പ
ര്യത്തിന്റെ പ്രവർത്തനത്തിന്റെ ഫലമല്ല, നാം മനുഷ്യനിൽ
പ്രത്യക്ഷത്തിൽ കാണുന്നതെന്നു ശഠിക്കുന്നതുമായ ഒരു മനശ്ശാസ്ത്ര
സിദ്ധാന്തമാണ്, ബിഹേവിയറിസം. ബിഹേവിയറിസത്തിനു
വഴി തെളിയിച്ച ശാസ്ത്രീയപര്യവേക്ഷണങ്ങളും പവ്ലോവ്
എന്ന ജീവശാസ്ത്രജ്ഞൻ റഷ്യയിൽവെച്ചു നടത്തിയതിനാലും,
ഈ പര്യവേക്ഷണഫലങ്ങളെ ആസ്പദിച്ച് ഒരു മനശ്ശാസ്ത്രസിദ്ധാ
ന്തം അമേരിക്കയിലെ യുണൈറ്റഡ് സ്റ്റേറ്റ്സിൽവെച്ചു വാട്ട്
സൻ നിർമ്മിച്ചതിനാലും, ബിഹേവിയറിസത്തിനു റഷ്യയിലും

അമേരിക്കയിലുമാണ് അധികമായ പ്രചാരമുള്ളത്. പ്രസ്തുത രണ്ടു സിദ്ധാന്തങ്ങൾക്കും ഒന്നുപോലെ ശാസ്ത്രീയമായ പിന്താങ്ങുകാരും ഉണ്ടെങ്കിലും, കൂടുതൽ പ്രാബല്യവും പ്രചാരവും മാനസികാപഗ്രഥനത്തിനാണുള്ളത്. ഇവ രണ്ടിനും തമ്മിൽ പ്രത്യക്ഷത്തിൽ കാണുന്നതുപോലെയുള്ള അകൽച്ച വാസ്തവത്തിലില്ലെന്നും, വാട്സന്റെ പ്രത്യാഘാതങ്ങൾക്ക് (Reflexes) ഫ്രായ്ഡിന്റെ വാസനകളോട് (Instincts) ഒരുവിധം സാദൃശ്യമുണ്ടെന്നും, ലിബിഡോയുടെ നിഷ്ക്രമണാർത്ഥം വിവിധമാർഗ്ഗങ്ങളെ കണ്ടുപിടിക്കുവാനുള്ള അന്വേഷണങ്ങളായി ഫ്രായ്ഡ് വിവരിച്ചിട്ടുള്ള പ്രവർത്തനങ്ങളെ, ആവശ്യമുള്ള പ്രത്യാഘാതങ്ങൾ ജനിപ്പിക്കുവാനുള്ള പ്രേരണകളുടെ (Stimuli) പ്രയോഗങ്ങളോട് ഒരുവിധം സദൃശപ്പെടുത്താമെന്നും. മാനസികാപഗ്രഥനത്തിലെ ആന്തരികസമരങ്ങളും, (Internal conflicts) ബിഹേവിയറിസത്തിലെ ശീലങ്ങളും (Habits) തമ്മിലോ, ഒരു ശീലവും ഒരു പ്രത്യാഘാതവും തമ്മിലോ നടക്കുന്നതായ പോരാട്ടങ്ങളും ഒന്നുതന്നെയാണെന്നും പ്രസിദ്ധ ഇംഗ്ലീഷ് തത്വശാസ്ത്രജ്ഞനായ ബെർട്രാണ്ട് റസ്സൽ ചൂണ്ടിക്കാണിച്ചിട്ടുള്ളതും ഇവിടെ പ്രത്യേകം സ്മരണീയമാണ്

ഒരു മനശ്ശാസ്ത്രസിദ്ധാന്തമെന്ന നിലയിൽ ബിഹേവിയറിസത്തിൽ ഒരു കലാകാരൻ കാണുന്ന പ്രധാനന്യൂനത അതു മനുഷ്യന്റെ ഉദ്ദേശങ്ങളെ (Motivation) പ്പറ്റി ഒന്നും പറയുന്നില്ലെന്നുള്ളതാണ്. നോവലിലെ പാത്രസൃഷ്ടിയിൽ ഉദ്ദേശം സർവ്വപ്രധാനമായ ഒരു അംശമാകയാൽ, അതിനെപ്പറ്റി ധാരാളമായി പ്രതിപാദിക്കുന്ന മാനസികപഗ്രഥനത്തിനു ഇന്നത്തെ പാശ്ചാത്യനോവലിൽ അത്യധികമായ സ്വാധീനശക്തി ഉണ്ടായിത്തീർന്നിട്ടുള്ളതിൽ അത്ഭുതപ്പെടാനൊന്നുമില്ലതാനും

ബിഹേവിയറിസ്റ്റ് നോവൽ

മുകളിൽ വിവരിച്ച മാനസികപഗ്രഥനസിദ്ധാന്തങ്ങളെ ആസ്പദിച്ചു രചിച്ചിട്ടുള്ള നോവലിനെ മാനസികപഗ്രഥനനോവലെന്നും, പ്രസ്തുത ബിഹേവിയറിസ്റ്റ് സിദ്ധാന്തങ്ങളെ ആസ്പദിച്ചു രചിച്ചിട്ടുള്ള നോവലിനെ ബിഹേവിയറിസ്റ്റ് പേരുകൊടുക്കാവുന്നതാണ്. ഒരു ബിഹേവിയറിസ്റ്റ് നോവലെഴുത്തുകാരൻ എറിയകൂറും, ഫ്ളാബർട്ട്, മോപ്പസങ്ങ്, ടോൾസ്റ്റായ് മുതലായ പഴയ റീയലിസ്റ്റ് അഥവാ, സാദൃശ്യാത്മക ആഖ്യായികാകാരന്മാരെപ്പോലെയാണ് തന്റെ നോവൽ രചിക്കുന്നതു്. റീയലിസ്റ്റ് നോവൽ കർത്താക്കളുടെ മുന്നണിയിൽ നിൽക്കുന്ന ഫ്ളാബർട്ട് തന്റെ നോവലുകളുടെ വിഷയമായ മനുഷ്യജീവിതത്തെ സംബന്ധിച്ചു "മനുഷ്യവർഗ്ഗത്തെ എന്റെ ച്ലർട്ടിലിൽ മുക്കിക്കൊല്ലുവാൻ എനിക്കു മോഹമുണ്ട്" എന്നു ഒരിക്കൽ പറകയുണ്ടായി. തങ്ങൾ അതിസൂക്ഷ്മമായി വർണ്ണിച്ചിട്ടുള്ള മനുഷ്യജീവിതത്തോടു റീയലിസ്റ്റ് നോവലെഴുത്തുകാർ സ്വീകരിച്ചിരുന്ന നിലയെ ഇതു നല്ലപോലെ വിശദീകരിക്കുന്നുണ്ട്. അവർ അതിസൂക്ഷ്മമായി വർണ്ണിക്കുന്ന വിഷയത്തോടു അവർ ഉദാസീനരാണു. അവർ അതിൽനിന്നു അകന്നുനിൽക്കുന്നു. അവർക്ക് അതിനോടു വല്ല താല്പര്യവും വല്ലപ്പോഴും തോന്നുകയാണെങ്കിൽ അതു മനുഷ്യനോടല്ല. മനുഷ്യന്റെ പരിതസ്ഥിതിയോടായിരിക്കുകയും ചെയ്യും. മനുഷ്യജീവിതത്തിന്റെ ബഹിർഭാഗത്തെ അതിസൂക്ഷ്മമായി വർണ്ണിക്കുന്നതിൽ മാത്രമെ ബിഹേവിയറിസ്റ്റ് നോവലെഴുത്തുകാരും, റീയലിസ്റ്റ് നോവലെഴുത്തുകാരും തമ്മിൽ സാദൃശ്യമുള്ള. ഒരു ബിഹേവിയറിസ്റ്റാഖ്യായികാകാരൻ വിഷയത്തോടു് ഉദാസീനനായിരിക്കുകയില്ല. അയാൾക്കു മനുഷ്യനിലും

അവന്റെ പരിതസ്ഥിതിയിലും അതിയായ താല്പര്യമുണ്ട്. വല്ല പ്പോഴും ഒരു ബിഹേവിയറിസ്റ്റ് നോവലെഴുത്തുകാരൻ വിഷയത്തോട് അല്പം ഉദാസീനത കാണിക്കുകയാണെങ്കിൽത്തന്നെ, അതു മനുഷ്യനോടായിരിക്കുകയില്ല, പരിതസ്ഥിതിയോട മാത്രമെ ആയിരിക്കുകയുള്ള. ഗ്രന്ഥകാരൻതന്നെ കഥപറയുന്ന രീതിയിലാണ് ഏറിയകൂറും ബിഹേവിയറിസ്റ്റ് നോവലുകളെ രചിക്കാറുള്ളതു്. നേരെമറിച്ച്, ഒരു മാനസികാപഗ്രഥനനോവലെഴുത്തുകാരനാകട്ടെ, ഏറിയകൂറും കഥാപാത്രങ്ങളെക്കൊണ്ടുതന്നെ കഥ പറയിപ്പിക്കുകയും, കഥാപാത്രങ്ങളുടെ അന്തർഗതങ്ങളും. ഡയറികളും, കത്തുകളും ധാരാളമായി തന്റെ കൃതികളിൽ ഉപയോഗപ്പെടുത്തുകയുമാണ് ചെയ്യുന്നതു്

ജെയിംസും. ഷോലക്കോവും

നോവലിന്റെ സാങ്കേതികമാർഗ്ഗത്തെ (technique) സംബന്ധിച്ചു, ഹെൻറി ജെയിംസ് എന്ന ഇംഗ്ലീഷ് നോവലെഴുത്തുകാരൻ പല പരിഷ്കാരങ്ങളും നടപ്പിൽ വരുത്തിയിരുന്നുവെന്നു മുൻ ലേഖനത്തിൽ ചൂണ്ടിക്കാണിച്ചിരുന്നല്ലൊ. ഇദ്ദേഹം ഏറെക്കുറെ മാനസികാപഗ്രഥനമാർഗ്ഗത്തിലുള്ള നോവലുകളും, ഏറെക്കുറെ ബിഹേവിയറിസ്റ്റ് മാർഗ്ഗത്തിലുള്ള നോവലുകളും രചിച്ചിട്ടുണ്ട്. ഹെൻറി ജെയിംസിന്റെ "The akward age" "The Outcry" എന്ന രണ്ടു നോവലുകൾ ബിഹേവിയറിസ്റ്റ് നോവലുകളും "The Wings of the Dove" "The Ambassadors") എന്ന രണ്ടു നോവലുകളും, മാനസികാപഗ്രഥനനോവലുകളുമാണ്. മിക്കെയിൽ ഷോലൊക്കോവ് എന്ന റഷ്യൻഗ്രന്ഥകാരന്റെ "ഡാൺനദി ശാന്തമായി ഒഴുകുന്നു" എന്ന നോവൽ ബിഹേ

വിയാറിസ്റ്റ്" നോവലിനെ ഒരു നല്ല ഉദാഹരണമാണ്. തെക്കൻ റഷ്യയിലെ കൊസ്സാക്കുവർഗ്ഗക്കാരുടെ ജീവിതത്തെ വർണ്ണിക്കുന്ന ഒരു നോവലാണിത്. കൊസ്സാക്കുവർഗ്ഗക്കാരോടും അവരുടെ നാടിനോടും ഗ്രന്ഥകാരനു തോന്നുന്ന താല്പര്യം ഇതിൽ പ്രത്യക്ഷപ്പെടുന്നുണ്ട്. കടിച്ചുകൊണ്ടു തന്റെ കന്യകയായ മകളോടു ബലാൽസംഗംചെയ്ത ഒരു ഫോകർഷകനെ അവൾടെ മാതാവും നോവലിസ്റ്റിന്റെ സഹോദരനുംകൂടി അടിച്ചുകൊല്ലുന്ന അതിലെ ഒരു സംഭവത്തിന്റെ വിവരണത്തെ ആ നോവലിന്റെ റിയലിസ്റ്റ്" സാങ്കേതികമാർഗ്ഗത്തിനു ഒരു ഉദാഹരണമായി എടുക്കാം

മാനസികാപഗ്രഥനനോവൽ

ഒരു ബിഹേവിയറിസ്റ്റ്" നോവലെഴുത്തുകാരനെപ്പോലെ ബാഹ്യസംഭവങ്ങളെ സൂക്ഷ്മമായി വർണ്ണിക്കുന്നതിനു ഒരു മാനസികാപഗ്രഥനനോവലെഴുത്തുകാരൻ തുനിയുന്നില്ല. മനോവ്യാപാരങ്ങളെ അപഗ്രഥിച്ചു വർണ്ണിക്കുവാനാണു അയാൾ ഏറിയകൂറും ശ്രമിക്കുന്നതു്. അയാളുടെ ഈ അപഗ്രഥനം വർജ്ജീനിയ വൂൾഫ്" എന്ന ഇംഗ്ലീഷ്" നോവലെഴുത്തുകാരിയുടേതുപോലെ കാമം ഒഴിച്ചുള്ള മറ്റു ലഘുവികാരങ്ങളെപ്പറ്റിയാണെങ്കിൽ, അയാൾക്കു അനുഭവിക്കേണ്ടിവരുന്ന കഷ്ടപ്പാടു തന്റെ നോവലിലെ പ്രചാരമില്ലെന്നുള്ളതിൽ നിന്നുമാത്രം ജനിക്കുന്ന ഒന്നായിരിക്കും. അയാളുടെ അപഗ്രഥനം ആന്ദ്രേജീഡ്" എന്ന ഗ്രന്ഥകാരനെപ്പോലെ കാമവികാരത്തെപ്പറ്റിയാണെങ്കിൽ, അയാൾക്കു അനുഭവിക്കേണ്ടിവരുന്ന സങ്കടം മറ്റൊരു തരത്തിലുള്ളതായിരിക്കും. അയാളുടെ മാനസികാപഗ്രഥനനോവലിനു ധാരാളം പ്രചാരമുണ്ടായിരിക്കുമെങ്കിലും, അതു വായിച്ചു" രസിക്കുന്നവർക്കുടി അയാൾ അസഭ്യങ്ങൾ എഴുതിക്കൂട്ടിയതുകൊ

ണ്ട്" അയാൾ ഒരു വഷളനാണെന്നും അയാളെ കഴുകിൽ കയ റേണ്ടതാണെന്നും മുറവിളി കൂട്ടും. ചില ശവർമ്മേണ്ടുകാർ ഈ മുറവിളികേട്ട അയാളുടെ നോവലിന്റെ പ്രചരണം തടഞ്ഞു എന്നും വന്നേക്കാം. ഒരു ബീഹേവിയറിസ്റ്റ് നോവലെഴുത്തു കാരൻ ലൈംഗികജീവിതത്തെപ്പറ്റി വളരെ പച്ചയായി എ ഴുതിയാലും അതു ലോകത്തിൽ കാണാവുള്ളതാണെന്നും പറഞ്ഞു പലരും അതിനെ ക്ഷമിക്കുന്നതാണ്". എന്നാൽ മനസ്സിൽ നട ക്കുന്ന ലൈംഗികപ്രവർത്തനങ്ങൾ സൂക്ഷ്മമായി ഒരു മാനസികാ പഗ്രഥനനോവലെഴുത്തുകാരൻ വർണ്ണിക്കുമ്പോൾ, അത്തരം പ്ര വർത്തനങ്ങൾ സൂക്ഷ്മദൃക്കുകളല്ലാത്ത ഭൂരിപക്ഷം ജനങ്ങൾക്കും പുറമേ കാണാൻ സാധിക്കായ്കയാൽ അവർ അതു ചെയ്യുകയില്ല ഉപബോധമനസ്സിൽ നടക്കുന്ന ലൈംഗികപ്രവർത്തന ങ്ങൾ പലപ്പോഴും സ്വവർഗ്ഗസംഭോഗം, പലതരത്തിലുള്ള രതി വൈകൃതികൾ, അഗമ്യഗമനം മുതലായവക്കുള്ള ആഹ്വാനങ്ങളുടെ രൂപത്തിൽ ആയിരിക്കുന്നതാണ്". മാനസികാപഗ്രഥനമനശ്ശാ സ്ത്രത്തിന്റെ കണ്ടുപിടുത്തങ്ങളിൽ അജ്ഞരായ ഭൂരിപക്ഷം ജന ങ്ങളും സ്ത്രീയും പുരുഷനും എന്ന രണ്ടു വർഗ്ഗങ്ങൾ മാത്രം ഉള്ള എന്നും, ചില സന്ദർഭങ്ങളിലും ചില പ്രായങ്ങളിലും ചില പ രിതസ്ഥിതികളിലും മനുഷ്യർ പ്രത്യേകിച്ച് പുരുഷന്മാർ സ്വവ ർഗ്ഗസംഭോഗത്തിൽ താല്പര്യം കാണിച്ചേക്കുമെങ്കിലും, അതിൽ ശാശ്വതമായ താല്പര്യം അവരിൽ പ്രത്യേകിച്ച് സ്ത്രീകളിൽ ഉണ്ടാകുന്നതു അസംഭവ്യമാണെന്നും, അതിനാൽ അത്തരം വി കൃതികളെ അപഗ്രഥിച്ച് മാനസികാപഗ്രഥനനോവലെഴുത്തു കാർ വർണ്ണിക്കുന്നതു" അവരുടെ ദൃഷ്ടിച്ച മനസ്സിന്റെ ബാഹ്യ മായ പ്രകടനം മാത്രമാണെന്നുമാണ് വിചാരിച്ചുവരുന്നതു". ഈ മനസ്ഥിതി നിമിത്തമാണ് വിശ്വസാഹിത്യത്തിലെ ഒ

സാംതരം കലാകാരന്മാരുടെ മുന്നണിയിൽ നില്ക്കുന്ന ജീഡിനെ ചില സാഹിത്യനിരൂപകർ "ബാലന്മാരുമായുള്ള സ്വവർഗ്ഗ സംഭോഗത്തിൽ ആശാൻ" എന്നും മറ്റും പറഞ്ഞു് അധിക്ഷേപിച്ചിരിക്കുന്നതു്"

ഭാഗ്യവശാൽ ഈ അസംസ്കൃതമായ മനസ്ഥിതി പാശ്ചാത്യലോകത്തിലെ ജനതയിൽ ഇന്നു നശിക്കുവാൻ തുടങ്ങിയിരിക്കുന്നു. കലാകുതുകികളിൽ പാശ്ചാത്യലോകത്തെ നയിച്ചുകൊണ്ടിരിക്കുന്നതും, ലൈംഗികജീവിതത്തിൽ പ്രത്യേകമായ സ്വാതന്ത്ര്യം കാണിക്കുന്നതുമായ ഫ്രാൻസിലാണു കുറേ വർഷങ്ങൾക്കുമുമ്പു് സ്വവർഗ്ഗസംഭോഗത്തേയും മറ്റും വർണ്ണിക്കുന്ന മാനസികാപഗ്രഥനനോവലുകൾ അധികമായി ഉണ്ടായിക്കൊണ്ടിരുന്നതു്. ഇന്നാകട്ടെ ലൈംഗികജീവിതത്തെ സംബന്ധിച്ചു് അതിയായ യാഥാസ്ഥിതികത്വം കാണിച്ചുകൊണ്ടിരുന്ന ഇംഗ്ലണ്ടിൽപ്പോലും ഇത്തരം നോവലുകൾ — അവയ്ക്കു് ഇക്കാര്യത്തെ തുറന്നു വർണ്ണിക്കുന്ന ഫ്രഞ്ചുനോവലുകളുടെ രൂപമെങ്കിലും — പ്രസിദ്ധപ്പെടുത്തിത്തുടങ്ങിയിരിക്കുന്നു. കാംപ്ടൻ മക്കൻസിയുടെ "അസാധാരണ സ്ത്രീകൾ" (Extraordinary Women) എലിസബത്ത് ബൈവന്റെ "ഹോട്ടൽ" (The Hot'el), മിസ്സ് റാഡ്ക്ലിഫ് ഹാളിന്റെ "ഏകാന്തതയാകുന്ന കൂപം" (The well of lonliness) എന്ന ഇംഗ്ലീഷ നോവലുകൾ ഇത്തരം നോവലിനു ഉദാഹരണങ്ങളാണു്. ഇത്തരം നോവലുകളെഴുതുന്ന അമേരിക്കൻ ഗ്രന്ഥകാരന്മാർ റോണാൾഡ് ഫിർബാങ്ക് കാൾവാൻവെക്ടൻ മുതലായവരാണു്.

വിർജിനിയ വൂൾഫ്

ജെയിംസ് ജോയ്സ്, വിർജിനിയ വൂൾഫ് ഡൊറൊത്തി റിച്ചാർഡ്സൺ, അഡ്രേജിഡ്, മാർസെപ്രൂസ്റ്റ്, ഫെൻറി ഡെ മനർലങ്ങ് എന്നിവരാണ് ഇന്നത്തെ ഏറ്റവും പ്രസിദ്ധരായ മാനസികാപഗ്രഥനനോവലെഴുത്തുകാർ. ജോയ്സിൻെറ കൃതികളെ എക്സ്പ്രഷണിസത്തേക്കുറിച്ച് എഴുതിയിരുന്ന ലേഖനത്തിൽ ഈ ലേഖകൻ വിവരിച്ചിരുന്നല്ലോ. ഈ നോവലെഴുത്തുകാരിൽ വിർജിനിയവൂൾഫ്, ഡൊറോത്തി റിച്ചാർഡ്സണും മാർസെൽപ്രൂസ്റ്റും ഏറ്റവും നിസ്സാരങ്ങളും, ക്ഷണഭംഗുരങ്ങളുമായ വികാരങ്ങളെ അപഗ്രഥിച്ചു വർണ്ണിക്കുന്നതിൽ അതിയായ സാമർത്ഥ്യം കാണിച്ചിട്ടുണ്ട്. മറ്റുള്ളവർ ശക്തിയേറിയവയും പ്രധാനങ്ങളുമായ വികാരങ്ങളെയാണ് അതിയായസാമർത്ഥ്യത്തോടുകൂടി അപഗ്രഥിച്ചു വർണ്ണിച്ചിട്ടുള്ളത്. ഏറ്റവുംലഘുവും ക്ഷണഭംഗുരവുമായ ഒരു വികാരത്തെ അപഗ്രഥിച്ചു വർണ്ണിക്കുന്നതിലുള്ള മിസ്സിസ് വിർജിനിയ വൂൾഫിൻെറ പ്രത്യേകപാടവത്തെ ഉദാഹരിക്കുവാനായി ആ നോവലെഴുത്തുകാരിയുടെ ഒരു പ്രസിദ്ധനോവലായ "മിസ്സിസ് ഡല്ലോവേ"യിൽനിന്ന് ഒരു ഭാഗം തർജ്ജിമചെയ്തു ചുവടെഉദ്ധരിക്കുന്നു. ഒരു ദിവസം വൈകുന്നേരം ലണ്ടൻപട്ടണത്തിലെ ഒരു പബ്ളിക് പാർക്കിൽപ്പോയ ഒരു യുവതിയുടെ വികാരത്തെയാണ് ഇതിൽ അപഗ്രഥിച്ച് വർണ്ണിച്ചിരിക്കുന്നത്—

"അവൾ പാർക്കിൻെറ ഗേറ്റിലെത്തി. പിക്കഡല്ലിയിൽകൂടി പോയ്ക്കൊണ്ടിരുന്ന ബസ്സുകളെ നോക്കി അവൾ അല്പനേരം നിലകൊണ്ടു. ലോകരിൽ ഒരാളേയുംപറ്റി, അവർ അത്തരക്കാർ അല്ലെങ്കിൽ ഇത്തരക്കാർ എന്ന് അവൾ അപ്പോൾ പറ

യുമായിരുന്നില്ല. താൻ വളരെ പ്രായംകുറഞ്ഞ ഒരു സ്ത്രീയാണെന്നു അവൾക്കു തോന്നി. തത്സമയത്തുതന്നെ അവാച്യമായ വിധത്തിൽ തനിക്കുവാർദ്ധക്യമേറുമെന്നും അവൾക്കു തോന്നാതെയിരുന്നില്ല. എല്ലാറ്റിനേയും അവൾ ഒരു കത്തിപോലെ ഛേദിച്ചു. തത്സമയത്തുതന്നെഅവൾ അവളെ നോക്കിക്കൊണ്ടു പുറമേ നില്ക്കുകയായിരുന്നു ചെയ്തിരുന്നതു. മോട്ടോർ കാറുകളെ നോക്കിക്കൊണ്ടു അവൾ അവിടെ നിന്നപ്പോൾ താൻ പുറമേ, ഭൂതമായി, സമുദ്രത്തിൽ വളരെ ദൂരത്തായി, ഏകയായിസ്ഥിതി ചെയ്യുകയാണെന്നുള്ള ഒരു സ്ഥായിയായ ബോധം അവളിൽ കൂടിക്കൊണ്ടിരുന്നു. ഒരു ദിവസംപോലും പുറമെ പാർക്കുന്നതു വളരെ വളരെ ആപല്ക്കരമാണെന്നു അവൾക്കു് സദാ തോന്നിയിരുന്നു. എന്നാലും, ഇതെല്ലാം, കാറുകളുടെ ഗതി, അത്യന്തം ശ്രേയമാണെന്നും അവൾ വിചാരിയ്ക്കാതെയിരുന്നുമില്ല"

ഭൂതകാലത്തെപ്പറ്റിയുള്ള പര്യവേക്ഷണം

മാനസികോപഗ്രഥനനോവലിനു് ഒരു മകടോദാഹരണമായി പ്രശോഭിക്കുന്ന മാർസെൽ പ്രൂസ്റ്റിന്റെ "ഭൂതകാലത്തെപ്പറ്റിയുള്ള "പര്യവേക്ഷണം" എന്ന ഭീമനോവലിനെ എടുത്തു് ഇനി പരിശോധിയ്ക്കാം. ഈ നോവൽ മുഖേന ഇന്നത്തെ പാശ്ചാത്യനോവലിലെ പാത്രസൃഷ്ടിയിൽ പ്രൂസ്റ്റു് വരുത്തിവെച്ച പരിഷ്കാരങ്ങളെപ്പറ്റി മൻലേഖനത്തിൽ വിവരിച്ചിരുന്നല്ലോ. ഈ രണ്ടു വാല്യങ്ങളോടും പ്രത്യേകപേരുകളോടും കൂടിയ അഞ്ചു ഭാഗങ്ങളും അടങ്ങിയ ഒരു നദ്യോപമനോവലാണു് "ഭൂതകാലത്തെപ്പറ്റിയുള്ള പര്യവേക്ഷണം." "സ്വാന്നിനോടുകൂടി "പുഷ്പിക്കുന്ന പൂന്തോട്ടത്തിൽ", "ഗെർമാങ്ടു് കുടുംബത്തോടു

കൂടി" ''സോദോമും ഗൊമോരയും", "മനോഹരനായ വഞ്ചകി കടന്നുകളഞ്ഞു" എന്ന മുറയ്ക്കുള്ള അഞ്ച് പേരുകളോടുകൂടി ഈ ഫ്രഞ്ച് നോവലിന്റെ അഞ്ച് ഭാഗങ്ങളെയും ഇംഗ്ലീഷിൽ തർജ്ജമചെയ്തു പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. ഈ നോവലിന്റെ ആദ്യത്തെ ഭാഗം പ്ലൂസ്റ്റ് പ്രസിദ്ധപ്പെടുത്തിയത് 1913—ൽ ആയിരുന്നു. ഒടുവിലത്തെ ഭാഗം എഴുതിത്തീർന്നതിനുശേഷം, എന്നാൽ അതു പ്രസിദ്ധീകരിയ്ക്കുന്നതിനുമുമ്പ്, 1922-ൽ പ്ലൂസ്റ്റ് മരിച്ചു

പ്ലൂസ്റ്റിന്റെ ഭാഷാരീതി

സാധാരണ വായനക്കാർക്ക് ഈ ഭീമനോവൽ മുഴവനും വായിച്ചുതീർക്കുവാൻ വേണ്ട ക്ഷമ ഉണ്ടായിരിക്കുകയില്ല. പോരെങ്കിൽ അതിന്റെ കഠിനമായ ഭാഷാരീതിയും അതിനെ സാധാരണ വായനക്കാരിൽനിന്നു അകറ്റുന്നുണ്ട്. മനപൂർവ്വം വളച്ചുകെട്ടിയ വാചകങ്ങളും, ഹാസ്യാത്മകങ്ങളായ രൂപകങ്ങളും, അതിലളിതങ്ങളായ ധ്വനികളും അടങ്ങിയ ഒന്നാണ് "ഭ്രുതകാലത്തെപ്പററിയുള്ള പര്യവേക്ഷണ"ത്തിന്റെ ഭാഷാരീതി. അദ്ദേഹത്തിനു സ്വതേയുള്ള ഭാഷാരീതി ഈ രീതിയല്ലെന്നു അദ്ദേഹം എഴുതിയിട്ടുള്ള ഒന്നാംതരം ഫ്രഞ്ചു പാരഡികളുടെ ലളിതഭാഷാരീതി സ്ഥാപിക്കുന്നുണ്ട്. "ഭ്രുതകാലത്തെപ്പററിയുള്ള പര്യവേക്ഷണത്തിൽ കാണുന്ന ഭാഷാരീതിയെ ഉദാഹരിക്കുവാനായി അതിൽനിന്നു ഒരു മാതൃകാവാചകം തർജ്ജമചെയ്തു ചുവടെ ചേർക്കുന്നു: "നാം സ്നേഹിക്കുന്ന മനുഷ്യരുടെ വദനങ്ങളെ പ്രത്യക്ഷീകരിയ്ക്കുന്ന പ്രതിച്ഛായകളെ നമ്മുടെ മനസ്സിൽ എത്തുവാൻ അനുവദിക്കുന്നതിനുമുമ്പ്, അവരോടുള്ള നമ്മുടെ നിരന്തരമായ സ്നേഹം, അവയെ അതിന്റെ നീർച്ചുഴിയിൽ അകപ്പെടുത്തുക

യും അവരേക്കുറിച്ച് നമുക്ക് എപ്പോഴോഴും ഉണ്ടായിരുന്ന അഭി പ്രായത്തിലേക്ക് അവയെ പിടിച്ചുതള്ളി, അതിനോട് അ വയ്ക്ക് ഐകൃം വരുംവണ്ണം അവയെ അതിനോട് ഗാഢമായി കെട്ടിമുറുക്കുകയും ചെയ്യുന്നതിൽ അത്ഭുതമായ അവിരതപ്ര യത്നത്തിൽ, സജീവമായ സംഘടനയിൽ, കൂടിയല്ലാതെ നമുക്ക പ്രിയപ്പെട്ടവരെ നാം ഒരിക്കലും കാണുന്നില്ല''

മനശ്ശാസ്ത്രതത്വങ്ങളെ അടിസ്ഥാനമാക്കി രചിച്ച പ്രസ്തുതനോവ ലിൽ ഈ കഠിനഭാഷാരീതി പ്രൂസ്റ്റ് മനപൂർവ്വം സ്വീകരി ച്ചതു ബോധത്തിന്റെ താളം (rhythm of consciousness) പ്രതിബിംബിക്കുവാനാണെന്നു ബെഞ്ചമിൻ ക്രേമ്പു എന്ന ഫ്റ ഞ്ചുനിരൂപകൻ പ്രസ്താവിക്കാണിച്ചിട്ടുണ്ട്. ഇന്ദ്രിയാനുഭവങ്ങളിൽ നിന്നു ചിന്തയിലേക്കും, അനന്തരം അവ തമ്മിലുള്ള പൊരുത്ത ത്തിലേക്കുമാണ് ബോധംപോകുന്നത്. ഇതുപോലെ, പ്രൂസ്റ്റ് തന്റെ ഒരു മാതൃകാവാചകത്തെ സ്മരണയിൽ മുമ്പുതന്നെ മുങ്ങി ക്കിടന്നിരുന്ന ഒരു നിരീക്ഷണംകൊണ്ടു തുടങ്ങി, അതിനെയുക്തി യുടെ പ്രകാശത്തിൽ തിരിച്ചും മറിച്ചും പരിശോധിച്ച്, ഒടുക്കം അതിനെ മുഴുവനും ഒരു രൂപകമോ, ഒരു രൂപകമാലയേക്കൊണ്ട് അണിയിയ്ക്കുകയാണ് ചെയ്യുന്നതു്

"സ്വാന്നിനോടുകൂടി"

ജീവചരിത്രരീതിയിൽ രചിച്ചിട്ടുള്ള ''ഭൂതകാലത്തെപ്പ റ്റിയുള്ള പര്യവേക്ഷണ''ത്തിന്റെ യഥാർത്ഥ കഥാനായകൻ വിഷാദാത്മകതപവും, അപഗ്രഥനശീലവും അസാധാരണമായ സൂക്ഷ്മബോധവും, നിരീക്ഷണശക്തിയും കൂടിക്കൊണ്ടിരുന്ന പ്രൂ സ്റ്റ് തന്നെയാണ്. അജ്ഞാതനാമാവായ ഈ കഥാനായകന്റെ ജീവചരിത്രം വർണ്ണിയ്ക്കുന്നതോടുകൂടി 1880 മുതല്ക്ക് 1900 വരെ

യുള്ള കാലഘട്ടത്തിൽ ഫ്രാൻസിലെ സാമൂദായികജീവിതത്തിൽ വന്നിട്ടുള്ള വിപ്ലവകരങ്ങളായ പരിവർത്തനങ്ങളേയും പ്രൂസ് റ് വർണ്ണിയ്ക്കുന്നുണ്ട്. ഈ നോവൽ പരമ്പരയുടെ പ്രഥമഭാഗമായ "സ്വാന്നിനോട്ടുകൂടി" എന്നതിൽ ഫ്റാൻസിലെ കോംബ്രേ എന്ന ഒരു ചെറുനഗരത്തിൽ പാർത്തിരുന്നവനും, ബന്ധുസമ്പത്തു ധാരാളമുള്ള ഒരു കുടുംബത്തിലെ അംഗവുമായ ഒരു ബാലന്റെ ചരിത്രം ആ ബാലൻതന്നെ പറയുന്ന രീതിയിൽ വിവരിച്ചിരിയ്ക്കുന്നു. അതിയായ സൂക്ഷ്മാവബോധമുള്ള ആ ബാലന്റെ സ്മരണകൾ ലളിതമായും വ്യക്തമായും വിസ്തരിച്ചും ഇതിൽ വിവരിച്ചിട്ടുണ്ടെന്നു മാത്രമല്ല അതിസൂക്ഷ്മങ്ങളായ അനുഭവ സംഭവങ്ങളുടെ വർണ്ണനകൾ, അന്തർലീനങ്ങളായ കാരണങ്ങളെ തേടിപ്പിടിയ്ക്കുവാനുള്ള ശ്രമങ്ങൾ, ചിന്താപൂർണ്ണങ്ങളായ നിരൂപണങ്ങൾ എന്നിവ മുഖേന അവയുടെ പ്രാധാന്യം അതിൽ പ്രൂസറ്റ് ചൂണ്ടിക്കാണിക്കുകയും കൂടിചെയ്തിട്ടുണ്ട്.

ആ ബാലന്റെ ബോധത്തിൽക്കൂടി കടന്നുപോകുന്ന ചിത്രങ്ങളെ അവയെ ജനിപ്പിച്ച ഉപബോധമനസ്സിലെ പ്രേരണകളുമായി പ്രൂസ്റ്റ് ഘടിപ്പിച്ചിരിയ്ക്കുന്നു. ആ ബാലന്റെ ബാഹ്യമായ പരിതസ്ഥിതിയും അദ്ദേഹം ഭംഗിയായി വർണ്ണിയ്ക്കാതെയിരുന്നിട്ടില്ല. അനുരാഗത്തിന്റെ ജനനം, വളർച്ച, പരമകോടി, ക്ഷയം എന്നിവയെ ഇതിൽ വർണ്ണിച്ചിരിയ്ക്കുന്നതുപോലെ അത്ര സൂക്ഷ്മമായും അത്ര അഗാധമായും സുപ്രസിദ്ധനായ സ്റെൻഡലിനുശേഷം യാതൊരു നോവലെഴുത്തുകാരനും വർണ്ണിച്ചിട്ടില്ലെന്നു എഡ്മണ്ട് ഷലൂ എന്ന പ്രസിദ്ധ ഫ്റഞ്ച് നിരൂപകൻ അഭിപ്രായപ്പെട്ടിട്ടുണ്ട്. കാമം, ജാരശങ്ക, വെറുപ്പു, നൈരാശ്യം, യശോമോഹം മുതലായ മഹാവികാരങ്ങൾ മാത്രമല്ല, നിസ്സാരങ്ങളും ക്ഷണികങ്ങളും വേഗത്തിൽ വിസ്മൃതിയിൽ ആണ്ടു

പോകുന്നവയുമായ വികാരങ്ങളെക്കൂടി പ്രൂസ്റ്റ് തന്റെ നോവലിൽ അപഗ്രഥിച്ചു വർണ്ണിച്ചിരിക്കുന്നു. മനുഷ്യരുടെ മഹാവികാരങ്ങളെ പ്രൂസ്റ്റിന്റെ നിരീക്ഷണശക്തിയെ വെല്ലുന്ന നിരീക്ഷണശക്തിയോടും, അദ്ദേഹത്തിന്റെ ഭാഷാരീതിയെ തലകുനിപ്പിയ്ക്കുന്ന ഭാഷാരീതിയിലും മറ്റുചില നോവൽക്കർത്താക്കന്മാർ വർണ്ണിച്ചിട്ടുണ്ട്. എന്നാൽ അസ്തമനസൂര്യൻ ഒരു ദേവാലയത്തിൽ സന്ധ്യാരാഗം വീഴുന്നതു കാണുമ്പോഴും ഒരുവനിൽ ഉദിയ്ക്കുന്ന വികാരം ചായയിൽ മുക്കിയ ഒരു സ്പഞ്ച്കേക്കിന്റെ രുചി ജനിപ്പിക്കുന്ന സാഹചര്യബോധം, കാലുതെറ്റി വീഴാൻ ഭാവിയ്ക്കുമ്പോഴോ, ഒരു സ്നേഹിതന്റെ ഗൃഹത്തിന്റെ അപരിചിതമായ അതിഥിമുറിയിൽവെച്ചു രാവിലെ ഉണരുമ്പോഴോ തോന്നുന്ന ശാരീരികഭാവങ്ങളിൽ നിന്ന് ഉണ്ടാകുന്ന സ്മരണപരമ്പര—ഇത്യാദി അതിലഘുക്കളും നിസ്സാരങ്ങളും ക്ഷണഭംഗുരങ്ങളുമായ വികാരങ്ങളേയും, വിസ്മൃതിയുടെ അടിത്തട്ടിൽ ആണ്ടുകിടക്കുന്ന വികാരങ്ങളേയും അപഗ്രഥിച്ചു വർണ്ണിക്കുന്നതിൽ പ്രൂസ്റ്റിനെപ്പോലെ സാമർത്ഥ്യം കാണിച്ചിട്ടുള്ള മറ്റൊരു സാഹിത്യകാരനും ഇന്നുവരെ ലോകത്തിൽ ഉണ്ടായിട്ടില്ല. ബാല്യജീവിതം വർണ്ണിക്കുന്ന നോവലുകളിൽ ഏറ്റവും മനോഹരങ്ങളായവയുടെ കൂട്ടത്തിൽ "സ്വാന്നിനോടുകൂടി" എന്ന നോവലിനു ഇന്നും ഒരു സ്ഥാനമുണ്ടായിരിക്കുമെന്നാണ് പലനിരൂപകന്മാരുടേയും അഭിപ്രായം

ംംംം

"പുഷ്പിക്കുന്ന പൂന്തോട്ടത്തിൽ"
"ഗെർമാങ്ക്" കുടുംബത്തോട്ടുകൂടി"

പുഷ്പിക്കുന്ന പൂന്തോട്ടത്തിൽ" എന്ന രണ്ടാംഭാഗത്തിൽ കഥാനായകൻ യൌവനത്തിൽ കാലുവെച്ച ശങ്കാസങ്കുലമായ അനുരാഗം മുതലായ വികാരങ്ങൾക്കു വശംവദനാകുന്നതു വിവരിച്ചിരിക്കുന്നു. മൂന്നാംഭാഗമായ "ഗെർമാങ്ക് കുടുംബത്തോടുകൂടി" എന്ന നോവലിൽ കഥാനായകൻ പാരീസ്സിലെ പരിഷ്കൃതലോകത്തിൽ പ്രവേശിക്കുന്നു. ഈ മൂന്നാംഭാഗത്തിൽ പ്രൂസ്റ്റ് ആധുനികസാമുദായികജീവിതത്തെ അദ്ഭുതപൂർവ്വമായ രീതിയിലും അതിയായ സൂക്ഷ്മജ്ഞാനത്തോടും അപഗ്രഥിച്ചിരിക്കുന്നു

"സോദോമും ഗൊമോരയും"

പരിഷ്കൃതലോകത്തിലുള്ള കഥാനായകന്റെ ജീവിതം നാലാംഭാഗമായ "സോദോമും ഗൊമോരയിലും തുടരുന്നു. റോമസാമ്രാജ്യത്തിന്റെ പ്രാരംഭകാലത്തു ജീവിച്ചിരുന്ന പെട്രോണിയസ്" എന്ന റോമക്കാരൻ രചിച്ചതും, അന്നത്തെ റോമാസമുദായത്തിന്റെ ഉയർന്ന പടികളിൽ സർവ്വസാധാരണമായി പ്രചരിച്ചിരുന്ന അനിയന്ത്രിതമായ ലൈംഗികപ്രവർത്തനം, സ്വവർഗ്ഗസംഭോഗം മുതലായവയെ നഗ്നമായും സമ്പൂർണ്ണമായും. വർണ്ണിച്ചതിനാൽ കുപ്രസിദ്ധി നേടിയതുമായ "സഡോക്കോൺ" എന്ന ലത്തീൻ കഥയിലെ ചില ഭാഗങ്ങളെ "സോദോമും ഗൊമോരയും" എന്ന നോവലിന്റെ ചില ഭാഗങ്ങൾ സ്മരിപ്പിക്കുന്നു എന്ന് ആർതർ സിമൺസ് ചൂണ്ടിക്കാണിച്ചിട്ടുള്ളതിൽനിന്നു ഈ ഭാഗത്തിന്റെ സ്വഭാവം ഊഹിക്കാമല്ലൊ.

സ്വവർഗ്ഗസംഭോഗശീലത്തെ വർണ്ണിക്കുന്നതിൽ പ്രൂസ്റ്റ് സ്വീകരിച്ചിട്ടുള്ള ജീവശാസ്ത്രജ്ഞരിതി കാണിക്കുവാനായി ഒരു ചെറിയ ഭാഗം ചുവടെ തർജ്ജിമചെയ്തു ചേർക്കുന്നു: "മാഡ് വശ്ര ബൈർട്ട വാസ്തവത്തിൽ ഒരു പുരുഷനാണ്. അവൾ എല്ലായ് പ്പോഴും ഒരു പുരുഷനായിരുന്നുവോ, അല്ല, ഞാൻ അവളെ കണ്ടപ്പോൾ ഒരു പുരുഷനായി ക്രമേണ വളർന്നു വന്നിരുന്നോ എന്നുള്ള സംശയം സാരമായ ഒന്നല്ല. എന്തെന്നാൽ വാസ്തവം എങ്ങിനെ ആയിരുന്നാലും,— പ്രത്യേകിച്ച് ഒടുവിൽ പറഞ്ഞതാണ് വാസ്തവമെങ്കിൽ— മനുഷ്യലോകത്തിനു പുഷ്പലോകത്തോടു സാദൃശ്യം നല്കുന്നതും, പ്രകൃതിയുടെ ഏറ്റവും ഹൃദയസ്പൃക്കുകളായ അത്ഭുതങ്ങളിൽ ഒന്നുമായ ഒന്നിനെയാണു നമുക്കു ഇവിടെ പ്രതിപാദിക്കേണ്ടതായി വന്നിട്ടുള്ളതു"

"മനോഹരനായ വഞ്ചകി കടന്നുകളഞ്ഞു"

"മനോഹരനായ വഞ്ചകി കടന്നുകളഞ്ഞു" എന്ന അവസാനത്തെ ഭാഗത്തിൽ ആ സമയംകൊണ്ടു വാർദ്ധക്യത്തോടടുത്തിരുന്ന കഥാനായകൻ തന്നോടു സമ്പർക്കമുണ്ടായിട്ടുള്ള മനുഷ്യരിൽ കാലം വരുത്തിവെച്ച സ്മരണീയങ്ങളായ പരിവർത്തനങ്ങളെപ്പറ്റി തന്റെ അത്ഭുതകരമായ സ്മരണ ഉപയോഗിച്ചു നിരൂപണം ചെയ്യുന്നു

കാലമെന്ന പ്രശ്നവും പ്രൂസ്റ്റും

ഫ്രായിഡിന്റെ മനശ്ശാസ്ത്രസിദ്ധാന്തങ്ങളും, ബെർഗ്സൻ എന്ന പ്രസിദ്ധഫ്രഞ്ചുതത്വജ്ഞാനിയുടെ ആധുനിക ക്ഷണികവാദവും, "ഭൂതകാലത്തെപ്പറ്റിയുള്ള പര്യവേക്ഷണ"ത്തിന്റെ രചനയിൽ പ്രേരകശക്തികളായിരുന്നു എന്നുള്ളതു് സ്പഷ്ടമാണു്. സദാ പരിവർത്തിച്ചുകൊണ്ടിരിക്കുന്ന ഒരു പ്രപഞ്ചവും, അതിന്റെ കേന്ദ്രശക്തിയായ കാലവുമാണല്ലൊ ബെർഗ്സന്റെ പ്രധാന സിദ്ധാന്തങ്ങൾ. ബെർഗ്സൻ, അലക്സാണ്ടർ എന്ന ഇന്നത്തെ പ്രസിദ്ധ തത്വജ്ഞാനികളുടെ പ്രധാനചിന്താവിഷയമായ കാലം എന്ന പ്രശ്നമാണു് പ്രൂസ്റ്റിന്റെ നോവലും പ്രതിപാദിക്കുന്നതു് എന്നു പല നിരൂപകരും വിചാരിക്കുന്നു. ചില നിരൂപകർ വിചാരിക്കുന്ന കാലപ്രശ്നമോ, മറ്റു ചിലർ വിചാരിക്കുന്ന മരണപ്രശ്നമോ അല്ല പ്രൂസ്റ്റ് പ്രധാനമാക്കിയിട്ടുള്ളതെന്നും, പരിവർത്തനം എന്ന പ്രശ്നത്തിലാണു് പ്രൂസ്റ്റ് ശ്രദ്ധ കേന്ദ്രീകരിച്ചിട്ടുള്ളതെന്നും, വായനക്കാരെ അത്ഭുതപ്പെടുത്തത്തക്ക വിധത്തിൽ പ്രസ്തുത നോവലിലെ കഥാപാത്രങ്ങളായ മൊസ്സ്യെ ഷാർലുസിനെ ഒരു സ്ത്രീലമ്പടനാക്കിയും, സ്വാന്നിനെ ഡ്രെയ്ഫൂസ് എന്ന പ്രസിദ്ധ രാഷ്ട്രീയത്തട്ടുകാരന്റെ പക്ഷക്കാരനാക്കിയും, സിങ്ങ്ല്യൂപ്പിനെ ഒരു കൊള്ളരുതാത്തവനാക്കിയും മാഡം വെർദുറീങ്ങിനെ പരിഷ്കൃത ഫ്രഞ്ചുസമുദായത്തിന്റെ നായികയാക്കിയും ഗ്രന്ഥകാരൻ പരിവർത്തിപ്പിച്ചിരിക്കുന്നതിൽനിന്നു് ഇതു സ്പഷ്ടമാകുന്നു എന്നുമാണു് മറ്റു ചില നിരൂപകരുടെ അഭിപ്രായം. ഇതു് എങ്ങനെ ആയിരുന്നാലും ശരി, പ്രൂസ്റ്റിന്റെ നോവലിനു വിശ്വസാഹിത്യത്തിൽ ഒരു അപ്രതിരൂപമായ സ്ഥാനമുണ്ടെന്നുള്ളതിൽ രണ്ടു പക്ഷമില്ല തന്നെ

മന്തർലങ്ങ്

ഇന്നു ജീവിച്ചിരിയ്ക്കുന്ന മാനസികാപഗ്രഥനനോവലെഴുത്തുകാരുടെ മുന്നണിയിൽ നില്ക്കുന്ന മറെറാരു ഗ്രന്ഥകാരൻ 1896–ൽ ജനിച്ച ഹെൻറിഡെ മന്തർലങ്ങ് (Montherlant) എന്ന ഫ്രഞ്ചുകാരനാണ്. "സ്വപ്നം," "മോഹത്തിൻെറ ഉറവുകൾ", "ബ്രഹ്മചാരികൾ," "മാനംമര്യാദയായി പാർക്കുന്ന പെൺകുട്ടികൾ," "സ്ത്രീകളോടുള്ള കരുണ" മുതലായ പ്രസിദ്ധപ്പെട്ട പലനോവലുകളുടേയും കർത്താവാണ് മന്തർലങ്ങ്. "സ്വപ്നം എന്ന നോവൽ ഇക്കഴിഞ്ഞ മഹായുദ്ധത്തെപ്പററിരചിച്ചിട്ടുള്ള നോവലുകളിൽവെച്ചു ഏററവും ഭയങ്കരമായതാണെന്നാണ് ചില നിരൂപകരുടെ അഭിപ്രായം. മന്തർലങ്ങിൻെറ നോവലുകളിൽവെച്ച് ഏറവും പ്രധാനപ്പെട്ടവയും ഏററവും പ്രസിദ്ധി നേടിയിട്ടുള്ളവയും 1936–37 എന്നീ ആണ്ടുകളിലായി അദ്ദേഹം പ്രസിദ്ധപ്പെടുത്തിയ "മാനംമര്യാദയായി പാർക്കുന്ന പെൺകുട്ടികൾ" (Les Jeunes Filles) "സ്ത്രീകളോടുള്ള കരുണ" (Pitie pour femmes) എന്നീ രണ്ടു നോവലുകളാണ്. ഇവയിൽ രണ്ടാമത്തേത് ആദ്യത്തെ നോവലിൻെറ തുടർച്ചയാണ്. രണ്ടാമത്തേതിൻെറ തുടർച്ചകളായി മറെറ രണ്ടു നോവലുകൾ കൂടി അദ്ദേഹം പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്

മാനംമര്യാദയായി പാർക്കുന്ന പെൺകുട്ടികൾ

ഫ്രഞ്ചുകാർ les jeunes filles എന്ന ശൈലി പ്രയോഗിച്ചു വിവരിയ്ക്കുന്നവരും, മലയാളത്തിലെ നാടോടിഭാഷയിൽ "മാനംമര്യാദയായി പാർക്കുന്ന പെൺകുട്ടികൾ" എന്നു പറ

ഞ്ഞു വരുന്നവരുമായ അവിവാഹിതരായ യുവതികളെപ്പറ്റിയുള്ള സാധാരണമനുഷ്യരുടെ ധാരണ തെറ്റാണെന്നും, വാസ്തവത്തിൽ അവർ മുഖീയ വികാരങ്ങളുടേയും, മൌഢ്യത്തിന്റേയും ഇരിപ്പിടങ്ങളാണെന്നും, പച്ചവെള്ളം പോലും കടിക്കുന്ന ആട്ടിൻകുട്ടികളാണെന്നു നടിക്കുന്നതിന്നു് അവരെപ്പോലെ സാമർത്ഥ്യമുള്ളവർ മറ്റാരുമില്ലെന്നും, പുരുഷന്മാർക്കു സ്ത്രീകളോടു തോന്നാവുള്ളതായി പറഞ്ഞുവരുന്ന അനുരാഗമെന്ന വികാരത്തിന്റെ തൊണ്ണൂറൊമ്പതു ശതമാനവും കേവലം കരുണ എന്ന വികാരം മാത്രമാണെന്നും വിവാഹത്തിന്റെ പുതുമ കഴിഞ്ഞതിന്നു ശേഷം ഭർത്താക്കന്മാർ തങ്ങളുടെ ഭാര്യമാരെ ഉപേക്ഷിച്ചു മറ്റു സ്ത്രീകളെ തേടിപ്പോകാതെയിരിക്കുന്നതിന്നുള്ള കാരണം അവർക്കു തങ്ങളുടെ ഭാര്യമാരോടുള്ള അനുരാഗമല്ല, പിന്നെയോ, അവരോടു തോന്നുന്ന കരുണ മാത്രമാണെന്നുമാണു് പ്രസ്തുത നോവൽ പരമ്പരയിൽ മന്തർലങ്ങു് സമർത്ഥിച്ചിരിക്കുന്നതു്. ഈ നോവൽപരമ്പര, പ്രത്യേകിച്ചു് അതിലെ ഒന്നാമത്തെ നോവൽ ലൈംഗികകാര്യങ്ങളിൽ വിശാലമനസ്കരായ ഫ്രഞ്ചുകാരിൽ നിന്നുപോലും ശക്തിയേറിയ പ്രതിഷേധങ്ങളും ജനിപ്പിക്കുകയുണ്ടായി

ഈ നോവൽ പരമ്പരയിലെ കഥാനായകൻ ഒരു പ്രസിദ്ധനോവലെഴുത്തുകാരനും, സ്ത്രീകളുടെ പ്രത്യേകിച്ചു്, അവിവാഹിതകളായ യുവതികളുടെ, ആരാധനാപാത്രവുമായ കോസ്റ്റ എന്ന സാഹിത്യകാരനാണു്. കോസ്റ്റ ഒരു വെറും സ്ത്രീലമ്പടൻ മാത്രമായിരുന്നെങ്കിൽ, അദ്ദേഹത്തിന്റെ പ്രണയാനുഭവങ്ങളെ വിവരിയ്ക്കുന്ന ഈ നോവൽപരമ്പരയിൽ ഒരു പ്രത്യേകതയും സഹൃദയലോകം കാണുമായിരുന്നില്ല. കോസ്റ്റ ഒരു പെൺകൊതിയൻ മാത്രമല്ലായിരുന്നു. അന്യരുടെ ജീവിതങ്ങളിൽ മതിയായ

കൌതുകമുള്ളവനും, അന്യരുടെ സങ്കടം കാണുമ്പോൾ ലഘുകോപസുകുമലമായ കരുണയ്ക്കു വശംവദനായി ഭവിച്ചിരുന്നവനുമായ ഭാവനാശക്തിയുള്ള ഒരു കലാകാരനായിരുന്നു കോസ്റ്റ. യഥാർത്ഥമായ കരുണയുള്ള ഒരു പുരുഷൻ തന്നെ ആകർഷിക്കാത്ത സ്ത്രീകളെ തന്റെ ജീവിതത്തിൽ പ്രവേശിപ്പിച്ചു് അതിലെ ശല്യങ്ങളായി കലാശിക്കുവാൻ അനുവദിക്കുമായിരുന്നില്ല. എന്നാൽ കോസ്റ്റയാകട്ടെ, അത്തരത്തിലുള്ള സ്ത്രീകളോടു് അവർ തന്റെ ജീവിതത്തിലെ ശല്യങ്ങളായി പരിണമിക്കുന്നതുവരെ കരുണകാണിക്കുകയാണു് ചെയ്തിരുന്നതു്. മൂന്നു "മാനംമര്യ്ദയായിപാർക്കുന്ന പെൺകൂട്ടികളും" കോസ്റ്റയും തമ്മിലുള്ള ബന്ധങ്ങളും അയാളുടെ അനുഭവങ്ങളുടെ മാതൃകകളായി മന്തർലങ്ങു് ഈ നോവൽപരമ്പരയിൽ വിവരിക്കുന്നുണ്ടു്. ഈ മൂന്നു യുവതികളും അന്ദ്രേ എന്ന അഭ്യസ്തവിദ്യയായ ഒരു നാട്ടുപുറത്തുകാരിയും, തെറിസ എന്ന ഒരു മതഭ്രാന്തിയും, സൊലാങ്ഷു് എന്ന മനോഹരിയായ ഒരു യുവതിയുമാണു്. ഇവരിൽ അന്ദ്രേയുടെ ബുദ്ധിശക്തിയെ കോസ്റ്റ ബഹുമാനിച്ചിരുന്നുവെങ്കിലും സൌന്ദര്യത്തുനായും വേഷഭൂഷാദികളിൽ അലസയുമായ അവളോടു് ഒരു സ്ത്രീയെന്ന നിലയിൽ അദ്ദേഹത്തിനു അനുപ്പം തന്റെ കൂടപ്പിറവിയായ കരുണയും മാത്രമേ തോന്നിയിരുന്നുള്ളു. തെറിസയിൽ മതഭ്രാന്തും കാമവും കലർന്നിരുന്നതു് അദ്ദേഹത്തിൽ കൌതുകം ജനിപ്പിച്ചിരുന്നു. വിദ്യാഭ്യാസവും പരിഷ്കാരമട്ടും ഇല്ലായിരുന്നുവെങ്കിലും ഒരു സ്ത്രീയെന്ന നിലയിൽ കോസ്റ്റയെ ആകർഷിച്ചതു സൊലാങ്ഷു് ആയിരുന്നു. എന്നാൽ ഇവളേയും കല്യാണം കഴിക്കുവാൻ കോസ്റ്റ സ്വപ്നേപി വിചാരിച്ചിരുന്നില്ല. ഒരു ദിവസം തന്നെ വന്നു പിടികൂടായ അന്ദ്രേയേയും വലിച്ചിഴച്ചുകൊണ്ടു് ഒരു ശീതക്കാറ്റടിക്കുമ്പോൾ അനേകം മണിക്കൂറുകൾ

നേരം പാരിസ്സിലെ തെരുവുകളിൽക്കൂടി കോസ്റ്റ നടക്കുന്നതിനേയും, ആ സമയത്തുള്ള അവർ രണ്ടുപേരുടേയും മനസ്ഥിതികളേയും അതായതു, തെല്ലും ആകർഷണശക്തിയില്ലാത്ത ആ സ്ത്രീയെ തന്നോടുകൂടി ഒരു ഹോട്ടലിൽ കൊണ്ടുചെല്ലുന്നതിനുള്ള കോസ്റ്റയുടെ വൈമനസ്യം, തന്നെ രഹസ്യമായി ആലിംഗനം ചെയ്യാൻ വേണ്ട സൌകര്യമുള്ളതും ആലംഭിരക്കു കുറഞ്ഞതുമായ ഒരു ഹോട്ടൽ കണ്ടുപിടിയ്ക്കാനാണ് കോസ്റ്റ ഇത്രനേരം അലയുന്നതെന്നുള്ള അദ്ദേഹത്തിന്റെ സന്തോഷവികാരം എന്നിവയേയും—വർണ്ണിക്കുന്നതുമായ ഈ നോവലിലെ, ഹാസ്യരസത്തോടുചവർപ്പുരസം കലർന്ന, രംഗം വായനക്കാരന്റെ മനസ്സിൽ നിന്നു് ഒരിയ്ക്കലും മായുന്നതല്ല

ജീഡും മന്തർലങ്ങും

ജീഡിനും മന്തർലങ്ങിനും തമ്മിൽ വലിയ സ്വരച്ചേർച്ചയില്ല. മന്തർലങ്ങിന്റെ ഹാസ്യചിത്രമാണ് ജീഡിന്റെ സുപ്രസിദ്ധനോവലായ "കള്ളനാണയക്കാർ" എന്നതിലെ പസ്സവങ്ങ് എന്ന പാത്രത്തിൽ അദ്ദേഹം വരച്ചിട്ടുള്ളതെന്നു പലരും വിശ്വസിച്ചുവരുന്നു. ഇങ്ങനെയെല്ലാമിരുന്നാലും നോവൽരചനയിൽ ഇന്നത്തെ മറ്റുപല ഫ്രഞ്ചുനോവലെഴുത്തുകാരെപ്പോലെ മന്തർലങ്ങും ജീഡിനോടു കടപ്പെട്ടിട്ടുണ്ട്. നോവൽരചനയിൽ കഥാപാത്രങ്ങളുടെ ഡയറികളും കത്തുകളും ഉപയോഗപ്പെടുത്തുന്നതിലാണ് ഏറിയകൂറും മന്തർലങ്ങ് ജീഡിനോടു കടപ്പെട്ടിട്ടുള്ളതു്

ംംംംം

"അമേരിക്കക്കാരിയായ കന്യക"

മന്തർലങ്ങിന്റെ മകളിൽ വിവരിച്ച നോവൽ പരമ്പരയിൽ പ്രതിപാദിച്ചിട്ടുള്ള വിഷയത്തെ ആസ്പദിച്ച് ഒരമേരിക്കൻനോവൽകൂടി ഉണ്ടായിട്ടുണ്ടെന്നുള്ള സംഗതിയും ഇവിടെ ചൂണ്ടിക്കാണിച്ചുകൊള്ളട്ടെ. ജാക്കസ്സിലെ ക്ലാർക്കിന്റെ "അമേരിക്കക്കാരിയായ കന്യക" (The American Virgin) എന്ന നോവലാണിതു്. ഇതു മാനസികോപഗ്രഥനമാർഗ്ഗത്തിൽ രചിക്കപ്പെട്ടിട്ടുള്ളതോ, സാഹിത്യഗുണമുള്ളതോ ആയ ഒരു നോവലല്ല. അമേരിക്കയിലെ "മാനംമര്യാദയായി പാർക്കുന്ന പെൺകുട്ടികൾ" യുവാക്കന്മാരെ ഉപ്പുനോക്കുന്ന പതിവിനെയാണ് ഇതിൽ വർണ്ണിച്ചിരിക്കുന്നതു്. ഇതിലെ കഥാനായികയായ റോസലി ഡയർ എന്ന അവിവാഹിതയായ കന്യക തന്റെ യുവകാമുകന്മാർക്കു സംഭോഗമൊഴികെയുള്ള മറ്റു സകല സ്വാതന്ത്ര്യങ്ങളും— സാഹസയനംപോലും— അനുവദിച്ചുകൊടുക്കുന്നതും, ഈ സ്വാതന്ത്ര്യങ്ങളെല്ലാം അനുവദിച്ചുകഴിഞ്ഞതിനുശേഷം അവസാനത്തെ പടിയായ സംഭോഗത്തിനു് ആ കാമുകൻ അപേക്ഷിക്കുമ്പോൾ, അവരുടെ ദയവിനായി അപേക്ഷിച്ച് അവൾ അവരിൽനിന്നു രക്ഷപെടുന്നതും ഈ നോവലിൽ വർണ്ണിച്ചിരിക്കുന്നു

o—oo—o

സാമൂഹ്യനോവല്യം
വ്യക്തിപരമായ നോവല്യം

ഒരു നോവലിലെ കഥാനായകന്ന കേവലം ഒരു വ്യക്തിയെന്നും, സമുദായത്തിലെ ഒരു അംഗമെന്നും രണ്ടു ഭാവങ്ങളുണ്ട്. ഇക്കഴിഞ്ഞ മഹായുദ്ധത്തിന്റെ കാലംവരെ വ്യക്തിക്കു സമുദായത്തേക്കാൾ പ്രാധാന്യം കൊടുത്താണ് സാധാരണയായി പാശ്ചാത്യനോവലെഴുത്തുകാർ നോവൽ രചിച്ചുവന്നതു്. അവർ സമുദായത്തിനു വ്യക്തിയേക്കാൾ പ്രാധാന്യം നല്കി നോവൽ രചിക്കുമ്പോൾത്തന്നെ ഭ്രരിപക്ഷക്കാരായ അധ:സ്ഥിതരെ ആ സമുദായത്തിൽ ഉൾപ്പെടുത്തിയിരുന്നില്ല. മഹായുദ്ധത്തോടും റഷ്യയിലെ ബോൾഷെവിക്കുവിപ്ലവത്തോടുംകൂടി യഥാർത്ഥമായ സമുദായത്തിനും സാമുദായിക പ്രശ്നങ്ങൾക്കും പ്രാധാന്യം നല്കുന്ന നോവലുകൾ പാശ്ചാത്യലോകത്തു ആവിർഭവിച്ചുതുടങ്ങി. ഇത്തരം നോവലിനു സാമൂഹ്യനോവൽ, അഥവാ വിപ്ലവനോവൽ എന്നും മാനസികാപഗ്രഥന സാഹിത്യകാരന്മാരും മറ്റും ഇന്നും എഴുതിവരുന്ന വ്യക്തി പ്രധാന നോവലിനു വ്യക്തിപരമായ നോവൽ, അഥവാ റൊമാൻറിക്നോവൽ എന്നും പേരുകളും നല്കുവരുന്നതാണ്. ഇന്നത്തെ പാശ്ചാത്യനോവലെഴുത്തുകാരിൽ, ഡി. എച്ച്. ലാറൻസ്, ആൾഡെസ് ഹാക്സ്ലി, വർജിനിയ വുൾഫ്, ജെയിംസ് ജോസ് എന്ന ഇംഗ്ലീഷുകാരും, ഫാൽക്കനർ, ഹെമിങ്ങ്വേ, ഡോസ് പസ്സോസ് എന്ന അമേരിക്കക്കാരും, പ്രൂസ്റ്റ്, റൊമയിൻ റോലണ്ട്, ജീഡ്, ദഹമെൽ, മന്തർലങ്ങ് എന്ന ഫ്രഞ്ചുകാരും, ജേക്കബ്ബ് വാസ്സർമാൻ, സ്റ്റിവാൻസ്വെയിഗ് എന്ന ജർമ്മൻകാരും, മൊറേവിയ എന്ന ഇറ്റലിക്കാരനും, സിഗ്രിഡ് ഉണ്ട്

സെറർ എന്ന സ്കാൻഡനേവിയാക്കാരിയും, ഇബെനെസ്സ് എന്ന സ്പെയിൻകാരനും വ്യക്തിപ്രധാനമായ നോവൽ രചിച്ചവരുന്നവരാണ്. "ജെന്നി" "ക്രിസ്റ്റിൻ ലവ്റൻസ് ഡാറർ" "ഹെസ്റ്റിവിക്കെനിലെ നാഥൻ" എന്ന മൂന്നു പ്രസിദ്ധ നോവലുകളും സിഗ്രിഡ് ഉണ്ട്സെറർ രചിച്ചിട്ടുണ്ട്

ജേക്കബ് വാസ്സർമാൻ

ലോകത്തിലെ നോവലെഴുത്തുകാരുടെ മുന്നണിയിൽ ഒരുസ്ഥാനം കരസ്ഥമാക്കിയിട്ടുള്ള ജർമ്മൻ ഗ്രന്ഥകാരൻ ജേക്കബ്വാസ്സർമാനെപ്പറ്റി ചില വിവരങ്ങളും പ്രസ്താവിക്കേണ്ടിയിരിക്കുന്നു. ഒരു യഹൂദനാകയാൽ ജർമ്മനിയിലെ നാസിഗവർമ്മേണ്ടിന്റെ അപ്രീതിക്കും ഹിംസകൾക്കും പാത്രീഭവിച്ച ഒരു ദേഹമാണ് വാസ്സർമാൻ. "കാസ്പർ ഹാസർ" "മാറിസ്സിയസ് കേസ്" "ലോകത്തിന്റെ മിഥ്യാബോധം" മുതലായ പല പ്രസിദ്ധ നോവലുകളും ഇദ്ദേഹം രചിച്ചിട്ടുണ്ട്. പഴയ മട്ടിൽ നോവൽ രചിക്കുന്ന ഒരു ഗ്രന്ഥകാരനാണ് വാസ്സർമാൻ. വാസ്സർമാന്റെ ഏറ്റവും പ്രധാനമായ നോവൽ "ലോകത്തിന്റെ മിഥ്യാബോധം" (The World's lllusion) എന്നതാണ്. വാസ്സർമാന്റെ സകല കഥാനായകന്മാർക്കും ലോകരുടെ ഉദാസീനതയോട് മല്ലിടേണ്ടതായി വരുന്നു. "കാസ്പർ ഹാസർ" എന്ന നോവലിന്റെ ഉപതലക്കെട്ടായി അദ്ദേഹം പ്രയോഗിച്ചിരുന്ന "Die Tragheit der Herzens" എന്ന ജർമ്മൻ വാക്യത്തിൽ അന്തർഭവിച്ചിട്ടുള്ള പ്രസ്തുത തത്വം, അതായതു ലോകരുടെ ഉദാസീനതയാണ് അദ്ദേഹത്തിന്റെ നോവലുകളിലെല്ലാം പൊന്തിച്ചുനില്ക്കുന്നത്. ഈ വാക്യത്തിലെ പദങ്ങളുടെ അർത്ഥം "ഹൃദയത്തിന്റെ അലസത" എന്നാകുന്നു.

ഇതിനെ "ലോകരുടെ ഉദാസീനത" എന്ന സ്വതന്ത്രമായി പരി
ഭാഷപ്പെടുത്താം. ഈ വാക്യം ഇന്ന ജർമ്മൻസാഹിത്യനിരൂപ
ണത്തിലെ ഒരു സാധരണവാക്യമായി കലാശിച്ചിരിയ്ക്കുന്നു. ഈ
തത്വത്തോടു നീതിന്യായപരിപാലനപ്രശ്നത്തേയും ജയിൽപരി
ഷ്കാരപ്രശ്നത്തേയും ഘടിപ്പിച്ചാണ് അദ്ദേഹം "മാറിസ്സിയസ്
കേസ്" എന്ന നോവൽ രചിച്ചിട്ടുള്ളത്. ഒരു പബ്ലിക് പ്രാ
സിക്യൂട്ടരായ തന്റെ പിതാവിനെ ധിക്കരിച്ചു പ്രവൃത്തിച്ച്
ഒരു കൊലപാതകത്തിന്ന ശിക്ഷിക്കപ്പെട്ട മാറിസ്സിയസ്സിന്റെ
നിരപരാധിത്വം സ്ഥാപിച്ച് അയാളെ പതിനെട്ടു വർഷത്തെ
കാരാഗൃഹവാസത്തിന്നുശേഷം മോചിപ്പിച്ച എറ്റ്സെൽ അൻ
ഡെർ ഗാസ്റ്റ് എന്ന ബാലന്റെ കഥയാണ് "മാറിസ്സിയസ് കേ
സി"ലെ വിഷയം. ജയിലിൽനിന്ന മോചനം ലഭിച്ചയുടനെ
മാറിസ്സിയസ് ആത്മഹത്യചെയ്യുകയും ചെയ്യുന്നു. വാസ്സർമാൻ
ഇന്നത്തെ പല നോവലെഴുത്തുകാരുടേയും പതിവിനെ ഉപേ
ക്ഷിച്ച് പ്ലാട്ടിന്ന പാത്രസൃഷ്ടിയോട് തുല്യമായ പ്രാധാന്യം
കൊടുക്കുന്നുണ്ട്. തന്നിമിത്തം സാധാരണപ്രക്ഷോപകര നോവ
ലുകളുടെ ഹൃദയചലനശക്തിയും അദ്ദേഹത്തിന്റെ നോവലുകൾ
ക്കുണ്ട്. അദ്ദേഹത്തിന്റെ ഉത്തമനോവലായ "ലോകത്തിന്റെ
മിഥ്യാബോധ"ത്തിലെ പല ആശയങ്ങളേയും തമ്മിൽ ഘടി
പ്പിയ്ക്കുന്നതു പ്രസ്തുത "ലോകരുടെ ഉദാസീനത" എന്ന തത്വമാ
കുന്നു. ഈ നോവലിലെ ഒരു രംഗം....അതായതു ഒത്ത് ഹോ
ഫ്മാൻ എന്ന സ്ത്രീയെ താനാണ് കൊന്നതെന്ന നിൽസ് ഹെ
യിൻറിക്ക് ക്രിസ്റ്റ്യൻ വാൻഷാഫിനോടു സമ്മതിയ്ക്കുന്ന രംഗം....
സാഹിത്യത്തിലുള്ള ഏറ്റവും ഭയജനകങ്ങളായ രംഗങ്ങളിൽ
ഒന്നാണെന്ന ചില നിരൂപകർ ചൂണ്ടിക്കാണിച്ചിട്ടുണ്ട്

ചില സാമൂഹ്യ നോവലെഴുത്തുകാർ

സാമൂഹ്യനോവലുകളിൽ സാമ്പത്തികവും രാഷ്ട്രീയവുമായ സിദ്ധാന്തങ്ങളെ പ്രചരിപ്പിക്കുവാനുള്ള ഉദ്ദേശം കുറെ അധികം പൊന്തിച്ചുനില്ക്കുന്നതായി കാണാവുന്നതാണ്. മുൻലേഖനത്തിൽ ഡേ ലെവിസിന്റെ വാക്കുകളെ ഉദ്ധരിച്ചു സാഹിത്യം "ഒരു പ്രവർത്തനത്തെപ്പറ്റിയുള്ള വിമർശനത്തിന്റെ സ്വഭാവത്തെക്കാൾ അധികം ഒരു പ്രവർത്തനത്തിലേക്കുള്ള മാർഗ്ഗദർശിയുടെ സ്വഭാവം പ്രദർശിപ്പിക്കുന്നതാണ്" എന്നു വിവരിച്ചിരുന്ന തത്വമാണ് സാമൂഹ്യ നോവലെഴുത്തുകാർ നോവൽ രചനയിൽ സ്വീകരിച്ചിരിക്കുന്നതു്. ഷോലക്കോവ്, കടേവ് എന്ന റഷ്യക്കാരും, ബർബൂസ്സ്, മൽറോ (Malraux) എന്ന ഫ്രഞ്ചുകാരും, ഗ്രാസ്സിക് ഗിബ്ബൺ, ഡേലെവിസ് എന്ന ഇംഗ്ലീഷ്കാരും, തോമസ് മാൻ എന്ന ജർമ്മനും, ഇഗ്നാസിയോസിലോൺ എന്ന ഇറലിക്കാരനും ഇന്നത്തെ സാമൂഹ്യനോവലെഴുത്തുകാരിൽ ഉൾപ്പെട്ടുന്നുണ്ട്. തോമസ് മാൻ നാസി ഗവർമ്മേണ്ടിന്റെ അപ്രീതിക്കു പാത്രീഭവിച്ച ഒരു ഗ്രന്ഥകാരനാണ്. അദ്ദേഹത്തിന്റെ "ബുഡ്ഡൻ ബ്രൂക്സ്" "മായാപർവ്വതം" (The Magic Mountain) എന്നീ നോവലുകൾ സുപ്രസിദ്ധങ്ങളാണ്. 19-ാം ശതാബ്ദത്തിലെ പഴയ വ്യക്തിപ്രധാനനോവലെഴുത്തുകാരിൽപ്പെട്ട ഒണോർഡെ ബെൽസാക്ക് എന്ന പ്രസിദ്ധ ഫ്രഞ്ചുഗ്രന്ഥകർത്താവുമാത്രം പല സാമുദായികപ്രശ്നങ്ങളേയും പരിതസ്ഥിതിയേയും വിവരിക്കുന്നതിൽ കുറെ അധികം ശ്രദ്ധ പതിപ്പിച്ചിരുന്നതിനാലാണ് ഇന്നത്തെ ബോൾഷെവിക് സാഹിത്യകാരന്മാരുടെ പ്രശംസക്കു അദ്ദേഹം പാ

ത്രീവേച്ചിട്ടുള്ളതു്. ലെനിൻ വായിക്കുന്നതിനു ഏറ്റവും ഇഷ്ട പ്പെട്ടിരുന്ന നോവൽ ബൽസാക്കിന്റെ "നാട്ടുംപുറത്തെ ഡാക്ടർ" എന്നതാണെന്നും ഇവിടെ പ്രസ്താവിച്ചുകൊള്ളട്ടെ

അനുകരണാത്മകനോവലും

അനനുകരണാത്മകനോവലും

മഹായജ്ഞത്തോടുകൂടി പാശ്ചാത്യലോകത്തിൽജനിച്ച എക്സ്പ്രഷണിസ്റ്റ്., അഥവാ അനനുകരണാത്മകപ്രസ്ഥാനത്തെ വിവരിച്ചു മുമ്പ് ഈ ലേഖകൻ ഒരു ലേഖനം എഴുതിയിരുന്നല്ലോ. അതിനാൽ അനുകരണാത്മകത്വവും, അനനുകരണാത്മകത്വവും എന്താണെന്നു ഇവിടെ വിവരിക്കേണ്ട ആവശ്യമില്ല: സാഹിത്യത്തിന്റെ നാടകവിഭാഗത്തിലാണ് അനനുകരണാത്മകത്വത്തിനു അധികം പ്രചാരമുള്ളതെങ്കിലും, ആ മാർഗ്ഗമുപയോഗിച്ചു രചിച്ചിട്ടുള്ള ചില നോവലുകളും ഇന്നു പാശ്ചാത്യലോകത്തിൽ ഇല്ലാതില്ല അനനുകരണാത്മകനോവലിനു നല്ല ഉദാഹരണങ്ങളായിഫ്റാൻസ് കഫ്കയുടെ "കോട്ട" (The Castle) "കേസുവിസ്താരം" (The trial) എന്നീ ജർമ്മൻനോവലുകളെ എടുക്കാവുന്നതാണ്. ഇവയിൽ "കേസുവിസ്താരം" എന്ന നോവലിന്റെ പ്രകൃതി ഇവിടെ വിവരിയ്ക്കാം

———

"കേസുവിസ്താരം"

മനുഷ്യവർഗ്ഗത്തെ പ്രതിനിധീകരിക്കുന്ന ഉരുക്കും പേരുമില്ലാത്ത കേ. എന്ന ഒരു മനുഷ്യന്റെ ആദ്ധ്യാത്മികയാത്രയും, ഈ യാത്രയ്ക്കിടയ്ക്ക് അദ്ദേഹത്തിനു മനസ്സിലാക്കുവാൻസാധിച്ച, മനുഷ്യവർഗ്ഗത്തിന്റെ തലയിലെഴുത്തിനെ നിയന്ത്രിക്കുന്ന ശക്തികളുടെ സ്വഭാവത്തിന്റെ ഏതാനും അംശങ്ങളുമാണ് "കേസുവിസ്താരം" എന്ന നോവലിന്റെ വിഷയം. ഒരു ദിവസം രാവിലെ രണ്ടു വാർഡർമാർ കേ. യുടെ ഭവനത്തിൽ പ്രവേശിച്ച് അദ്ദേഹത്തെ അറസ്റ്റ് ചെയ്യുന്നു. അറസ്റ്റിനുള്ള കാരണം ഗ്രന്ഥകാരൻ പറയുന്നില്ല. അദ്ദേഹത്തെ അറസ്റ്റ് ചെയ്തിരിക്കുന്നു എന്നു് ആ വാർഡർമാർ പറഞ്ഞുവെങ്കിലും, അദ്ദേഹത്തിന്റെ സ്വാതന്ത്ര്യത്തിനു് അവർ ഒരു തടസ്സവും ഉണ്ടാക്കുന്നില്ല. അതിനാൽ തന്റെ ജോലിസ്ഥലമായ ബാങ്കിലേക്കു അദ്ദേഹം പോകുന്നു. കുറേദിവസം കഴിഞ്ഞതിനുശേഷം ഒരു കോടതിയുടെ മുമ്പാകെ ഹാജരാകുവാൻ അദ്ദേഹത്തിനു സമൻസ് കിട്ടുന്നു. അതനുസരിച്ച് അദ്ദേഹം കോടതിയിൽ ഹാജരാകുന്നു. താൻ നിരപരാധിയാണെന്ന് ശാഠ്യമായി വിശ്വസിച്ചിരുന്ന കേ. തദനുസരണം കോടതിയിൽ പെരുമാറുകയും, ഒരു സമരമനസ്ഥിതി കോടതിയിൽ പ്രദർശിപ്പിയ്ക്കുകയും ചെയ്യുന്നു. ഇതുനിമിത്തം പ്രാരംഭത്തിൽത്തന്നെ കോടതിയ്ക്കു കേ. യോടു് ഒരു പ്രതികൂല മനസ്ഥിതി ഉണ്ടാകുന്നു

ഈ നോവലിലെ ഒരു വിചിത്രസംഗതി എല്ലാമച്ചിൻ പുറങ്ങളിലും കോടതികൾ ഉണ്ടെന്നുള്ളതാണ്. ഈ കോടതികളിലെ അഴക്കും, ഇരുട്ടും, ശ്വാസംമുട്ടിയ്ക്കുന്ന അന്തരീക്ഷവും കഫ്കയജനകമാകുംവണ്ണം വിവരിയ്ക്കുന്നുണ്ട്. ക്രമേണ കേയിൽ

തന്റെ ധിക്കാരഭാവം കുറഞ്ഞുവരുകയും താൻ കാണുന്നവരെല്ലാം ഇവരെല്ലാവരും കേ, യെ വിസ്തരിച്ചുവന്ന കോടതിയോട്ട ഒരു വിധത്തിലല്ലെങ്കിൽ മറെറാരു വിധത്തിൽ ബന്ധപ്പെട്ടവരാണ്—തന്നെ ഒരു കേസിലെ പുള്ളിയായി പരിഗണിയ്ക്കുന്നുണ്ടെന്നു അദ്ദേഹം മനസ്സിലാക്കുകയും ചെയ്യുന്നു. ലായുടെ ശബ്ദംപോലും അറിയാത്തവരും; ബാലിശതപവും പ്രലോഭനങ്ങൾക്കു വശംവദരാകുന്ന ശീലവുമുള്ളവരുമായ ഈ കോടതിയിലെ ചെറിയ ഉദ്യോഗസ്ഥന്മാരുമായുള്ള കേ. യുടെ നിത്യസമ്പർക്കങ്ങളുടെ വർണ്ണനകളിൽനിന്നും, തന്റെ പരിതസ്ഥിതിയിൽ പരിവർത്തനം വരുത്തുവാൻ ശ്രമിക്കുന്ന ഒരു മനുഷ്യനെ നശിപ്പിക്കുവാൻ കച്ചകെട്ടിയിട്ടുള്ള ഒരു സംഘടന അവിടെ ഉണ്ടെന്നു വായനക്കാർക്കു ബോദ്ധ്യപ്പെടുന്നു. ഒടുക്കം കേ ഒരു വക്കീലിനെ തനിക്കുവേണ്ടി വാദിക്കാൻ ഏർപ്പെടുത്തുന്നു. ഈ വക്കീൽ തന്റെ കേസിനു സഹായമായിത്തീരുമോ എന്നും, അയാൾ ജഡ്ജിമാരെ കണ്ടു തന്റെ ഭാഗം വാദിക്കുന്നുണ്ടോ എന്നുമുള്ള കാര്യങ്ങളെപ്പററി കേ. ചിന്തിക്കുന്നില്ല. കലാകാരനും വൈദികനും മാത്രമേ കോടതിയിലെ ജഡ്ജിമാരുമായി സമ്പർക്കമുണ്ടാകുന്നുള്ളു എന്നു ആ നോവലിൽനിന്നു മനസ്സിലാക്കാം: ഈ കലാകാരനും വൈദികനുമായി കേ. വാദപ്രതിവാദം നടത്തുന്നു ഈ വാദപ്രതിവാദങ്ങളുടെ സ്വഭാവം സുഷ്ഠമാക്കുവാനായി ഒരു ഭാഗം തർജ്ജിമചെയ്തുവടേ ചേർക്കുന്നു—

"മനുഷ്യൻ നീതിന്യായം തേടിവരുകമാത്രമാണ് ചെയ്യുന്നത്. മുമ്പുതന്നെ നീതിന്യായവുമായി ബന്ധപ്പെട്ടിട്ടുള്ളവനാണ് കോടതിയുടെ ദ്വാരപാലൻ: നീതിന്യായമാണ് അയാളെ ആ ഉദ്യോഗത്തിലേക്കു നിയമിച്ചത്. അതിനാൽ അയാളെപ്പററി സംശയം തോന്നുന്നത" നീതിന്യായത്തെ സംശയിക്കുന്നതി

ന്തുലഭ്യമാണ്". എന്ന് വൈദികൻ പറഞ്ഞു. കേ: "ആ അഭിപ്രായത്തോട് ഞാൻ യോജിക്കുന്നില്ല. എന്തെന്നാൽ, അതിനെ സ്ഥിരീകരിക്കുന്നതായാൽ, ദ്വാരപാലൻ പറയുന്നതെല്ലാം സത്യമാണെന്ന് സമ്മതിക്കേണ്ടതായി വരും. അത് അസാദ്ധ്യമാണെന്ന് നിങ്ങൾതന്നെ സമ്മതിച്ചിട്ടുണ്ടല്ലൊ" വൈദികൻ: "വേണ്ട, പറയുന്നതെല്ലാം സത്യമാണെന്ന് വിചാരിയ്ക്കേണ്ടതില്ല; അതെല്ലാം അസത്യമാണെന്ന് സമ്മതിച്ചാൽ മതി." "ഇതൊരു വിഷാദകരമായ തീരുമാനമാണ്. കള്ളം പറയുന്നതിനെ ഇത് ഒരു സാർവ്വത്രികമായ തത്വമാക്കിച്ചമക്കുന്നു" എന്ന് അപ്പോൾ കേ. ഖണ്ഡിച്ചുപറഞ്ഞുവെങ്കിലും, അത് അദ്ദേഹത്തിന്റെ അവസാനത്തീർപ്പായിരുന്നില്ല"

ക്രമേണ കേ. യുടെ നില വളരെ അപകടപൂർണ്ണമായിത്തീർന്നു. ഒടുക്കം കോടതി അദ്ദേഹത്തെ വിധിശിക്ഷ അനുഭവിപ്പിച്ചു. ഇതോടുകൂടി നോവൽ അവസാനിക്കുകയും ചെയ്യുന്നു. അധഃപതിച്ചവനും, എന്നാൽ തത്ത്വമയത്തുതന്നെ കരയ്ക്കുകയറാൻ ശ്രമിക്കുന്നവനുമായ മനുഷ്യൻ എന്ന ജന്തുവിന്റെ ജീവിതത്തിന്റെ സാമാന്യമായ പോക്കിനെയാണ് ഈ നോവൽ പ്രതിരൂപേണ (Symbolically) ധ്വനിപ്പിക്കുന്നത്

മറ്റുതരം നോവലുകൾ

ഒരു പ്രദേശത്തിലെ ജീവിതരീതിയെമാത്രം വർണ്ണിക്കുന്നതിനു കൂടുതൽ പ്രാധാന്യം കല്പിച്ചുരചിക്കുന്ന നോവലുകൾക്കു പ്രാദേശിക നോവലെന്നും, സകല മനുഷ്യർക്കും താല്പര്യം തോന്നുന്ന സാമുദായിക ജീവിതത്തെ പൊതുവായി വിവരിക്കുന്ന സാധാരണനോവലിനു സർവ്വരാജ്യ നോവലെന്നും പേരുകൾ കൊടുക്കാവുന്നതാണ്. ഇന്നത്തെ പാശ്ചാത്യലോകത്തിലെ പ്രാദേശികനോവലുകൾക്കു ഉദാഹരണങ്ങളായി വെയിത്സിലെ ജീവിതരീതിയെ സാങ്കല്പാത്മകസാങ്കേതിക മാർഗ്ഗത്തിലൂടെ വർണ്ണിക്കുന്ന കാരഡോക്ക് ഇവാൻസിന്റെ കൃതികളും, സ്പെയിനിലെ ബാസ്ക് പ്രദേശത്തിലെ ജീവിതരീതിയെ സാങ്കല്പാത്മകമാർഗ്ഗേണ വർണ്ണിക്കുന്ന പിയോ ബരോജ എന്ന സ്പെയിൻകാരന്റെ കൃതികളും സർഡിനിയാദ്വീപിലെ ജീവിതരീതി വർണ്ണിക്കുന്ന ഗ്രാസിദെലെദ്ദ എന്ന ഇറ്റലിക്കാരിയുടെ നോവലുകളും എടുക്കാവുന്നതാണ്. ബോധപ്രവാഹ നോവൽ(Stream of Consciousness novel), കൺസ്യൂക് ഷണിസ്റ്റ്, അഥവാ സമുദായ നിർമ്മാണനോവൽ, പ്രൊലിട്ടേറിയൻ, അഥവാ ജനകീയ നോവൽ എന്ന മറ്റു മൂന്നുതരം നോവലുകളുടേയും ലക്ഷണങ്ങൾ മുൻലേഖനങ്ങളിൽ വിവരിച്ചിട്ടുള്ളതിനാൽ, അവയെ ഇവിടെ വിവരിക്കുന്നില്ല. ഈ തരങ്ങൾ കൂടാതെ, വലിയ സാഹിത്യമേന്മയൊന്നുമില്ലാത്ത പ്രക്ഷോഭകര നോവലുകളും പാശ്ചാത്യലോകത്തിൽ ഇന്നു രചിച്ചു വരുന്നുണ്ട്

Price Re. 1

SCHOLAR BOOKS

1. യുദ്ധവും സമാധാനവും — 15 ക.
(വിശ്വവിഖ്യാതനായ ലിയോ ടോൾസ്റ്റോയിയുടെ സുപ്രസിദ്ധ നോവൽ — മലയാളത്തിൽ) 2500 പേജ് 5 ഭാഗങ്ങളാം.

KERALA STATE

2. അന്നകരിനിന — 6 ക.
(ടോൾസ്റ്റോയിടെ പ്രശസ്തമായ മറ്റൊരു നോവൽ)

3. മോണ്ടിക്രിസ്റ്റോ — 8 ക.
(ലോകപ്രസിദ്ധനായ അലക്സാണ്ടർ ഡുമാസിന്റെ ഒന്നാം തരം നോവലിന്റെ തർജ്ജിമ) —

4. ടെസ്സ് — 2 ക.
(സുപ്രസിദ്ധ സാഹിത്യകാരനായ തോമസ് ഹാർഡിയുടെ ടെസ്സ് ഓഫ് ഡുർബർ വിൽസ് എന്ന നോവൽ

5. കൊച്ചുമ്മണി — നോവൽ — 1 ക.

6. മോളെന്റെ മോൻ നിന്റെ — 2 ക.
(ഇപ്പോയിടെ വളരെയേറെ വിമർശനങ്ങൾക്കിടയായിട്ടുള്ള ഒരു നോവൽ)

7. ലോകമതങ്ങളാം — 1 ക.
(ലോകത്തിലെ എല്ലാ മതങ്ങളെപ്പറ്റിയും അവയുടെ പഠനങ്ങളെപ്പറ്റിയും ഒരു സംക്ഷിപ്ത വിവരണം.

[All these Books by Sri Annie Joseph B. A.]

8. കുട്ടൻ (ഒരു ഡോക്ടരുടെ കഥ) — 2 ക.
9. പ്രതികാരം (മോപ്പസാങ്ങ്) — 8 ണ.
10. നാഴി മണ്ണ് (ടാറാപുരം സുകുമാരൻ) — 1 ക.
11. നിറങ്ങളാം (എം. പരമേശ്വരൻനായർ) — 1 ക.
12. ഇല്ലാപ്പോലീസ് (മുണ്ടശ്ശേരി) — 1 ക.
13. ഘോഷയാത്ര (തകഴി) — 1 ക.
14. സാഹിത്യപുരോഗതി — 1 ക.
15. നോവൽപ്രസ്ഥാനങ്ങളാം-എ. ബാലകൃഷ്ണപിള്ള 1ക.
16. രക്തസാക്ഷി (നല്ലൊരു നാടകം) — 1 ക.